# പുതിയനിയമ
# പഠനസഹായി

റ്റി. കെ. ഏബ്രഹാം

ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്
ന്യൂ ടെസ്റ്റമെന്റ് കമന്ററി
പി.ബി. നമ്പർ 8, ഏറ്റുമാനൂർ - 686 631, കേരള, ഇന്ത്യ

## ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃ പാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,

**റ്റി. കെ. ഏബ്രഹാം**

## അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

### 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

### ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. “നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു” (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: “മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു” (ലൂക്കൊ. 24:27,44).

### ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

### പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

### സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

### ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

യെഹൂദന്മാർ പെസഹപ്പെരുന്നാൾ എല്ലാ വർഷവും ആചരിച്ചിരുന്നു. മിസ്രയീമിലുള്ള അവരുടെ അടിമ ത്തത്തിൽനിന്നുള്ള വിടുതലിനെയാണ് പെസഹാ ഓർമ്മിപ്പിക്കുന്നത്. അവരുടെ വിടുതലിനായി ഒരു ആട്ടുകൊ റ്റൻ കൊല്ലപ്പെടേണ്ടിയിരുന്നു. ഈ കൊല്ലപ്പെട്ട ആട് ക്രിസ്തുവിന്റെ നിഴലാണ്. അപ്പൊസ്തലനായ പൗലൊസ് പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധേയമത്രെ: "നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു തന്നെ." ക്രിസ്തുവിന്റെ മരണം മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ അടിമത്തത്തിൽ നിന്നും വീണ്ടെടുക്കുവാനുള്ളതായിരു ന്നു. ഇനിയും ഒരു യാഗത്തിന്റെ ആവശ്യമില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും പാപമോചനം ലഭിക്കുന്നു.

### 4. ക്രിസ്തു സകലവും അറിയുന്നവൻ ആകുന്നു

പെസഹാ ഒരുക്കുവാനുള്ള സ്ഥലം കർത്താവിന് അറിയാമായിരുന്നു. ആ വിരിച്ചൊരുക്കിയ വന്മാളികയിൽ ശിഷ്യന്മാർ പെസഹാ ഒരുക്കി. അതിൽ സംബന്ധിക്കുവാൻ കർത്താവ് വാഞ്ഛയോടെ ആഗ്രഹിച്ചു. ഈ ഒടു ക്കത്തെ പെസഹാ ആചരണത്തിൽ പ്രത്യേകമായ അർത്ഥം കർത്താവു കണ്ടു. കർത്താവ് പാനപാത്രം എടുത്തു വാഴ്ത്തി ശിഷ്യന്മാർക്ക് കൊടുത്തു. ദൈവരാജ്യം വരുവോളം ഇനിയും കർത്താവ് പാനപാത്രത്തിൽ പങ്കുകൊ ള്ളുകയില്ല. കർത്താവിനെ ഒറ്റിക്കൊടുക്കുന്ന യൂദയെക്കുറിച്ച് അവൻ അറിവുള്ളവനായിരുന്നു. തന്നെ തള്ളിപ്പറയു വാൻ പോകുന്ന പത്രൊസിനെക്കുറിച്ചും കർത്താവിന് അറിയാം. ബലഹീനരായ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥി ക്കുവാൻ കർത്താവ് മനസ്സുള്ളവനായിരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ അന്യോന്യം ശുശ്രൂഷിക്കുന്നവർ ആയി രിക്കണം എന്ന് ഉപദേശിച്ചു. ശിഷ്യന്മാർക്ക് കർത്താവ് അപ്പവും വീഞ്ഞും വാഴ്ത്തിക്കൊടുത്തുകൊണ്ട് കർത്തൃ മേശ സ്ഥാപിച്ചു. അപ്പം തന്റെ തകർക്കപ്പെട്ട ശരീരത്തെയും വീഞ്ഞ് തന്റെ ചൊരിയപ്പെട്ട രക്തത്തെയും കാണി ക്കുന്നു. അത് ആചരിക്കുമ്പോൾ നാം കർത്താവിന്റെ ക്രൂശുമരണത്തെ ഓർക്കുന്നവർ ആകണം. അവന് നമ്മോ ടുള്ള സ്നേഹവും ദയയും ഓർത്തുകൊണ്ട് നാം കർത്താവിനെ ആരാധിക്കണം. നാം മറവിയുള്ളവർ ആണെന്ന് കർത്താവിനറിയാം. അതുകൊണ്ടു കൂടെയാണ് നാം കർത്തൃമേശ ക്രമമായി ആചരിക്കണം എന്ന് കൽപ്പിച്ചിരി ക്കുന്നത്.

### 5. ക്രിസ്തു ഗെത്ത്ശെമന തോട്ടത്തിൽ

ഒലിവുമലയുടെ പടിഞ്ഞാറെ ചരിവിലാണ് ഈ തോട്ടം സ്ഥിതിചെയ്തിരുന്നത്. കർത്താവും ശിഷ്യന്മാരും സാധാരണ അവിടെ പ്രാർത്ഥിക്കുവാൻ പോകുമായിരുന്നു. കർത്തൃമേശ ആചരിച്ചതിനുശേഷം അവർ ഗെത്ത് ശെമന തോട്ടത്തിലേക്ക് പോയി. അവിടെ വച്ച് കർത്താവ് ശിഷ്യന്മാരോട് 'പരീക്ഷ യിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിപ്പിൻ' എന്നു പറഞ്ഞു. താൻ അവരെ വിട്ട് ഒരു കല്ലേറു ദൂരത്തോളം പോയി പ്രാർത്ഥിച്ചു: "പിതാവേ, നിനക്കു മന സ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് നീക്കണമേ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ." ഈ പ്രാർത്ഥനയിൽ ഉൾക്കൊണ്ടി രിക്കുന്ന ആശയം മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായിട്ട് ക്രിസ്തുവിന്റെ മരണം അല്ലാതെ മറ്റു മാർഗ്ഗം ഉണ്ടെങ്കിൽ മരണത്തിൽനിന്നും വിടുവിക്കണമേ എന്നാകുന്നു. എന്നാൽ സ്വർഗ്ഗം മൗനം അവലംബിച്ചു. ക്രിസ്തു പിതാവിന്റെ ഹിതത്തിനായി പൂർണ്ണമായി തന്നെ സമർപ്പിച്ചു. ക്രൂശുമരണ ത്തെക്കുറിച്ചുള്ള ചിന്ത കർത്താവിന്റെ മനുഷ്യശരീരത്തെ ബലഹീനമാക്കി. അവൻ പ്രാണവേദന അനുഭവിച്ചു. അവന്റെ വിയർപ്പ് രക്തത്തുള്ളികൾപോലെയായി. അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്നും ഒരു ദൂതൻ പ്രത്യക്ഷ നായി. ഗെത്ത്ശെമനയിലെ അനുഭവം കർത്താവിന്റെ ക്രൂശുമരണത്തിനായുള്ള ഒരുക്കം മാത്രമായിരു ന്നു. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷയെക്കുറിച്ചുള്ള ചിന്ത നമ്മുടെ കർത്താവിനെ തകർത്തുകളഞ്ഞു. ഇത്രമാത്രം നമ്മെ സ്നേഹിച്ച കർത്താവിനെ നാം സ്നേഹിക്കുന്നവർ ആണോ? അവൻ ഒരുക്കിയ രക്ഷ എങ്ങനെ നമുക്ക് നിരസിക്കുവാൻ കഴിയും?

### 6. യേശുവിനെ യൂദാ ഇസ്കര്യോത്താ ഒറ്റിക്കൊടുത്തു

യൂദാ കർത്താവിനെ മുപ്പത് വെള്ളിക്കാശിന് ഒറ്റിക്കൊടുക്കുവാൻ നേരത്തെ തന്നെ സമ്മതിച്ചിരുന്നതാണ്. ഗെത്ത്ശെമനയിൽ കർത്താവും ശിഷ്യന്മാരും ആയിരുന്നപ്പോൾ അവൻ കർത്താവിനെ ചുംബനംകൊണ്ട് കാണി ച്ചുകൊടുത്തു. യേശു അവനോട്, "യൂദയേ, മനുഷ്യപുത്രനെ ചുംബനം കൊണ്ടോ കാണിച്ചുകൊടുക്കുന്നത്"എന്ന് പറഞ്ഞു. ശിഷ്യന്മാരിൽ ഒരുത്തൻ മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ കാത് അറുത്തു. കർത്താവ് അവന്റെ കാതു തൊട്ടു സൗഖ്യമാക്കി. വാളുകൊണ്ട് വെട്ടിയവനോട്, "വാൾ ഉറയിൽ ഇടുക, വാൾ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചുപോകും" എന്നു പറഞ്ഞു (മത്താ. 26:52). നമ്മുടെ കർത്താവിന്റെ സ്നേഹവും കരു ണയും കരുതലും ഇവിടെ നാം കാണുന്നു. ക്രിസ്തു അക്രമണത്തിന് എതിരെ ഉപദേശിച്ചു. ശത്രുക്കളെ സ്നേഹി ക്കുവാൻ താൻ ശിഷ്യന്മാരെ പഠിപ്പിച്ചു (മത്താ. 5:44). വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിച്ചുകൊടുക്കുവാൻ നിയോഗം ലഭിച്ചവരാണ് ക്രിസ്തുവിന്റെ ശിഷ്യ ന്മാർ. ക്രിസ്തുമാർഗ്ഗം സന്തോഷത്തി ന്റെയും സമാധാനത്തിന്റെയും മാർഗ്ഗമാണ്. തന്നെ പിടിക്കുവാൻ വന്നവരോട്, "ഒരു കള്ളന്റെ നേരെ എന്നപോലെ നിങ്ങൾ വാളും വടിയുമായി എന്റെ നേരെ വന്നതെന്തെ"ന്ന് ചോദിച്ചു. കർത്താവ് സ്വയം അവർക്ക് ഏൽപ്പിച്ചുകൊ ടുത്തു. അപ്പോൾ അർദ്ധരാത്രിയായിരുന്നു.

### 7. ക്രിസ്തു മതകോടതിയുടെ മുമ്പിൽ

ക്രിസ്തുവിന്റെ മതകോടതിയുടെ വിസ്താരത്തിന് മൂന്ന് ഘട്ടങ്ങൾ ഉണ്ട്. ഒന്നാമതായി കർത്താവ് മഹാപുരോഹിതനായ ഹന്നാവിന്റെ മുമ്പാകെ വിസ്തരിക്കപ്പെട്ടു. രണ്ടാമതായി കയ്യഫാവിന്റെ മുമ്പിലും. അവസാനമായി ന്യായാധിപസംഘത്തിന്റെ മുമ്പാകെയും കർത്താവിനെ വിസ്തരിച്ചു. പടയാളി കൾ കർത്താവിനെ പരിഹസിച്ചു. കണ്ണുകെട്ടി തല്ലിയതിനുശേഷം 'നിന്നെ തല്ലിയവൻ ആര്' എന്ന് പരിഹാസത്തോടെ ചോദിച്ചു. സ്നേഹവാനായ കർത്താവ് പാപികളാൽ തനിക്ക് നേരിട്ട വിരോധം സന്തോഷത്തോടെ സഹിച്ചു. അതിരാവിലെ യേശുവിനെ ന്യായാധിപസംഘത്തിന്റെ മുൻപിൽ കൊണ്ടുവന്നു. അവർ കർത്താവിനോട്, "നീ ക്രിസ്തു എങ്കിൽ ഞങ്ങളോട് പറക" എന്ന് പറഞ്ഞു. കർത്താവ് അവരുടെ കാപട്യം അറിഞ്ഞിരുന്നു. അവർ ക്രിസ്തുവിൽ വിശ്വസിക്കുവാൻ മനസ്സുള്ള വർ ആയിരുന്നില്ല. മനുഷ്യ പുത്രൻ ദൈവശക്തിയുടെ വലതുഭാഗത്ത് ഇരിക്കുന്നത് അവർ കാണുന്ന ദിവസം വരുന്നു എന്ന് കർത്താവ് അവരോടു പറഞ്ഞു. തുടർന്ന് ന്യായാധിപ സംഘം "നീ ദൈവപുത്രൻ തന്നെയോ" എന്ന് യേശുവിനോട് ചോദിച്ചു. "ഞാൻ ആകുന്നു" എന്ന് കർത്താവ് മറുപടി പറഞ്ഞു. യെഹൂദന്മാരുടെ ന്യായപ്രമാണപ്രകാരം അത് ദൈവദൂഷണം ആണ്. അതിനുള്ള ശിക്ഷ മരണം ആകുന്നു. എന്നാൽ യെഹൂദന്മാർക്ക് അതിനുള്ള അധികാരം ഇല്ലായിരുന്നു. അവർ റോമൻ ഭരണത്തിൻ കീഴിലായിരുന്നു കഴിഞ്ഞത്. അതുകൊണ്ട് യേശുവിനെ റോമൻ ഗവർണ്ണറായ പീലാത്തോസിന്റെ മുമ്പാകെ കൊണ്ടുപോയി. അവർ യേശുവിന്റെ നേരെ രാഷ്ട്രീയ കുറ്റം ആരോപിച്ചു.

### 8. ക്രിസ്തു പീലാത്തോസിന്റെ മുൻപിൽ

പീലാത്തോസിന്റെ മുൻപിൽ അവർ ക്രിസ്തുവിനെതിരെ മൂന്ന് കുറ്റങ്ങൾ ആരോപിച്ചു. 'ഇവൻ ഞങ്ങളുടെ ജാതിയെ മറിച്ചുകളയുന്നു.' 'താൻ ക്രിസ്തു എന്ന രാജാവാകുന്നു എന്നു പറഞ്ഞു.' 'കൈസർക്ക് കരംകൊടുക്കുന്നത് വിരോധിക്കുന്നു.' പീലാത്തോസ് യേശുവിനോട്, "നീ യെഹൂദന്മാരുടെ രാജാവോ" എന്ന് ചോദിച്ചു. "ഞാൻ ആകുന്നു" എന്ന് അവൻ ഉത്തരം പറഞ്ഞു. കർത്താവിനോട് സംസാരിച്ച ശേഷം പീലാത്തോസ് പുറത്തുവന്ന് "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല" എന്നു പറഞ്ഞു (യോഹ. 18:33-38). അപ്പോൾ പുരുഷാരം "അവൻ ഗലീലയിൽ തുടങ്ങി യെഹൂദ്യയിൽ എങ്ങും ഇവിടെയും പഠിപ്പിച്ചു ജനത്തെ കലഹിപ്പിക്കുന്നു" എന്നു പറഞ്ഞു. ഗലീല അന്ന് ഹെരോദാവിന്റെ അധികാരത്തിൽ ഉൾപ്പെട്ട പ്രദേശം ആയിരുന്നതിനാൽ യേശുവിനെ അവന്റെ അടുക്കൽ അയച്ചു. ഇവിടെ നാം ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ ഉണ്ട്. ഏതാനും ദിവസങ്ങൾക്ക് മുൻപ് യേശുവിന് ഹോശന്നാ പാടിയവരാണ് ഇന്ന് അവനെ കുറ്റപ്പെടുത്തുന്നത്. അവർ കർത്താവിന്റെ ഉപദേശങ്ങളിൽ വിസ്മയിച്ചവരാണ്. എന്നാൽ അവരുടെ വിസ്മയത്തിൽ വിശ്വാസം ഉണ്ടായിരുന്നില്ല. ആ പുരുഷാരം അവനെ ക്രൂശിക്കുവാൻ ആർത്തുവിളിച്ചു. ഇന്നും ബൈബിളിനെയും ക്രിസ്തുവിനെയും കുറിച്ച് കേൾക്കുമ്പോൾ വിസ്മയിക്കുകയും ക്രിസ്തുവിനെ ക്രൂശിക്കുവാൻ ആർത്തുവിളിക്കുകയും ചെയ്യുന്ന പുരുഷാരം ഇല്ലേ? നമുക്ക് ക്രിസ്തുവിനോടുള്ള ബന്ധം എങ്ങനെയുള്ളതെന്ന് പരിശോധിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഹെരോദാവ് യേശുവിനെ കണ്ടിട്ട് അത്യന്തം സന്തോഷിച്ചു. മതനേതാക്കന്മാർ അവനെ കുറ്റംചുമത്തിയത് കേട്ടു. അതിന്റെ ശേഷം യേശുവിനെ പരിഹസിച്ചു. അവൻ ചെയ്യുന്ന അടയാളങ്ങൾ കാണുവാൻ ആഗ്ര ഹിച്ചു. പിന്നെ അവനെ പീലാത്തോസിന്റെ അടുക്കലേക്ക് അയച്ചു. ഹെരോദാവ് കർത്താവിനോട് വളരെ ചോദിച്ചിട്ടും അവൻ അവനോട് ഉത്തരം ഒന്നും പറഞ്ഞില്ല എന്നുള്ളത് ശ്രദ്ധേയമത്രെ. ശത്രുക്കളായിരുന്ന പീലാത്തോസും ഹെരോദാവും തമ്മിൽ അന്നുമുതൽ സ്നേഹിതരായി. ഇന്നും ക്രിസ്തുമാർഗ്ഗത്തെ ഉപദ്രവിക്കുവാൻ, ബദ്ധശത്രുക്കൾ സ്നേഹബന്ധം സ്ഥാപിക്കുന്നത് കാണാം. എന്നാൽ ദൈവമക്കൾ നന്മചെയ്യുവാൻ ഐകമത്യപ്പെടുന്നില്ല എന്നുള്ളത് ഒരു ദുഃഖസത്യമാകുന്നു.

### 9. പീലാത്തോസ് യേശുവിനെ മരണത്തിന് വിധിച്ചു

യേശുവിനെ പീലാത്തോസ് നാലുപ്രാവശ്യം, അവൻ നിർദ്ദോഷിയാകുന്നു എന്ന് പ്രസ്താവിക്കുന്നു. എന്നാൽ അവൻ ജനത്തെ ഭയപ്പെടുകയാൽ യേശുവിനെ വെറുതെ വിട്ടില്ല. പീലാത്തോസ് മഹാപുരോഹിതന്മാരെയും പ്രമാണികളെയും ജനത്തെയും വിളിച്ചുകൂട്ടി, യേശുവിനെ വിസ്തരിച്ച ശേഷം താനും ഹെരോദാവും അവനിൽ ഒരു കുറ്റവും കണ്ടില്ല എന്നുപറഞ്ഞു. യേശുവിനെ അടിപ്പിച്ചു വിട്ടയയ്ക്കുവാൻ പീലാത്തോസ് ആഗ്രഹിച്ചു. യെഹൂദന്മാർക്ക് അത് സ്വീകാര്യമായിരുന്നില്ല. 'യേശുവിനെ ക്രൂശിക്ക, ക്രൂശിക്ക' എന്ന് അവർ നിലവിളിച്ചു. കലഹവും കൊലയും ഹേതുവായി തടവിലായിരുന്ന ബറബ്ബാസിന് അവർ ക്രിസ്തുവിനേക്കാൾ വില നൽകി. അവരുടെ അപേക്ഷ ഫലിച്ചു. പീലാത്തോസ് ബറബ്ബാസിനെ വിട്ടുകൊടുക്കുകയും യേശുവിനെ അവരുടെ ഇഷ്ടപ്രകാരം ക്രൂശിക്കുവാൻ ഏല്പിച്ചു കൊടുക്കുകയും ചെയ്തു. ബറബ്ബാസ് മോചിതനാകുവാൻ പരിശുദ്ധനായ ദൈവപുത്രൻ ക്രൂശിക്കപ്പെടേണ്ടത് ആവശ്യമായിരുന്നു. പ്രിയ സ്നേഹിതരേ, നമ്മെ പാപത്തിന്റെ ശിക്ഷയിൽനിന്നും വിടുവിക്കുവാൻ ക്രിസ്തു മരണം ആസ്വദിച്ചു. ആ കർത്താവിനെ വിശ്വാസത്താൽ രക്ഷകനായി അംഗീകരിക്കുവാൻ കഴിയുന്നതിനേക്കാൾ വലിയ ഭാഗ്യം മറ്റൊന്നില്ല.

## അദ്ധ്യായം 12

# ക്രിസ്തുവിന്റെ മരണം

**വായനഭാഗം: 23:26-56**

അതൊരു വെള്ളിയാഴ്ച ദിവസം ആയിരുന്നു. പീലാത്തോസ് നിർദ്ദോഷിയായ യേശുവിനെ യെഹൂദരുടെ ഇഷ്ടത്തിന് ഏല്പിച്ചുകൊടുത്തു. പട യാളികൾ അവനെ ക്രൂശിക്കുവാൻ കൊണ്ടുപോയി. ക്രിസ്തുവിനെ ക്രൂശി ക്കേണ്ടതിന് ഏൽപ്പിച്ചത് ഒരു യാദൃച്ഛിക സംഭവമല്ല. അപ്പൊ. പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ പത്രൊസിന്റെ പ്രസംഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് "നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏൽപ്പിച്ചിട്ട്, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചുകൊന്നു" എന്നത്രെ. ഇവിടെ ദൈവം ഏല്പിച്ചുകൊടുത്തു എന്നാണ് പരിശുദ്ധാത്മാവ് പത്രൊസ് മൂലം പ്രസ്താവിച്ചത്. തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രൻ എന്ന് പൗലൊസപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നു (ഗലാ. 2:20). നിത്യാത്മാവിനാൽ അർപ്പിച്ച ക്രിസ്തു എന്ന് എബ്രായ ലേഖനം 9-ാം അദ്ധ്യായത്തിൽ കാണുന്നു. അങ്ങനെ ത്രിയേകദൈവം നമ്മുടെ രക്ഷയ്ക്കുവേണ്ടി ഒരുക്കിയ കാൽവറിയിലെ ക്രൂശിലേക്കുള്ള ക്രിസ്തുവിന്റെ യാത്ര എത്ര അത്ഭുതകരമാണ്.

## 1. ക്രിസ്തു പടയാളികളാൽ നിന്ദിക്കപ്പെട്ടു

പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിശുദ്ധനുമായ ദൈവപുത്രൻ ക്രൂരന്മാരായ പടയാളികളാൽ നിന്ദിതനും നിസ്സാരനുമായിത്തീർന്നു. അവർ അവന്റെ വസ്ത്രമഴിച്ച് ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. ആ ചുവന്ന മേലങ്കി പാപത്തെ കാണിക്കുന്നു. പാപികളായ നമ്മെ, തന്റെ നീതി എന്ന അങ്കി ഉടുപ്പിക്കുവാൻ കർത്താവ് ഇതൊക്കെയും സഹിച്ചു (യെശ. 1:18, 2 കൊരി. 5:21). മുള്ളു കൊണ്ട് ഒരു കിരീടം മെടഞ്ഞ് അവന്റെ തലമേൽ വച്ചു, വലംകയ്യിൽ ഒരു കോലും കൊടുത്ത് അവന്റെ മുമ്പിൽ മുട്ടുകുത്തി "യെഹൂദന്മാരുടെ രാജാവേ, ജയ ജയ" എന്ന് പരിഹസിച്ചു പറഞ്ഞു. പിന്നെ അവന്റെ മേൽ തുപ്പി. കോലു കൊണ്ട് അവന്റെ തലയിൽ അടിച്ചു. അവനെ പരിഹസിച്ചുതീർന്നപ്പോൾ മേലങ്കി നീക്കി സ്വന്തവസ്ത്രം ധരിപ്പിച്ചു ക്രൂശിപ്പാൻ കൊണ്ടുപോയി. നമ്മുടെ പാപങ്ങൾ മോചിക്കുവാൻ, നമ്മെ ദൈവസന്നിധിയിൽ മാന്യത ഉള്ളവർ ആക്കുവാൻ കർത്താവ് പാപികളാലുള്ള വിരോധം മുഴുവനായി സഹിച്ചു. ആ നല്ല നാഥനെ സ്നേഹിക്കുവാനും ധ്യാനിക്കുവാനും നമുക്കിടയാകട്ടെ.

## 2. ഗൊല്ഗോഥയിലേക്ക് പോകുന്ന ക്രിസ്തു

പടയാളികൾ കർത്താവിനെ കഠിനമായി ഉപദ്രവിക്കുകയും പരിഹസിക്കുകയും ചെയ്തശേഷം താൻ തന്നെ ക്രൂശു ചുമന്നുകൊണ്ട് പോകുവാൻ നിർബന്ധിച്ചു. അവൻ അങ്ങനെ ഗൊല്ഗോഥയിലേക്ക് മന്ദംമന്ദം ക്രൂശു ചുമന്നു കൊണ്ട് നടന്നു. ബലഹീനനായ കർത്താവിന് ക്രൂശു ചുമക്കുവാൻ കഴിയാതിരുന്നതുകൊണ്ടായിരിക്കാം കുറേനക്കാരനായ ശീമോൻ ക്രൂശ് ചുമപ്പാൻ നിർബന്ധിക്കപ്പെട്ടത്. ശീമോന്റെ രണ്ട് പുത്രന്മാർ ക്രിസ്തുവിന്റെ ശിഷ്യന്മാരായി പിൽക്കാലത്ത് തീർന്നു എന്നുള്ളത് ശ്രദ്ധേയമത്രെ (മർക്കൊ. 15:21). നാം കർത്താവിനുവേണ്ടി ചെയ്യുന്ന പ്രവൃത്തികൾ വരും തലമുറകൾ അനുഗ്രഹിക്കപ്പെടുവാൻ കാരണമാകും. തലയോടിടം എന്നർത്ഥമുള്ള ഗൊല്ഗോഥയിലെത്തിയപ്പോൾ അവർ കർത്താവിനു കൈപ്പുകലർത്തിയ വീഞ്ഞ് കുടിപ്പാൻ കൊടുത്തു. ഒരു തരത്തിലുള്ള മയക്കുമരുന്നായിരുന്നു അത്. അത് കുടിപ്പാൻ കർത്താവിന് മനസ്സായില്ല. പാപത്തിന്റെ ശിക്ഷ സുബോധത്തോടെ അവൻ നമുക്കുവേണ്ടി അനുഭവിച്ചു.

## 3. ക്രിസ്തുവിന്റെ പീഡ

പാപരഹിതനായ ക്രിസ്തുവിന്റെ കാലുകളും കരങ്ങളും നീളമുള്ള ആണികൾകൊണ്ട് ക്രൂശിൽ തറച്ച ശേഷം ആഴമുള്ള കുഴിയിലേക്ക് അതിട്ടു. അപ്പോൾ അവന്റെ കൈകാൽ ബന്ധങ്ങൾ അതിവേദന അനുഭവിച്ചിരി ക്കണം. പടയാളികൾ ചീട്ടിട്ട് അവന്റെ വസ്ത്രം പകുത്തെടുത്തു. വലത്തും ഇടത്തുമായി രണ്ട് കള്ളന്മാരെയും അവനോടുകൂടെ ക്രൂശിച്ചു. കടന്നുപോകുന്നവർ അവനെ ദുഷിക്കുകയും പരിഹസിക്കുകയും ചെയ്തു. കള്ളന്മാരും അവനെ നിന്ദിച്ചു. ക്രൂശിൽ കിടന്നു വേദനയും പരിഹാസവും അനുഭവിക്കുമ്പോഴും ക്രിസ്തുവിൽനിന്നും പുറപ്പെട്ട വാക്കുകൾ ആരെയും ആകർഷിക്കുവാൻ മതിയായതാണ്. "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കണമേ." ക്രൂശിൽ കിടന്നുകൊണ്ട്, കരയുന്ന സ്ത്രീകളെ അവൻ ആശ്വസിപ്പിച്ചു. തന്റെ മാതാവിനെ പരിപാലിക്കുവാനുള്ള ഉത്തരവാദിത്വം യോഹന്നാനെ ഏൽപ്പിച്ചു. ക്രിസ്തുവിൽനിന്നും പുറപ്പെട്ട വാക്കുകൾ തന്നോടുകൂടെ ക്രൂശിക്കപ്പെട്ട ഒരു കള്ളനിൽ രൂപാന്തരം സൃഷ്ടിച്ചു. അവൻ യേശുവിനോട്, "നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ" എന്നപേക്ഷിച്ചു. യേശു അവനോട്, "ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" എന്നു പറഞ്ഞു. കള്ളൻ കർത്താവിന്റെ പ്രായശ്ചിത്തമരണത്തിലും ഉയിർത്തെഴുന്നേല്പിലും വിശ്വാസമുള്ളവൻ ആയിരുന്നു. തന്നിൽ വിശ്വസിക്കുന്ന ഏത് മഹാപാപിയെയും രക്ഷിക്കുവാൻ ക്രിസ്തു മനസ്സുള്ളവൻ ആകുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മരിക്കുമ്പോൾ ദണ്ഡനസ്ഥലത്തേക്കല്ല പ്രത്യുത കർത്താവിന്റെ സന്നിധിയിലേക്കാണ് പോകുന്നത്. അത് സ്വർഗ്ഗീയ സന്തോഷം പ്രദാനം ചെയ്യും. ക്രൂശിൽ കിടന്ന കള്ളൻ ക്രിസ്തുവിൽ വിശ്വസിക്ക മാത്രം ചെയ്തു. രക്ഷയ്ക്ക് അടിസ്ഥാനമായിരിക്കുന്നത് ക്രിസ്തുവിലുള്ള വിശ്വാസം മാത്രമാണ്.

### 4. ക്രിസ്തുവിന്റെ മരണവിധം

കർത്താവ് ക്രൂശിൽ ആറ് മണിക്കൂർ നേരം കഷ്ടം അനുഭവിച്ചു. ഏകദേശം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെ. ക്രിസ്തു കഷ്ടം അനുഭവിച്ചതുപോലെ മറ്റൊരുത്തരും കഷ്ടം അനുഭവിച്ചിട്ടില്ല. നാം പാപത്തിന്റെ ഫലമായി ശാപവും കഷ്ടവും സഹിക്കുന്നു. എന്നാൽ ക്രിസ്തു ദൈവപുത്രനും പാപരഹിതനും ആകുന്നു. അവൻ പാപം അറിഞ്ഞിട്ടില്ല (2 കൊരി. 5:21). അവൻ പാപം ചെയ്തിട്ടില്ല (1 പത്രൊ. 2:22). അവനിൽ പാപമില്ല (1 യോഹ. 3:6).

എങ്കിലും അവൻ നമുക്കുവേണ്ടി പാപമാക്കപ്പെട്ടു. മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്ന നമ്മെ വിടുവിക്കാൻ ക്രിസ്തു മനുഷ്യനായി അവതരിച്ചു. നമ്മെ ദൈവമക്കൾ ആക്കുവാൻ നമ്മുടെ രക്ഷാനായകൻ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായി (എബ്രാ. 2:10–15).

ദൈവപുത്രൻ തച്ചന്റെ മകൻ എന്ന് വിളിക്കപ്പെട്ടു. ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്ന് അവൻ അറിയപ്പെട്ടു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം അവനെ മരണത്തിന് ഏൽപ്പിച്ചു. ഒരു ഭക്തൻ പാടിയത് ക്രിസ്തുവിന്റെ ദണ്ഡനങ്ങളുടെ കാഠിന്യം വ്യക്തമാക്കുന്നു:

"വർണ്യമല്ല ദേവാ, തവ ദണ്ഡനങ്ങൾ ഭൂഭാഷയിൽ
പൂർണ്ണമായി ഗ്രഹിപ്പാനുമീ മന്നിലില്ലയാരും ദൃഢം."

അവസാനത്തെ മൂന്നു മണിക്കൂറുകളിൽ കർത്താവ് അനുഭവിച്ച വ്യഥ അതിഭയങ്കരമായിരുന്നു. ഏകദേശം ഉച്ചയ്ക്ക് 12 മണി മുതൽ 3 മണി നേരം വരെ ദേശത്ത് ഒക്കെയും അന്ധകാരം വ്യാപിച്ചു. പിതാവ് പുത്രനെ മറന്ന മണിക്കൂറുകൾ ആയിരുന്നു അത്. യെഹൂദന്മാരുടെ ദൈവാലയത്തിലെ തിരശ്ശീല നടുവേ ചീന്തിപ്പോയി. ഇത് ചൂണ്ടിക്കാണിക്കുന്നത് ദൈവസന്നിധിയിലേക്കുള്ള പ്രവേശനം ക്രിസ്തു തുറന്നുതന്നിരിക്കുന്നു എന്നത്രെ. മതത്തിന്റെ ആചാരങ്ങളും ചടങ്ങുകളും അതിന് ഇനിയും ആവശ്യമില്ല. ലോകത്തിന്റെ പാപം ക്രിസ്തു ചുമന്ന മണിക്കൂറുകൾ ആയിരുന്നു അത്. ക്രിസ്തു അവിടെ കിടന്നുകൊണ്ട് "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്" എന്നപേക്ഷിച്ചു. എന്നാൽ അതിന് സ്വർഗ്ഗത്തിൽനിന്നും മറുപടി ഉണ്ടായില്ല. ഒടുവിൽ യേശു അത്യുച്ചത്തിൽ "പിതാവേ, ഞാൻ എന്റെ ആത്മാ വിനെ തൃക്കയ്യിൽ ഏൽപ്പിക്കുന്നു"വെന്ന് നിലവിളിച്ചുപറഞ്ഞു. അങ്ങനെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുള്ളതെല്ലാം നിവർത്തിച്ച ശേഷം ക്രിസ്തു പ്രാണനെ വിട്ടു. ക്രൂശിൽ മരിക്കുമ്പോഴും കർത്താവ് അധികാരം ഉള്ളവൻ ആയിരുന്നു. ഇത് കണ്ട ശതാധിപൻ "ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു"വെന്ന് സാക്ഷിച്ചു. ക്രിസ്തുവിന്റെ മരണംപോലെ ഒരു മരണം ഉണ്ടായിട്ടില്ല. ക്രൂശിൽ കർത്താവ് സർവ്വലോകത്തിന്റെയും പാപത്തിനുള്ള ശിക്ഷ സഹിച്ചു. ദൈവസ്നേഹം പാപിയുടെ നേർക്ക് ചിറപ്പൊട്ടിയൊഴുകിയ മണിക്കൂറുകൾ ആയിരുന്നു അത്.

### 5. ക്രിസ്തുവിന്റെ അടക്കം

ക്രിസ്തുവിന് അനേകം ശിഷ്യന്മാർ ഉണ്ടായിരുന്നു. അവരിൽ ഒരുവനായിരുന്നു അരിമഥ്യയിലെ യോസേഫ്. അവൻ നല്ലവനും നീതിമാനും ദൈവരാജ്യത്തെ കാത്തിരുന്നവനുമായ ഒരു മന്ത്രിയായിരുന്നു. ക്രിസ്തുവിന്റെ രഹസ്യശിഷ്യനായിട്ടാണ് ഇതുവരെ കഴിഞ്ഞത്. ന്യായാധിപസംഘത്തിന്റെ തീരുമാനങ്ങളോട് അവനു യോജിപ്പില്ലായിരുന്നു. അവൻ പീലാത്തൊസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. തന്റെ ഗുരുവിന് മാന്യമായ ഒരു സംസ്കാരം നല്കുവാൻ അവന്റെ ഹൃദയം തുടിച്ചു. പീലാത്തൊസ് അനുവാദം നല്കി. യോസേഫ് യേശുവിന്റെ ശരീരം ക്രൂശിൽനിന്നും ഇറക്കി ഒരു ശീലയിൽ പൊതിഞ്ഞു. മറ്റൊരു ശിഷ്യനായിരുന്ന നിക്കൊദേമൊസ് ഏകദേശം നൂറ് റാത്തൽ മൂറും അകിലും കൊണ്ടുള്ള സുഗന്ധവർഗ്ഗം കൊണ്ടുവന്നു. അവർ യേശുവിന്റെ ശരീരം ബഹുമാനപുരസ്സരം അതിൽ പൊതിഞ്ഞു കെട്ടി. ആരെയും വെച്ചിട്ടില്ലാത്ത പുതിയ കല്ലറയിൽ യേശുവിന്റെ ശരീരം അടക്കി. ഗലീലയിൽനിന്നുള്ള സ്ത്രീകൾ അതിന് സാക്ഷിനിന്നു. മതനേതാക്കളുടെ ആവശ്യപ്രകാരം കല്ലറയ്ക്ക് മുദ്രവെക്കുകയും കാവൽ കൂട്ടത്തെ നിറുത്തി ഉറപ്പാക്കുകയും ചെയ്തു.

### 6. ക്രിസ്തുവിന്റെ ക്രൂശുമരണം നിസ്തുല്യമാകുന്നു

പാപത്തിന്റെ ശിക്ഷയാകുന്നു മരണം. ക്രിസ്തു പാപരഹിതൻ ആകയാൽ മരിക്കേണ്ട ആവശ്യം ഇല്ല. എന്നാൽ ലോകത്തിന്റെ പാപത്തിന് പരിഹാരം വരുത്തുവാൻ ജനിച്ച ക്രിസ്തു ലോകസ്ഥാപനത്തിന് മുൻപേ അറുക്കപ്പെട്ട കുഞ്ഞാടാണ്. അവൻ ജനിച്ചത് നമുക്കുവേണ്ടി മരിക്കുവാനാണ്. "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമർ 5:8). ആ സ്നേഹത്തിന്റെ മുൻപിൽ നമ്മുടെ തലകളെ വണക്കാം.

### 7. ക്രിസ്തുവിന് നീതിയുള്ള വിചാരണ ലഭിച്ചില്ല

ക്രിസ്തുവിന്റെ അറസ്റ്റിലും വിചാരണയിലും യെഹൂദനിയമങ്ങൾ ലംഘിച്ചിരുന്നു എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

1. മരണശിക്ഷയ്ക്ക് അറസ്റ്റ് ചെയ്യുന്നത് രാത്രിയിൽ ആയിരിക്കരുത്.
2. അറസ്റ്റ് ചെയ്യുന്നത് തെളിവിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം.
3. സാക്ഷികളുടെ മുമ്പാകെ വിചാരണ ചെയ്ത ശേഷം രണ്ട് ദിവസങ്ങൾ കഴിഞ്ഞു മാത്രമേ വിധി പ്രസ്താവിക്കാവൂ.
4. ന്യായാധിപസംഘത്തിലുള്ള എല്ലാവരും സമ്മതിച്ചു മാത്രമേ വിധി പ്രസ്താവിക്കാവൂ.

നമ്മുടെ കർത്താവിന്റെ വിചാരണയിൽ ഈ നിയമങ്ങളെല്ലാം ലംഘി ച്ചിരുന്നു. അവൻ പാപികളാലുള്ള വിരോധം അങ്ങനെ നമുക്കുവേണ്ടി സഹിച്ചു.

## 8. ക്രിസ്തുവിന്റെ മരണം പ്രവചനനിവൃത്തിയായിരുന്നു

1. ക്രിസ്തു അതിക്രമക്കാരോട് കൂടെ എണ്ണപ്പെട്ടു മരിച്ചു. അവൻ രണ്ടു കള്ളന്മാരുടെ മദ്ധ്യേ മരിച്ചു (യെശ. 53:12).
2. അവന്റെ മരണത്തിൽ ക്രിസ്തു സമ്പന്നന്മാരോട് കൂടെ ആയിരുന്നു (യെശ. 53:9). ക്രിസ്തുവിനെ അടക്കിയത് പാറയിൽ വെട്ടിയിരുന്നതും ആരെയും ഒരിക്കലും വച്ചിട്ടില്ലാത്തതുമായ കല്ലറയിൽ ആയിരുന്നു.
3. അവന്റെ അസ്ഥികൾ ഒന്നും ഒടിഞ്ഞുപോകയില്ല (സങ്കീ. 34:20). പടയാളികൾ യേശു മരിച്ചുപോയി എന്ന് കാൺകയാൽ അവന്റെ കാൽ ഒടിച്ചില്ല (യോഹ. 19:33).

ക്രൂശുമരണം ശ്വാസം മുട്ടിയുള്ള മരണം ആയിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. യേശുവിന്റെ കാലുകൾ ആണികൊണ്ട് ക്രൂശിൽ തറയ്ക്കപ്പെട്ടിരുന്നു. നമ്മുടെ കർത്താവ് ശ്വാസോച്ഛ്വാസം ചെയ്യുവാൻ കാലിൽ ബലം പ്രയോഗിച്ചിരുന്നു. തൽഫലമായി അവൻ ക്ഷീണിതനായി തീർന്നു. ബലം നഷ്ടപ്പെടുമ്പോൾ ശ്വാസോച്ഛ്വാസം ചെയ്യാൻ കഴിയാതെ വരും. അങ്ങനെ സംഭവിക്കുകയാണ് പതിവ്. കാൽ ഒടിക്കുന്നതിന്റെ ഫലമായി അങ്ങനെ സംഭവിക്കും. അതിനായിട്ടാണ് പടയാളികൾ വന്നത്. എന്നാൽ കർത്താവ് അതിനുമുമ്പായി മരിച്ചുകഴിഞ്ഞിരുന്നു. എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. ക്രിസ്തു താൻ മരിച്ചാലും ഉയിർത്തെഴുന്നേൽക്കും എന്ന് പ്രവചിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് താൻ മരിച്ചു എന്നുറപ്പുവരുത്തുവാൻ പടയാളികൾ അവന്റെ വിലാപ്പുറത്ത് കുത്തി. അവന്റെ വിശുദ്ധ രക്തം നമ്മുടെ വീണ്ടെടുപ്പിന്റെ വിലയാകുന്നു. കർത്താവിന്റെ ആണിപ്പാടുള്ള കരങ്ങളും തുളയ്ക്കപ്പെട്ട വിലാപ്പുറവും കാണുന്ന നമുക്ക് അവനെ എങ്ങനെ സ്നേഹിക്കാതിരിക്കുവാൻ കഴിയും?

****

# യോഹന്നാൻ എഴുതിയ സുവിശേഷം

## മുഖവുര

യേശുക്രിസ്തുവിന്റെ ദൈവത്വം വ്യക്തമാക്കുന്ന സുവിശേഷമാണ് ഇത്. യേശുവിൽ മനുഷ്യത്വവും ദൈവത്വവും ഒരുപോലെ സമ്മേളിച്ചിരിക്കുന്നു. ലൂക്കൊസ് ക്രിസ്തുവിന്റെ മനുഷ്യത്വത്തെ വ്യക്തമാക്കി. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ലഭിക്കും എന്നുള്ളതാണ് യോഹന്നാന്റെ സുവിശേഷത്തിലെ പ്രധാന വാക്യം (20:30,31). ക്രിസ്തുവിന്റെ ദൈവത്വത്തെ തെളിയിക്കുന്ന ഏഴ് അത്ഭുതങ്ങളും "ഞാൻ ആകുന്നു" എന്നു പറയുന്ന ഏഴു പ്രസ്താവനകളും ഈ സുവിശേഷത്തിന്റെ പ്രത്യേകതകളാണ്.

എഴുത്തുകാരൻ ക്രിസ്തുവിന്റെ വത്സലശിഷ്യനായ യോഹന്നാൻ ആണ്. എ.ഡി. 85–95ന് ഇടയ്ക്കാണ് ഈ സുവിശേഷം എഴുതപ്പെട്ടത് എന്നു കരുതുന്നു. ഇതിലെ 90 ശതമാനം വിവരങ്ങളും മറ്റു സുവിശേഷങ്ങളിൽ ഇല്ല. ലളിതമായ ഭാഷയിൽ ഗഹനങ്ങളായ സത്യങ്ങൾ അവതരിപ്പിക്കുന്ന സുവിശേഷമാണിത്. ക്രിസ്തു ദൈവപുത്രൻ ആകയാൽ അവൻ ദൈവിക വെളിപ്പാടാകുന്നു. അവന്റെ അവകാശവാദങ്ങൾ വിശ്വസനീയമാണ്. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ ദൈവത്തിന്റെ ശക്തിയും സ്നേഹവും മനസ്സലിവും പ്രദർശിപ്പിക്കുന്നു. അവനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവും കർത്താവുമായി അംഗീകരിക്കുമ്പോൾ അവന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ശക്തി നമ്മിലേക്ക് വ്യാപരിക്കുന്നു. ക്രിസ്തു ദൈവപുത്രനാണ്. അവന്റെ മനുഷ്യാവതാരത്തിനു മുമ്പുതന്നെ അവൻ ദൈവപുത്രനായിരുന്നു. നിത്യനായ ദൈവപുത്രൻ നിത്യജീവന്റെ ഉറവിടമാണ്. അവനിൽ വിശ്വസിക്കുന്നവർ നിത്യജീവൻ പ്രാപിക്കുന്നു. ക്രിസ്തു പിതാവിന്റെ ഹിതം ചെയ്യുവാൻ വന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിലും നിയന്ത്രണത്തിലും യേശു തന്റെ ശുശ്രൂഷ നിർവ്വഹിച്ചു. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഉപദേശങ്ങൾ സുവിശേഷത്തിന്റെ പ്രത്യേകതയാണ്. പരിശുദ്ധാത്മാവ് ദൈവവചനത്തിൽക്കൂടി നമ്മെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുന്നു. അവനിൽ വിശ്വസിക്കുമ്പോൾ പരിശുദ്ധാത്മാവു നമ്മിൽ വസിക്കയും നിയന്ത്രിക്കയും ചെയ്യും. അപ്പോൾ ക്രിസ്തുവിന്റെ സാന്നിദ്ധ്യബോധവും ശക്തിയും നമ്മിൽ അനുഭവസ്ഥമാകുന്നു.

## വിഷയവിവരം

1. ദൈവപുത്രന്റെ മനുഷ്യാവതാരം. 1:1–18.
2. ദൈവപുത്രന്റെ പരസ്യശുശ്രൂഷ. 1:19–12:50.
    - ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യം. 1:19–51.
    - അത്ഭുതം പ്രവർത്തിക്കുന്ന ക്രിസ്തു. 2:1–25.
    - രക്ഷിതാവായ ക്രിസ്തു. 3:1–4:54.
    - ദൈവപുത്രനായ ക്രിസ്തു. 5:1–47.
    - ജീവന്റെ അപ്പമായ ക്രിസ്തു. 6:1–71.
    - ശ്രേഷ്ഠഗുരുവായ ക്രിസ്തു. 7:1–53.
    - ലോകത്തിന്റെ വെളിച്ചമായ ക്രിസ്തു. 8:1–9:41.
    - നല്ല ഇടയനായ ക്രിസ്തു. 10:1–41.
    - ജീവനും പുനരുത്ഥാനവുമായ ക്രിസ്തു. 11:1–57.
    - ആരാധ്യനായ ക്രിസ്തു. 12:1–50.
3. ദൈവപുത്രന്റെ ശിഷ്യന്മാരോടുള്ള ശുശ്രൂഷ. 13:1–17:26. ദാസൻ. 13:1–38. ആശ്വാസപ്രദൻ. 14:1–31. സാക്ഷാൽ മുന്തിരി. 15:1–16:33.
   മദ്ധ്യസ്ഥൻ. 17:1–26.
4. ദൈവപുത്രന്റെ പ്രായശ്ചിത്ത ശുശ്രൂഷ. 18:1–21:25.
   ക്രിസ്തുവിന്റെ ക്രൂശുമരണം. 18:1–19:42. പുനരുത്ഥാനം. 20:1–31.
   വലിയ നിയോഗം. 21:1–25.

### അദ്ധ്യായം 1

## മനുഷ്യാവതാരം ചെയ്ത ക്രിസ്തു (1:1–18)

ക്രിസ്തു കാലാതീതനാണ്. അവൻ സ്രഷ്ടാവാകുന്നു (യോഹ. 8:58, കൊലൊ. 1:15–18). അവൻ ഉണ്ടായിരുന്നവനാണ്. ക്രിസ്തുവിന്റെ നിത്യത്വം ഇവിടെ തെളിഞ്ഞുകാണാം. ക്രിസ്തുവിനെ വചനമായി യോഹന്നാൻ വിശേഷിപ്പിച്ചു. വചനംകൊണ്ടുള്ള ആശയം ആശയവിനിമയം ചെയ്യാനുള്ള മാദ്ധ്യമം എന്നാണ്. ദൈവഹൃദയവും മനസ്സും വെളിപ്പെടുത്തുന്നത് ക്രിസ്തുവിലാണ്. ക്രിസ്തുവും ദൈവവും ഒന്നാണ് (യോഹ. 14:9). അവൻ അൽഫ യും ഓമേഗയും ആകുന്നു (വെളി. 1:8). ക്രിസ്തു ദൈവത്തിന്റെ അന്തിമവും സമ്പൂർണ്ണവുമായ വെളിപ്പാടാകുന്നു (എബ്രാ. 1:1-3). ക്രിസ്തു തന്റെ നിത്യത്വം വ്യക്തമാക്കിക്കൊണ്ടു താൻ അബ്രഹാമിനു മുമ്പേ ഉണ്ടായിരുന്നു എന്നു യെഹൂ

ദന്മാരോടു പ്രസ്താവിച്ചു (8:58). ദൈവത്തോടുകൂടെ ഉണ്ടായിരുന്നവനാണ് ക്രിസ്തു. വിഭിന്നവും അപ്പോൾ തന്നെ സജീവവുമായ വ്യക്തിബന്ധം പിതാവിനോടു പുത്രന് ഉണ്ടായിരുന്നു. വചനം ദൈവമായിരുന്നു (എബ്രാ. 1:3, ഫിലി. 2:6).

ക്രിസ്തു സകലവും സൃഷ്ടിച്ചവനാണ് (1 കൊരി. 8:6). "അവൻ അരുളിച്ചെയ്തു; അങ്ങനെ സംഭവിച്ചു" (സങ്കീ. 33:9). സൃഷ്ടികർമ്മം ഒരിക്കലായി സംഭവിച്ചു. ദൈവം സൃഷ്ടിയെ ഇന്നു നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തു ജീവന്റെ ഉറവിടമാണ്. ആത്മീയ ജീവൻ ക്രിസ്തുവിനു മാത്രമേ നൽകാൻ കഴിയൂ (2 കൊരി. 5:17). ക്രിസ്തു ലോകത്തിന്റെ വെളിച്ചമാണ്. പാപി ഇരുട്ടിൽ വസിക്കുന്നു. ക്രിസ്തുവിൽ അവൻ വിശ്വസിക്കുമ്പോൾ ജീവനും വെളിച്ചവും പ്രാപിക്കുന്നു. അപ്പോൾ മാത്രമേ ആത്മീയ വെളിച്ചം ലഭിക്കുകയുള്ളൂ. ലോകത്തിലുള്ള ഇരുട്ട് നിത്യം ക്രിസ്തുവിനോടു പോരാടിക്കൊണ്ടിരിക്കുന്നു. എന്നാൽ വെളിച്ചമായ ക്രിസ്തുവിന്റെ പ്രകാശത്തെ കെടുത്തുവാൻ യാതൊരു ശക്തിക്കും കഴിയില്ല. യോഹന്നാൻ സ്നാപകൻ ക്രിസ്തുവായ വെളിച്ചത്തെക്കുറിച്ച് സാക്ഷിക്കുവാൻ അയയ്ക്കപ്പെട്ടവനായിരുന്നു. ക്രിസ്തുവിന്റെ പ്രകാശം എവിടെയും വിളങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ അത് അംഗീകരിക്കുവാൻ പലരും മനസ്സുള്ളവർ അല്ല. ക്രിസ്തു സ്വന്തസൃഷ്ടിയായ ലോകത്തിൽ വന്നു. അവനെ സ്വന്തക്കാർ ത്യജിച്ചു. ക്രിസ്തുവിനെ ആശ്രയത്തോടെ വിശ്വസിക്കുന്നവർക്ക് ദൈവമക്കളാകുവാൻ പദവി ലഭിച്ചിരിക്കുന്നു. ആത്മീയ ജനനം പ്രകൃത്യാ ലഭിക്കുന്നില്ല. ക്രിസ്തുവിലുള്ള വിശ്വാസം മൂലം പരിശുദ്ധാത്മാവ് ഉളവാക്കുന്നതാണ് വീണ്ടും ജനനം.

ക്രിസ്തു ജഡം ധരിച്ച വചനമാണ്. ദൈവം ആത്മാവാകുന്നു (യോഹ. 4:24; 1 തിമൊ. 6:16). അനാദിയായി ദൈവമായിരുന്ന വചനം ജഡധാരണം വഴി മുമ്പ് ഇല്ലാതിരുന്ന മനുഷ്യപ്രകൃതിക്കൂടി സ്വീകരിച്ചു. അപ്പോൾ ദൈവത്തിന്റെ ഗുണലക്ഷണങ്ങൾക്കു വ്യത്യാസം വരാതെ തന്നെ മനുഷ്യവ്യക്തിത്വത്തിന്റെ ഘടകങ്ങളായ ദേഹം, ദേഹി, ആത്മാവ് എന്നിവയെ സ്വീകരിക്കുകയാണുണ്ടായത്. അതു മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പരിഹാരം വരുത്തുവാൻ ക്രൂശിൽ മരിക്കേണ്ടതിനായിരുന്നു. നമ്മുടെ കർത്താവ് വിശന്നും ദാഹിച്ചും ശരീരത്തിൽ ക്ഷീണമുള്ളവനായി. അവന് ഒരു ശരീരം ഉണ്ടായിരുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശരീരത്തിൽ തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു. ആണിപ്പാടുകൾ ഉള്ള ശരീരത്തിൽ ഇന്നു സ്വർഗ്ഗത്തിൽ ഇരുന്ന് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. ആ തേജസ്കരിക്കപ്പെട്ട ശരീരത്തോടു സമമായ ശരീരം അവനിൽ വിശ്വസിക്കുന്നവർക്കും ലഭിക്കുന്നതാണ്.

വചനം ജഡമായ ക്രിസ്തുവിൽ കൃപയും സത്യവും നിറഞ്ഞിരുന്നു. ക്രിസ്തു ന്യായപ്രമാണം പൂർണമായി അനുസരിച്ചു. അവന്റെ മരണപുനരുത്ഥാനം ന്യായപ്രമാണത്തിന്റെ നിവൃത്തിയായിരുന്നു. അതുകൊണ്ട് അവനു നമ്മോടു കൃപ കാണിക്കുവാൻ കഴിയും. കൃപ ആത്മസൗഖ്യം നൽകുന്ന ദൈവസ്നേഹമാണ്. അർഹത ഇല്ലാത്തവരോടു ദൈവം പ്രദർശിപ്പിക്കുന്ന ആനുകൂല്യമാണ് കൃപ. കൃപയാൽ മാത്രമേ മനുഷ്യർക്കു രക്ഷിക്കപ്പെടുവാൻ കഴിയൂ (എഫെ. 2:8). ക്രിസ്തീയ ജീവിതവും കൃപയാൽ മാത്രമാകുന്നു (1 കൊരി. 15:10). നമുക്ക് അധികം കൃപ തന്നു സഹായിക്കുവാൻ കർത്താവിനു കഴിയും (യാക്കോ. 4:6). സത്യം കാര്യങ്ങളെ തുറന്നുകാട്ടുന്ന വെളിച്ചമാണ്. നമ്മുടെ ബലഹീനതകൾ അറിയുവാൻ ക്രിസ്തുവിനെ നോക്കണം. അപ്പോൾ മാത്രമേ പാപാവസ്ഥ മനസ്സിലാക്കുവാൻ കഴിയൂ. ശിഷ്യന്മാർ ക്രിസ്തുവിൽ ദൈവതേജസ്സു കണ്ടു. ദൈവം തേജോരൂപിയാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ അവനിൽ പരിമിതമാക്കപ്പെട്ട നിലയിൽ ദൈവമഹത്വം പ്രത്യക്ഷപ്പെട്ടു. ശിഷ്യന്മാർ അത് ഏകജാതന്റെ തേജസ്സായി കണ്ടു സാക്ഷിച്ചിരിക്കുന്നു. ഏകജാതൻ എന്ന പേര് ക്രിസ്തുവിനു പിതാവിനോ ടുള്ള പ്രത്യേക ബന്ധത്തെ കാണിക്കുന്നു. ദൈവത്തിനു മക്കളുണ്ട് (1:12), എന്നാൽ ഏകജാതൻ ഒരുവൻ മാത്രമേയുള്ളൂ. അവൻ സൃഷ്ടിക്കു മുമ്പ് അനാദിയായി പിതാവിനോടുകൂടെ ഉണ്ടായിരുന്നവൻ ആണ് (യോഹ. 17:5).

ക്രിസ്തു ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തി (1:18). ദൈവം അദൃശ്യനാണ് (1 തിമൊ. 1:17). പ്രകൃതി ദൈവത്തിന്റെ കൈവേലയാകുന്നു (സങ്കീ. 19:1-6). എന്നാൽ ക്രിസ്തു മാത്രമേ ദൈവപ്രതിമ എന്ന പദവിക്കു യോഗ്യൻ (കൊലൊ. 1:15). ദൈവസ്വഭാവം വിശദീകരിച്ചു തന്നതു ക്രിസ്തു മാത്രമാണ്. അവന്റെ ജീവിതവും മരണവും പുനരുത്ഥാനവും ദൈവത്തിന്റെ മനസ്സും സ്വഭാവവും വെളിപ്പെടുത്തുന്നു.

### മുന്നോടിയായ യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം (1:19-37)

യോഹന്നാൻ സ്നാപകനെ യെരൂശലേമിലുള്ള യെഹൂദന്മാരുടെ പ്രതിനിധികൾ സമീപിച്ചു. അവരോടു താൻ ഏലീയാവോ, ക്രിസ്തുവോ അല്ല എന്നുത്തരം പറഞ്ഞു. കർത്താവിന്റെ വഴി ഒരുക്കുവാൻ വന്ന, മരുഭൂമിയിൽ വിളിച്ചുപറയുന്ന ഒരു ശബ്ദം മാത്രമാണ് താനെന്നു യോഹന്നാൻ സ്നാപകൻ അവകാശപ്പെട്ടു. അത് ഒരു പ്രവചനനിവൃത്തിയായിരുന്നു (യെശ. 40:3-5). അവൻ മാനസാന്തര സ്നാനം നൽകി. ക്രിസ്തു പാപരഹിതനായിരുന്നെങ്കിലും യോഹന്നാന്റെ സ്നാനം സ്വീകരിച്ചു. അങ്ങനെ കർത്താവ് അതിക്രമക്കാരോടുകൂടെ എണ്ണപ്പെട്ടു (യെശ. 53:12). ക്രിസ്തുവിന്റെ ഔന്നത്യം അംഗീകരിച്ചുകൊണ്ടു തന്റെ ശിഷ്യന്മാർക്ക് ക്രിസ്തുവിനെ അനുഗമിക്കുവാൻ ആഹ്വാനം നൽകുവാൻ യോഹന്നാൻ സ്നാപകനു കഴിഞ്ഞു. ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി ക്രിസ്തുവിനെ അവർക്കു പരിചയപ്പെടുത്തി. യേശു ദൈവപുത്രൻ ആകുന്നു എന്നു യോഹന്നാൻ സ്നാപകൻ സാക്ഷിച്ചു.

### ക്രിസ്തുവിനെ അനുഗമിക്കുന്ന ശിഷ്യന്മാർ (1:38-51)

യേശുവിനെക്കുറിച്ചുള്ള യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം കേട്ട രണ്ടു ശിഷ്യന്മാർ യേശുവിനെ അനുഗ

മിച്ചു. അവനെ അവർ ഗുരുവായി അംഗീകരിച്ച് അറിയുവാൻ ആഗ്രഹിച്ചു. അവർ യോഹന്നാനും അന്ത്രെയാസും ആയിരുന്നു. ക്രിസ്തുവിനെ വിശ്വാസത്താൽ അംഗീകരിക്കുന്നവർക്കു മാത്രമേ അവനെ വ്യക്തിപരമായി അറിയുവാൻ കഴിയുകയുള്ളൂ. കർത്താവിനെ അറിയുന്നവർ മറ്റുള്ളവർക്ക് അവനെ പരിചയപ്പെടുത്തുവാൻ കടപ്പെട്ടവരാണ്. അന്ത്രെയാസ് തന്റെ സഹോദരനായ ശീമോനെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു. അവന്റെ ഹൃദയരഹസ്യങ്ങൾ അറിയുന്ന കർത്താവു ശീമോനു പത്രൊസ് എന്ന പേർ നൽകി. ഒരു വ്യക്തി ക്രിസ്തുവിലാകുമ്പോൾ അവനു വ്യത്യാസങ്ങൾ ഉണ്ടാകും.

കർത്താവു ഫിലിപ്പോസിനെ വിളിച്ചു. തന്നെ അനുഗമിക്കുവാനുള്ള ആഹ്വാനം അവൻ സ്വീകരിച്ചു. ഫിലിപ്പോസ് നഥനയേലിനെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു. അവന്റെ മുൻവിധി അതിനു തടസ്സമാകുവാൻ ഫിലിപ്പോസ് അനുവദിച്ചില്ല. കർത്താവു നഥനയേലിന്റെ രഹസ്യങ്ങൾ അറിഞ്ഞിരുന്നു. അവന്റെ കപടമില്ലായ്മയും ദൈവഭക്തിയും വ്യക്തമാക്കുവാൻ കർത്താവു മടിച്ചില്ല. യേശുവിന്റെ അറിവും ഇടപാടുകളും നഥനയേലിനെ അത്ഭുതപ്പെടുത്തി. നഥനയേൽ യേശുവിനെ ദൈവപുത്രനും യിസ്രായേലിന്റെ രാജാവും എന്നു ഏറ്റുപറയുവാൻ മനസ്സുള്ളവനായി. അവന്റെ ലളിത മായ വിശ്വാസം ക്രിസ്തുവിനെക്കുറിച്ചുള്ള മഹത്തായ വെളിപ്പാടുകൾ ലഭിക്കുവാൻ അവനെ യോഗ്യനാക്കി. ക്രിസ്തു ദൈവപുത്രനും മനുഷ്യപുത്രനും ആകുന്നു എന്ന സത്യം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. പാപിയായ മനുഷ്യനെ പരിശുദ്ധനായ ദൈവത്തോടു ബന്ധിപ്പിക്കുന്ന ഏക ഗോവണി ക്രിസ്തുവാകുന്നു (14:6). ക്രിസ്തുവിങ്കലേക്ക് ആത്മാക്കളെ ആദായപ്പെടുത്തിയ മുഖാന്തരങ്ങൾ ഇവിടെ ശ്രദ്ധേയമത്രെ. യോഹന്നാന്റെ പ്രസ്താവന, അന്ത്രെയാസിന്റെ പരിചയപ്പെടുത്തൽ, യേശുവിന്റെ വിളി, ഫിലിപ്പോസിന്റെ സാക്ഷ്യം. ഇന്നും ക്രിസ്തുവിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്താൻ ഈ മുഖാന്തരങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## അദ്ധ്യായം 2

### കാനാവിലെ കല്യാണം (2:1-11)

യേശുവിന്റെ ഒന്നാമത്തെ അടയാളമാണിത്. ഇവിടെ വെള്ളം വീഞ്ഞാക്കിക്കൊണ്ട് കർത്താവു തന്റെ മഹത്വം വെളിപ്പെടുത്തി. മറിയ ക്രിസ്തു വിന്റെ നിസ്തുല്യസ്വഭാവം മനസ്സിലാക്കി. ശിഷ്യന്മാർ കർത്താവിൽ വിശ്വസിച്ച് ആശ്രയിക്കുവാൻ ഈ അത്ഭുതം മുഖാന്തരമായി. ക്രിസ്തുവിനു തന്റെ ശക്തിയും ദിവ്യത്വവും വെളിപ്പെടുത്തുവാൻ സാധാരണ കാര്യങ്ങൾ മതി. ക്രിസ്തുവിനു ജീവിതത്തിൽ വരുത്തുവാൻ കഴിയുന്ന പരിവർത്തനത്തെ ഈ സംഭവം തെളിയിക്കുന്നു. യെഹൂദന്മാരുടെ വിവാഹത്തിനു വീഞ്ഞു കൊടുക്കുന്ന പരിചയം ഉണ്ടായിരുന്നു. ബൈബിൾ മദ്യപാനം അനുവദിക്കുന്നില്ല. മദ്യപാനം മറ്റ് അസാന്മാർഗ്ഗിക പ്രവർത്തനത്തിലേക്കു നയിക്കും. മറിയ യേശുവിനോടു കാനാവിലെ പ്രശ്നം അറിയിക്കുക മാത്രമാണ് ചെയ്തത്. നമ്മുടെ പ്രശ്നങ്ങൾ അറിഞ്ഞു പ്രവർത്തിക്കുവാൻ കർത്താവിനു കഴിയും. എന്നാൽ നാം അവ പ്രാർത്ഥനയിൽക്കൂടി കർത്താവിനെ അറിയിക്കണം. അവൻ സകലവും സ്വർഗ്ഗീയ കാര്യപരിപാടി അനുസരിച്ചു ചെയ്യുന്നു. ബൈബിളിൽ വീഞ്ഞ് സന്തോഷത്തെ കാണിക്കുന്നു. കർത്താവിനു മാത്രമേ നിത്യമായ സന്തോഷം നൽകുവാൻ കഴിയൂ. ലോകം നൽകുന്ന സന്തോഷം താൽക്കാലികം മാത്രമാണ്.

### യേശു ദൈവാലയം ശുദ്ധീകരിക്കുന്നു (2:12-25)

ഇതു സംഭവിച്ചതു പെസഹാ പെരുന്നാളിലാണ്. യേശു ന്യായപ്രമാണ ത്തിന്റെ കീഴിൽ ജനിച്ച് അതനുസരിച്ചു. കർത്താവിനു മാത്രമേ അതു പൂർണ്ണമായി അനുസരിക്കുവാൻ കഴിയുമായിരുന്നുള്ളൂ. ദൈവാലയം അന്നു വാണിഭശാലയായി മാറിയിരുന്നു. ദൈവാലയത്തോടുള്ള ഭക്തി കുറഞ്ഞിരുന്നതു കണ്ട കർത്താവ് അതു ശുദ്ധീകരിച്ചു. കർത്താവിനു ദൈവികകാര്യങ്ങളോടുള്ള തീക്ഷ്ണത ഇവിടെ വ്യക്തമാകുന്നു. ആടുമാടുകളെ വിൽക്കുന്നതു സൗകര്യത്തിനായിട്ട് ആരംഭിച്ചതാണ്. എന്നാൽ ഇന്ന് അത് ആദായമാർഗ്ഗമായി പുരോഹിതന്മാർ ആക്കിത്തീർത്തു. ആത്മിക വിഷയങ്ങളോട് ഈ മനോഭാവം ഒരിക്കലും ഉണ്ടാകരുത്. മതനേതാക്കന്മാർ ക്രിസ്തുവിന്റെ അധികാരത്തെ ചോദ്യം ചെയ്തു. അവർ അടയാളം ആവശ്യപ്പെടുന്നു. കർത്താവു നൽകിയ ഉത്തരം ശ്രദ്ധേയമാണ് (2:19). മന്ദിരം പൊളിച്ചു മൂന്നു നാൾകൊണ്ടു പണിയുക അസാദ്ധ്യമായി അവർ കണ്ടു. യേശു തന്റെ മരണപുനരുത്ഥാനത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. കർത്താവിന്റെ ശിഷ്യന്മാർ അത് ഒടുവിൽ വിശ്വസിച്ചു. അവന്റെ ശത്രുക്കൾ അതോർക്കുകയും പറഞ്ഞു നിന്ദിക്കുകയും ചെയ്തു (മത്താ. 26:59-61). ക്രിസ്തുവാണ് ദൈവവാസസ്ഥലം. അവന്റെ മരണപുനരുത്ഥാനം മൂലം മന്ദിരം നീക്കപ്പെട്ടു. ഇന്നു ക്രിസ്തുവിശ്വാസികൾ അവന്റെ സന്നിധിയിൽ കൂടിവന്ന് ആരാധിക്കുന്നു. കർത്താവു ചെയ്ത അടയാളം കണ്ടു വിശ്വസിച്ചവരെക്കുറിച്ച് ഇവിടെ കാണാം. അടയാളം ചെയ്യുവാൻ യേശുവിനു കഴിയും എന്നു വിശ്വസിച്ച് ആരും രക്ഷിക്കപ്പെടുന്നില്ല. അതു ക്രിസ്തുവിന്റെ ഉപദേശം വിശ്വസിച്ച് അനുസരിക്കുവാൻ മുഖാന്തരം ആകണം എന്നത്രെ ദൈവം ആഗ്രഹിക്കുന്നത്. അടയാളങ്ങളും അത്ഭുതങ്ങളും അന്നു പല തെറ്റിദ്ധാരണകൾക്കും കാരണമായിട്ടുണ്ട്. വിശ്വാസംകൊണ്ടു ക്രിസ്തു ഉദ്ദേശിച്ചത് അവനിൽ വിശ്വസിച്ച് ആശ്രയിക്കുക എന്നതായിരുന്നു. കർത്താവ് അടയാളം കണ്ടു വിശ്വസിച്ചവരുടെ ഹൃദയസ്ഥിതി അറിഞ്ഞിരുന്നു. അവൻ ദൈവമാണ്. അവർക്കു ക്രിസ്തു തന്നെത്താൻ വിശ്വസിച്ചേൽപ്പിച്ചുകൊടുത്തില്ല എന്നതു ശ്രദ്ധേയമത്രെ.

## അദ്ധ്യായം 3

### നിക്കൊദേമൊസിന്റെ വീണ്ടും ജനനം (3:1-21)

അവൻ ഒരു പരീശൻ അഥവാ മതഭക്തൻ ആയിരുന്നു. കൂടാതെ യെഹൂദന്മാരുടെ മതകോടതിയിലെ ജഡ്ജിയുമാണ്. അവൻ വൃദ്ധനും ഉപദേഷ്ടാവും ആയിരുന്നു. കർത്താവു ചെയ്ത അടയാളങ്ങൾ അവനെ ആകർഷിച്ചു. അതുകൊണ്ടു ശാന്തവും സൗകര്യവുമായ രാത്രിയിൽ യേശുവിനെ കാണുവാൻ അവൻ വന്നു. യേശുവിനെ ബഹുമാനപുരസ്സരം നിക്കൊദേമൊസു സംബോധന ചെയ്തു. അവൻ ദൈവരാജ്യത്തിനായി കാത്തിരുന്നു. വീണ്ടും ജനനം മുഖാന്തരം മാത്രമേ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ എന്നു കർത്താവ് അവനോട് അരുളിച്ചെയ്തു. ദൈവരാജ്യം ദൈവമക്കൾക്കുള്ളതാണ്. അവർ ദൈവജീവനും ദിവ്യസ്വഭാവവും ഉള്ളവർ ആയിരിക്കണം. അതിനു ദൈവാത്മാവു ദൈവവചനത്തിൽക്കൂടി ചെയ്യുന്ന അത്ഭുതകരമായ പ്രവൃത്തിയാണ് വീണ്ടും ജനനം. പാണ്ഡിത്യവും പാരമ്പര്യവും പ്രവൃത്തി യും ആരെയും ദൈവമക്കളാക്കുന്നില്ല. സ്നാനവും വീണ്ടും ജനനത്തിന് ആവശ്യമില്ല. ബൈബിളിൽ സ്നാനം, മരണത്തെ കാണിക്കുന്നു. ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽ വിശ്വസിച്ച് ആശ്രയിക്കുന്നവർക്ക് മാത്രമേ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയൂ. അവർ ജീവനുള്ള പ്രത്യാശ ഉള്ളവർ ആയിരിക്കും (1 പത്രൊ. 1:3). കാറ്റ് ദൃശ്യമല്ല എങ്കിലും ശക്തിയുള്ള താണ്. അതുപോലെ ആത്മാവു ദൃശ്യമല്ല, എന്നാൽ ശക്തിയുള്ളതാണ്. ദൈവാത്മാവു ജീവിതത്തിൽ രൂപാന്തരം വരുത്തുന്നു. വീണ്ടും ജനിക്കാത്തവർക്ക് ആത്മികകാര്യങ്ങൾ ഗ്രഹിക്കുവാൻ കഴിയുന്നതല്ല. നിക്കൊദേമൊസിന്റെ അനുഭവം അതു തെളിയിക്കുന്നു. അവർ ദൈവവചനത്തിനു വിധേയപ്പെടുന്നില്ല. പാരമ്പര്യങ്ങൾക്കും സ്ഥാനമാനങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നവർക്കു രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ല (യോഹ. 12:37-50). ക്രിസ്തു സാധാരണ കാര്യങ്ങളിൽക്കൂടി ആത്മിക സത്യങ്ങൾ വിശദീകരിച്ചതു ശ്രദ്ധേ യമത്രെ. അത് അനുകരണയോഗ്യമായ മാതൃകയാകുന്നു.

ഉപദേഷ്ടാവായ നിക്കൊദേമൊസിനു പഴയനിയമത്തിൽനിന്നും താമ്രസർപ്പത്തെ മരുഭൂമിയിൽ ഉയർത്തിയ ചരിത്രം കർത്താവു ചൂണ്ടിക്കാണിച്ചു. ആ സർപ്പം ക്രിസ്തുവിന്റെ ക്രൂശുമരണത്തെ നിദർശനം ചെയ്യുന്നു. സർപ്പത്തിന്റെ കടിയേറ്റവർ വിശ്വാസത്തോടുകൂടെ ദൈവം ഒരുക്കിയ പിച്ചളസർപ്പത്തെ നോക്കി രക്ഷപ്പെട്ടു. അതുപോലെ വിശ്വാസത്തോടെ ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണത്തിൽ ആശ്രയിക്കുന്നവർക്ക് പാപമോചനവും നിത്യജീവനും ലഭിക്കും. നിത്യജീവൻകൊണ്ടുള്ള വിവക്ഷ ദൈവത്തോടുള്ള സംസർഗ്ഗം എന്നാണ്. പാപം മൂലം അതു മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ടു. ക്രിസ്തു അതു തന്റെ മരണപുനരുത്ഥാനത്തിൽക്കൂടെ പുനഃസ്ഥാപിച്ചു. വിശ്വാസത്താൽ അത് അനുഭവിക്കാവുന്നതാണ്. എന്നാൽ ആത്മിക അന്ധതയിൽ കഴിയുന്നവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിക്കുന്നു. അവരുടെ പ്രവൃത്തികൾക്ക് ആക്ഷേപം വരാതിരിക്കുവാൻ വെളിച്ചത്തിലേക്കു വരുവാൻ മടിക്കുന്നു. നിക്കൊദേമൊസിന്റെ യേശുവുമായിട്ടുള്ള കൂടിക്കാഴ്ച അവനെ ക്രിസ്തുവിന്റെ ശിഷ്യനാക്കി. അവനെ സാക്ഷിക്കുവാൻ നിക്കൊദേമൊസു ലജ്ജിച്ചില്ല എന്നതു ശ്രദ്ധേയമത്രെ (യോഹ. 19:38-42). ആത്മാർ ത്ഥതയോടും ആവശ്യബോധത്തോടും കൂടെ ക്രിസ്തുവിനെ സമീപിക്കുന്ന ഏവരും നിക്കൊദേമൊസിന്റെ അനുഭവം ഉള്ളവർ ആകും.

### യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം (3:22-36)

യോഹന്നാന്റെ ശിഷ്യന്മാർ യേശുവിന്റെ പരസ്യശുശ്രൂഷയെക്കുറിച്ചു പരാതിപ്പെട്ടു. എല്ലാവരും യേശുവിന്റെ അടുക്കൽ ചെല്ലുന്നു എന്നുള്ളതായിരുന്നു പരാതി. യോഹന്നാൻ ക്രിസ്തുവിന്റെ മുന്നോടിയായിരുന്നു. അവൻ ക്രിസ്തുവിനെ മണവാളനായി ചൂണ്ടിക്കാണിച്ചു. യോഹന്നാൻ സ്നാപകൻ ക്രിസ്തുവിന്റെ വളർച്ചയിൽ സന്തോഷിച്ചു. അവന്റെ ആഗ്രഹം ക്രിസ്തു വളരണം, താനോ കുറയണം എന്നുള്ളതായിരുന്നു. ആ നല്ല മാതൃക നമുക്കും അനുകരിക്കാം. ക്രിസ്തു സ്വർഗ്ഗത്തിൽനിന്നു വന്നവനാണ്. പിതാവിനെ വെളിപ്പെടുത്തുവാൻ അവനു മാത്രമേ കഴിയൂ. അവന്റെ സാക്ഷ്യം കേൾക്കുന്നവൻ ദൈവം സത്യവാനാണെന്ന് അറിയും. പിതാവു പുത്രനെ സ്നേഹിക്കുന്നു. അതുകൊണ്ടു സകലവും പുത്രനു നൽകിയിരിക്കുന്നു (13:3). അവൻ ദൈവത്തിന്റെ വചനമാണ്. സകല അധികാരവും അവനു നൽകിയിരിക്കുന്നു (5:23-27). ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ഉണ്ട്. വിശ്വസിക്കാത്തവരുടെ മേൽ ദൈവക്രോധം വസിക്കുന്നു. പാപത്തോടുള്ള ദൈവത്തിന്റെ മനോഭാവത്തെ ദൈവക്രോധം കാണിക്കുന്നു. അവർ മാനസാന്തരപ്പെടുവാൻ പിന്നെയും അവസരങ്ങൾ ദൈവം നൽകുന്നു. വിശ്വസിക്കുന്നവർ ഇപ്പോൾ തന്നെ നിത്യജീവൻ ഉള്ളവരാണ്.

## അദ്ധ്യായം 4

യേശുവും ശമര്യസ്ത്രീയും തമ്മിലുള്ള സംഭാഷണമാണ് ആദ്യമായി ഇവിടെ കാണുന്നത്. യേശു യെഹൂദ്യദേശം വിട്ട് ഗലീലയ്ക്കു യാത്രയായി. യെഹൂദന്മാർ ശമര്യയിൽക്കൂടി ഗലീലയ്ക്കു പോകുമായിരുന്നില്ല. ശമര്യരുമായി യെഹൂദന്മാർക്കു യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ക്രിസ്തു ലോകരക്ഷിതാവാകുന്നു എന്ന സത്യം തെളിയിക്കുവാൻ അവൻ ശമര്യയിൽക്കൂടി കടന്നുപോയി. ക്ഷീണിച്ചവനായ കർത്താവു യാക്കോബിന്റെ ഉറവിനരികെ ഇരുന്നു. അപ്പോൾ സന്ധ്യാസമയമായിരുന്നു. ഒരു ശമര്യസ്ത്രീ വെള്ളം കോരുവാൻ അവിടെ വന്നു. അവളോടു കർത്താവു കുടിക്കുവാൻ വെള്ളം ആവശ്യപ്പെട്ടു. അവർ തമ്മിലുള്ള സംഭാഷണത്തിൽ ക്രിസ്തു നൽകുന്ന

ജീവനുള്ള വെള്ളം കുടിക്കുന്നവർക്കു പിന്നെ ദാഹിക്കയില്ല എന്ന സത്യം വ്യക്തമാക്കി. ലോകം തരുന്നതൊന്നും മനുഷ്യന് ആത്മസംതൃപ്തി നൽകയില്ല. മനുഷ്യൻ പാപിയാണ്. പാപം മനുഷ്യനെ ദൈവത്തിൽനിന്നും വേർപ്പെടുത്തുന്നു. അനുതപിച്ചു ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ആത്മരക്ഷ ലഭിക്കുന്നു. അപ്പോൾ മാത്രമേ ഒരുവനു സത്യനമസ്കാരി ആകുവാൻ കഴിയൂ. കൂടാതെ ക്രിസ്തുവിനെക്കുറിച്ചു മറ്റുള്ളവരോടു സാക്ഷിക്കുവാനുള്ള കഴിവും നിർബന്ധവും അപ്പോൾ മാത്രമേ ലഭിക്കയുള്ളൂ. ശമര്യസ്ത്രീ അവളുടെ പാപം ഏറ്റുപറഞ്ഞ് അനുതപിച്ചു. അവൾ സ്വന്തപട്ടണവാസികളോടു കർത്താവിനെക്കുറിച്ചു സാക്ഷിച്ചു. അവർ വന്നു യേശുവിനെ കണ്ടു വിശ്വസിച്ചു. ആ നല്ല മാതൃക നമുക്കും അനുകരിക്കാം. ക്രിസ്തുവിന് ആത്മാക്കളുടെ രക്ഷ ഭക്ഷണത്തെക്കാൾ പ്രാധാന്യം ഉള്ളതായിരുന്നു. ശിഷ്യന്മാർ അവനെ ഭക്ഷണം കഴിക്കുവാൻ നിർബന്ധിച്ചു. ദൈവഹിതം ചെയ്യുന്നതിൽ കർത്താവു സംതൃപ്തിയടഞ്ഞു. മനുഷ്യരുടെ ആത്മരക്ഷയുടെ പ്രാധാന്യം ക്രിസ്തു ശിഷ്യന്മാർക്കു ചൂണ്ടിക്കാണിച്ചു. ആത്മാക്കളെ തേടുന്നതിൽ സംതൃപ്തിയും സന്തോഷവും കണ്ടെത്തുവാൻ അവരെ കർത്താവ് ആഹ്വാനം ചെയ്തു. ക്രിസ്തു ലോകരക്ഷിതാവാകുന്നു. അവനെ അറിയിക്കു വാനുള്ള ഉത്തരവാദിത്വം നമുക്കുള്ളതാകുന്നു.

തുടർന്നു കർത്താവു ഗലീലയിലെ രാജഭൃത്യന്റെ മകനെ സൗഖ്യമാക്കി. രാജഭൃത്യൻ സമ്പന്നനാണ്. അവന് അധികാരം ഉണ്ട്. എന്നാൽ അതൊന്നും മകനെ മരണത്തിൽനിന്നും രക്ഷിക്കുവാൻ പര്യാപ്തമല്ല. അവൻ രോഗത്തിന്റെ മേൽ അധികാരമുള്ള കർത്താവിനെ ആവശ്യബോധത്തോടെ സമീപിച്ചു. അവൻ കർത്താവു പറഞ്ഞതു വിശ്വസിച്ചു. ലോകം കണ്ടിട്ടു വിശ്വസിക്കുന്നു. ദൈവമക്കൾ വിശ്വസിക്കയും ദൈവമഹത്വം ദർശിക്കയും ചെയ്യുന്നു. കർത്താവിൽ വിശ്വസിച്ച രാജഭൃത്യന്റെ മകനു സൗഖ്യം ലഭിച്ചു. തൽഫലമായി അവനും അവന്റെ കുടുംബവും ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്ക പ്പെട്ടു. ഇതു യേശു ഗലീലയിൽ ചെയ്ത രണ്ടാമത്തെ അടയാളമായിരുന്നു. അടയാളങ്ങൾ ക്രിസ്തു ദൈവപുത്രൻ ആകുന്നു എന്നുള്ള സത്യം വ്യക്തമാക്കുന്നു. അടയാളങ്ങളിൽ വിശ്വസിക്കുന്നതുകൊണ്ട് ആരും രക്ഷിക്കപ്പെടുന്നില്ല. ക്രിസ്തു മാത്രമാണ് രക്ഷിതാവ്.

## അദ്ധ്യായം 5

ക്രിസ്തു യെരൂശലേമിനു സമീപമുള്ള ബേഥെസ്ദാ കുളക്കരയിൽ 38 വർഷങ്ങളായി തളർന്നുകിടന്നിരുന്ന മനുഷ്യനെ സൗഖ്യമാക്കി. യെരൂശലേമിൽ കർത്താവു തന്റെ പരസ്യശുശ്രൂഷയുടെ രണ്ടാം വർഷം ചെയ്ത അടയാളമായിരുന്നു ഇത്. ശബ്ബത്തിലായിരുന്നു കർത്താവ് ഇവനെ സൗഖ്യമാക്കിയത്. കർത്താവിന് അവന്റെ നിസ്സഹായത കണ്ടു മനസ്സലിഞ്ഞു. അവനെ സഹായിക്കുവാൻ ആരും ഉണ്ടായിരുന്നില്ല. ക്രിസ്തുവിനു മാത്രമേ നമ്മെ രക്ഷിക്കുവാൻ കഴിയൂ. ശബ്ബത്തിൽ നന്മ ചെയ്യുന്നതു ക്രിസ്തു അനുസരിക്കുകയും അനുവദിക്കുകയും ചെയ്തിരിക്കുന്നു. യേശുവിന്റെ അധികാരമുള്ള വാക്കുകേട്ട് അനുസരിച്ച മനുഷ്യൻ എഴുന്നേറ്റു കിടക്ക എടുത്തു നടന്നു. എന്നാൽ അന്നത്തെ മതനേതാക്കൾ അതു ശബ്ബത്തുലംഘനമായി വ്യാഖ്യാനിച്ച് യേശുവിനെ കുറ്റപ്പെടുത്തി. പാപമായിരുന്നു രോഗകാരണം എന്ന് അറിഞ്ഞിരുന്ന കർത്താവ് സൗഖ്യം വന്നവനെ പാപം ചെയ്യാതിരിക്കുവാൻ ഉപദേശിച്ചു. സൗഖ്യമാക്കിയതു ദൈവിക പ്രവൃത്തിയാണെന്നു കർത്താവ് പറഞ്ഞു. തനിക്കു പിതാവിനോടുള്ള സമത്വം ചൂണ്ടിക്കാണിക്കയും ചെയ്തു. മതനേതാക്കൾ യേശുവിനേയും സൗഖ്യം വന്ന മനുഷ്യനേയും കുറ്റപ്പെടുത്തി. അവർ യേശുവിനെ കൊല്ലുവാൻ ശ്രമിച്ചു.

പുത്രനു പിതാവിനോടുള്ള സമത്വം ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. പിതാവു പുത്രനെ സ്നേഹിക്കുന്നു. പുത്രൻ പിതാവിന്റെ ഹിതം ചെയ്യുന്നു. പുത്രൻ പിതാവിൽനിന്നും ബഹുമാനം സ്വീകരിക്കുന്നു. പുത്രൻ പിതാവിനെ വെളിപ്പെടുത്തുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ പിതാവിനെയും ബഹുമാനിക്കുന്നില്ല. പിതാവു മരിച്ചവരെ ഉയിർപ്പിക്കുന്നതുപോലെ പുത്രനും മരിച്ചവരെ ഉയിർപ്പിക്കുവാൻ ശക്തിയുള്ളവനാണ്. ന്യായവിധി നടത്തുവാനുള്ള അധികാരം പുത്രനു പിതാവു നൽകിയിരിക്കുന്നു. ക്രിസ്തുവിന്റെ വചനം കേട്ട് അതു സത്യമാണെന്ന് അംഗീകരിക്കുന്നവർക്ക് ഇപ്പോൾ തന്നെ നിത്യജീവൻ ഉണ്ട്. നിത്യജീവൻ മരണാനന്തരം ലഭിക്കുന്നതല്ല. ഇപ്പോൾ അനുഭവി ക്കാവുന്നതാണ്. ഇന്നു രക്ഷിക്കപ്പെടുന്നത് ഒരു ആത്മിക അനുഭവം ആണ്. എന്നാൽ രക്ഷിക്കപ്പെട്ടവരും അല്ലാത്തവരും പുനരുത്ഥാനം ചെയ്യും എന്നു ക്രിസ്തു പ്രസ്താവിച്ചിരിക്കുന്നു. അന്നു രക്ഷിക്കപ്പെട്ടവർ തേജസ്കരിക്കപ്പെട്ട ശരീരത്തോടുകൂടി നിത്യജീവനിൽ പ്രവേശിക്കും. തിന്മ ചെയ്തവർ അഥവാ രക്ഷിക്കപ്പെടാത്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യും.

യേശുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള തന്റെ സാക്ഷ്യം യെഹൂദന്മാർ വിശ്വസിച്ചിരുന്നില്ല. എന്നാൽ താൻ ദൈവമാകുന്നു എന്നു യോഹന്നാൻ സ്നാപകനും, പരിശുദ്ധാത്മശക്തിയിൽ യേശു ചെയ്ത പ്രവൃത്തികളും, പിതാവിന്റെ സാക്ഷ്യവും, തിരുവെഴുത്തുകളും സാക്ഷ്യം പറഞ്ഞിരിക്കുന്നു. എങ്കിലും ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുവാൻ യെഹൂദന്മാർ മനസ്സുള്ളവരായില്ല. ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇതത്രെ.

ക്രിസ്തുവിനെ എന്തുകൊണ്ടു തിരസ്കരിക്കുന്നു? യെഹൂദന്മാർ മനുഷ്യരിൽ നിന്നും ബഹുമാനം അന്വേഷിച്ചു. ദൈവമഹത്വം അവഗണിച്ചു. അവർക്കു ദൈവസ്നേഹം ഉണ്ടായിരുന്നില്ല. കള്ളക്രിസ്തുക്കളെ കൈക്കൊള്ളുന്നവർ ആയിരുന്നു. മോശെ കർത്താവിനെക്കുറിച്ചു സാക്ഷിച്ചിരിക്കുന്നു. എന്നാൽ അതു വിശ്വസിക്കുവാൻ യെഹൂദന്മാർ മനസ്സുള്ളവർ ആയിരുന്നില്ല. അതുകൊണ്ട് മോശെ തന്നെ അവരെ കുറ്റം ചുമത്തും. മതത്തിന്റെ ആചാരങ്ങളും പാരമ്പര്യങ്ങളും നമ്മെ ദൈവവചനസത്യങ്ങൾ വിശ്വസിക്കാതിരിക്കുവാൻ തടസ്സമായി തീരുവാൻ അനുവദിക്കരു

ത്. ഇന്നു ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി വിശ്വസിച്ച് രക്ഷിക്കപ്പെടുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 6

യേശുവിന്റെ ഗലീലയിലെ ശുശ്രൂഷയാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യം. ക്രിസ്തു ജീവന്റെ അപ്പമാകുന്നു എന്നിവിടെ കാണാം. യെരൂശലേമിൽ യേശു എതിർപ്പുകൾ നേരിടേണ്ടി വന്നു. ഗലീലയിൽ ജനങ്ങൾ അവനെ പിന്തുടരുന്നു. അവരുടെ ജിജ്ഞാസയും അതിശയവുമാണ് അതിന് അവരെ പ്രേരിപ്പിച്ചത്. ക്രിസ്തുവിൽ വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യം ഈ അദ്ധ്യായത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു.

യേശു അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചു (6:1-14). ഗലീലക്കടലിന്റെ തീരത്താണ് ഇതു സംഭവിച്ചത്. പുരുഷാരത്തിന്റെ ആവശ്യം കർത്താവ് അറിയുന്നു. അവരെ സംരക്ഷിക്കുവാൻ ക്രിസ്തുവിനു കഴിയും എന്നുള്ള സത്യം ഇവിടെ കാണാം. മനുഷ്യനു പരിമിതികൾ ഉണ്ടെങ്കിലും ക്രിസ്തു നിസ്സാരവസ്തുക്കളെ തന്റെ മഹത്വത്തിനായി ഉപയോഗിക്കു വാൻ കഴിവുള്ളവൻ ആണ്. അന്ത്രെയാസു ബാലനെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു. ആളാംപ്രതി വേലയുടെ മഹത്വം ഇവിടെ കാണാം. കർത്താവ് അനുഗ്രഹിക്കുമ്പോൾ മാത്രമേ സമൃദ്ധിയും സംതൃപ്തിയും ഉണ്ടാകുകയുള്ളൂ. പന്ത്രണ്ടു കുട്ട ബാക്കി വന്ന കാര്യം നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു കണ്ട ജനം യേശു ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ എന്നു വിശ്വസിച്ചു. അവനെ രാജാവാക്കുവാൻ ജനം തീരുമാനിച്ചു എന്നറിഞ്ഞ ക്രിസ്തു അവരെ വിട്ട് മലയിൽ പ്രാർത്ഥിപ്പാൻ പോയി.

### യേശു കടലിന്മേൽ നടന്നു (6:16-21)

ശിഷ്യന്മാർ പടകിൽ കയറി ഗലീലക്കടലിനക്കരെയുള്ള കഫർന്നഹൂമിലേക്കു യാത്രയായി. വഴിമദ്ധ്യേ കൊടുങ്കാറ്റ് അടിക്കയാൽ കടൽ ക്ഷോഭിച്ചു. ശിഷ്യന്മാർ തണ്ടു വലിച്ചു ക്ഷീണിതരായി. കർത്താവ് അവർക്കു പ്രത്യക്ഷപ്പെട്ടു. യേശു കടലിന്മേൽ നടന്നു പടകിനോടു സമീപിക്കുന്നതു കണ്ട് ശിഷ്യന്മാർ ഭയന്നു. കർത്താവ് അവരോട്, “ഞാൻ ആകുന്നു, പേടിക്കേണ്ട” എന്ന് അരുളിച്ചെയ്തു. കടൽ ശാന്തമാകുകയും അവർ ഉദ്ദിഷ്ടസ്ഥാനത്ത് എത്തുകയും ചെയ്തു. യേശുവിനു പ്രകൃതിയുടെ മേൽ അധികാരം ഉണ്ടെന്ന് ഇവിടെ വ്യക്തമാകുന്നു. കൂടുതൽ അറിയുവാൻ മത്തായി 14:22-33 വരെയുള്ള വിവരണം വായിക്കുക.

### ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി (6:22-40)

ക്രിസ്തു അത്ഭുതവും അടയാളവും ചെയ്തത് ആത്മിക സത്യങ്ങൾ ജനത്തെ പഠിപ്പിക്കുവാനായിരുന്നു. ദൈവകൃപ ജനത്തിന്റെ ആഹാരപ്രശ്നം പരിഹരിച്ചപ്പോൾ പ്രത്യക്ഷപ്പെട്ടു. അവർ ദൈവിക സത്യങ്ങൾ അറിയുവാൻ ആവശ്യമുള്ളവരാണ്. കർത്താവ് അവരോട് ക്രിസ്തുവിനു മാത്രമേ അവരുടെ ആത്മിക വിശപ്പ് ശമിപ്പിക്കുവാൻ കഴിയൂ എന്നു പറഞ്ഞു. പുരുഷാരം യേശുവിനെ അനുഗമിച്ചതു താല്ക്കാലിക താൽപര്യങ്ങൾക്കായിരുന്നു. കർത്താവ് അവരെ ശാസിച്ചു. ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അറിയുവാൻ അവർ ആഗ്രഹിച്ചു. ദൈവം അയച്ചവനിൽ വിശ്വസിക്കുന്നതാണ് ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തിയെന്ന് കർത്താവു മറുപടി പറഞ്ഞു. അപ്പോൾ അവർ നിത്യജീവൻ ഉള്ളവർ ആകും. കണ്ടു വിശ്വസിക്കുവാൻ പുരുഷാരം ആഗ്രഹിച്ചു. യേശു അവരോട്, “ഞാൻ ജീവന്റെ അപ്പം ആകുന്നു” എന്നരുളിച്ചെയ്തു. അവനു മാത്രമേ ആത്മിക ജീവൻ പ്രദാനം ചെയ്യുവാൻ കഴിയൂ. അവന്റെ ആളത്വമാണ് ഏറ്റവും പ്രാധാന്യമുള്ള വിഷയം. ക്രിസ്തുവിന്റെ ഉപദേശങ്ങൾ നിസ്തുല്യമായ ആളത്വത്തിന്മേൽ അധിഷ്ഠിത മായിരിക്കുന്നു. പിതാവ് ആകർഷിക്കുമ്പോൾ മാത്രമേ ക്രിസ്തുവിൽ വിശ്വസി ക്കുവാൻ കഴിയൂ. സുവിശേഷം കേട്ട് പാപബോധം ഉണ്ടാകുമ്പോൾ ക്രിസ്തുവിൽ വിശ്വസിക്കേണ്ട കർത്തവ്യം നമുക്കുള്ളതാകുന്നു. രക്ഷയിൽ ദൈവത്തിന്റെ അനാദിനിർണ്ണയവും മനുഷ്യന്റെ കർത്തവ്യവും ഉൾപ്പെട്ടിരിക്കുന്നു.

### ജീവന്റെ അപ്പമായ ക്രിസ്തു (6:41-71)

ക്രിസ്തുവിന്റെ ശാരീരികയാഗം മൂലമാണ് അവൻ ജീവന്റെ അപ്പമായിത്തീർന്നത്. യെഹൂദന്മാർ കർത്താവു പറഞ്ഞതിന്റെ ആത്മികാർത്ഥം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു. “ജീവിപ്പിക്കുന്നത് ആത്മാവാകുന്നു. മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു” എന്നു കർത്താവ് അരുളിച്ചെയ്തു. ഇന്നു പാപികൾ രക്ഷിക്കപ്പെടുന്നതു വചനം വിശ്വസിക്കുന്നതിനാലാകുന്നു. അവന്റെ വാക്കുകേട്ട് അനേകർ ഇടറിപ്പോയി. പിന്നെ യേശുവിനെ അനുഗമി ച്ചതുമില്ല. ഇന്നും സുവിശേഷം പലർക്കും ഇടർച്ചയാകുന്നു. കർത്താവു ശിഷ്യന്മാരോടു ചോദിച്ചു, “നിങ്ങൾക്കും പൊയ്ക്കൊള്ളുവാൻ മനസ്സുണ്ടോ?” എന്ന്. അതിനു പത്രൊസ് നൽകിയ മറുപടി ശ്രദ്ധേയമാണ്: ‘ഞങ്ങൾ ആരുടെ അടുക്കൽ പോകും? അങ്ങു നിസ്തുല്യനായ ഗുരുവും യജമാനനും ദൈവവുമാകുന്നു. നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്. നിന്നെ മശിഹയായി ഞങ്ങൾ അംഗീകരിച്ചു വിശ്വസിക്കുന്നു.’ ആ വിശ്വാസം അറിവിലേക്കു നടത്തി. ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ അവനെ ഏറ്റുപറയണം. സകല രഹസ്യങ്ങളും അറിയുന്ന കർത്താവു തന്നിൽ വിശ്വസിക്കുന്നവരെ അറിയുന്നു. അവരെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. അവൻ ഇസ്കര്യോത്താവിന്റെ വഞ്ചനയും അറിഞ്ഞിരുന്നു. അവൻ രക്ഷിക്കപ്പെട്ടവൻ ആയിരുന്നില്ല. ക്രിസ്തുവിനോടും പള്ളിയോടും ആചാരങ്ങളോടും ബന്ധമുണ്ടെന്നു ഭാവിക്കുകയും അപ്പോൾ തന്നെ ക്രിസ്തുവിനെ രക്ഷിതാവായി വിശ്വസിക്കാതെ കഴിയുന്നതു നിത്യന്യായവിധിയിലേക്കു

നടത്തും എന്നുള്ള സത്യം യൂദയുടെ ചരിത്രം വ്യക്തമാക്കുന്നു.

## അദ്ധ്യായം 7

ക്രിസ്തുവിന്റെ ശുശ്രൂഷയുടെ അവസാന ഘട്ടത്തിൽ നടന്ന സംഭവങ്ങൾ ആണിത്. യെഹൂദപ്രമാണികളുടെ എതിർപ്പ് വിദ്വേഷമായി ഇപ്പോൾ മാറിയിരിക്കുന്നു. യെരൂശലേമിൽ നടന്ന സംഭവങ്ങളാണ് ഇവിടെ കാണുന്നത്. അപകടം മനസ്സിലാക്കിയിരുന്നുവെങ്കിലും കർത്താവു കർത്തവ്യത്തിൽ നിന്നും ഒഴിയണമെന്ന് ആഗ്രഹിച്ചില്ല. അതു കൊണ്ടു കൂടാരപ്പെരുന്നാളിൽ പങ്കുകൊള്ളുവാൻ പോയി. അതു സന്തോഷത്തിന്റെ പെരുന്നാൾ ആണ്. കർത്താവു സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുകയും ദുഃഖിക്കുന്നവരോടുകൂടെ ദുഃഖിക്കുകയും ചെയ്യുന്നവനാണ്.

അവിശ്വാസികളായ സഹോദരന്മാർ യേശു പ്രസിദ്ധനാകുവാൻ ആഗ്രഹിച്ചു (7:1–9). അവർ ദൈവഹിതം മന സ്സിലാക്കിയില്ല. ക്രിസ്തുവിനോടുകൂടെ നിന്ദ സഹിക്കുവാൻ മനസ്സുണ്ടായിരുന്നില്ല. ദൈവമക്കൾ ലോകം നൽ കുന്ന പ്രസിദ്ധിയും ബഹുമാനവും ആഗ്രഹിക്കരുത്. യേശുവിൽ വിശ്വസിക്കു വാൻ ധാരാളം തെളിവുകൾ ഉണ്ടാ യിട്ടും അവന്റെ സഹോദരന്മാർ അവനിൽ വിശ്വസിച്ചില്ല. ഇന്നും അതു സത്യമാകുന്നു. യേശു രഹസ്യമായി പെരു ന്നാ ളിനു പോയി. അവനെക്കുറിച്ചു ജനത്തിനു ഭിന്നാഭിപ്രായങ്ങൾ ഉള്ളതായി ഈ അദ്ധ്യായത്തിൽ കാണാം. ഇന്നും അതു കാണാവുന്നതാണ്. എങ്കിലും ക്രിസ്തുവിനെക്കുറിച്ചു മറ്റുള്ളവരോട് അറിയിക്കുവാനുള്ള ഉത്തരവാ ദിത്വം നമുക്കുണ്ട്. യേശു ദൈവാലയത്തിൽ പരസ്യമായി ഉപദേശിക്കുന്നതായി കാണുന്നു (7:14–24). ക്രിസ്തു വിനു രഹസ്യശിഷ്യന്മാർ ഇല്ല. അവന്റെ ഉപദേശം കേട്ട ജനം ആശ്ചര്യപ്പെട്ടു. യേശു ദൈവത്തിന്റെ സന്ദേശവാഹ കനും ദൈവമഹത്വം അന്വേഷിക്കുന്നവനും ആയിരുന്നു. അവൻ മതഭക്തരുടെ നീതിരഹിതമായ പ്രവൃത്തിയെ വെല്ലുവിളിച്ചു. കർത്താവു ശബ്ബത്തിൽ സൗഖ്യമാക്കിയ മനുഷ്യനോടു കാണിച്ച കരുണയെ നീതീകരിച്ചു. വിശ്വാ സികൾ നീതി പ്രവർത്തിക്കുന്നതിൽ ധൈര്യം പ്രകടിപ്പിക്കുന്നവർ ആകണം.

ക്രിസ്തുവിന്റെ ദൈവത്വത്തെ സംശയിക്കുന്നവർ ആത്മിക അജ്ഞതയിൽ കഴിയുന്നു. അതുകൊണ്ടാണ് അവനെ കൊല്ലുവാൻ മതനേതാക്കൾ ഗൂഢാലോചന ചെയ്തത്. പുരുഷാരത്തിൽ പലരും ക്രിസ്തുവിൽ വിശ്വ സിച്ചു. യേശു തന്റെ മരണത്തേയും പുനരുത്ഥാനത്തേയും കുറിച്ചു മുന്നറിവു ജനത്തിനു നൽകി.

യേശു പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വാഗ്ദാനം ഉത്സവത്തിന്റെ ഒടുക്കത്തെ നാളിൽ നൽകി. ക്രിസ്തു വിൽ വിശ്വസിക്കുന്നവർ പരിശുദ്ധാത്മാവു കൊണ്ടു നിറയുകയും ആത്മസംതൃപ്തി പ്രാപിക്കുകയും ചെയ്യും. അവർ മറ്റുള്ളവർക്ക് അനുഗ്രഹമായി തീരും. ഈ വാഗ്ദത്തം പെന്തക്കൊസ്തു നാളിൽ നിവൃത്തിയായി. അവന്റെ അധികാരമുള്ള വചനം കേട്ട ചേവകർക്കു യേശുവിനെ പിടിക്കുവാൻ കഴിഞ്ഞില്ല. ദൈവവചനം ശക്തിയുള്ളതാ കുന്നു. അതിനെ തടയുവാൻ ഒരു ശക്തിക്കും കഴിയുന്നതല്ല. നീതി ആവശ്യപ്പെട്ട രഹസ്യശിഷ്യനായ നിക്കൊദേ മൊസിനെ പരീശന്മാരും പ്രമാണികളും നിന്ദിച്ചു. ഇന്നും ക്രിസ്തുവിനുവേണ്ടി നിൽക്കുമ്പോൾ നാം നിന്ദിക്കപ്പെടും (7:37–53).

## അദ്ധ്യായം 8

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കർത്താവ് വിടുവിക്കുന്നു (8:1–11). യേശുവിനെ പരീക്ഷിക്കേണ്ടതി നാണ് ഈ സ്ത്രീയെ അവന്റെ അടുക്കൽ കൊണ്ടുവന്നത്. ന്യായപ്രമാണ പ്രകാരം അവളെ കല്ലെറിയണം എന്ന കല്പന ക്രിസ്തു നിഷേധിച്ചില്ല. എന്നാൽ “നിങ്ങളിൽ പാപമില്ലാത്തൻ അവളെ ഒന്നാമത് കല്ലെറിയട്ടെ” എന്നു കർത്താവു പറഞ്ഞു. അവരുടെ മനസ്സാക്ഷിയുടെ ആക്ഷേപം നിമിത്തം എല്ലാവരും അവനെ വിട്ടുപോയി. സ്ത്രീ മാത്രം ശേഷിച്ചു. കർത്താവ് അവളുടെ പാപം ക്ഷമിച്ചു. ഇനിയും പാപം ചെയ്യരുത് എന്നവളോടു പറഞ്ഞു. ക്രിസ്തു ബലഹീനരെ സംരക്ഷിക്കുന്നവനാണ്. അവനു പാപക്ഷമ നൽകുവാൻ അധികാരമുണ്ട്. ക്രിസ്തു പാപത്തെ വെറു ക്കുകയും പാപികളെ സ്നേഹിക്കുകയും ചെയ്യുന്നു. നമുക്കും ആ നല്ല മാതൃക അനുകരിക്കാം.

ക്രിസ്തു ലോകത്തിന്റെ വെളിച്ചം ആകുന്നു (8:12–20). പരീശന്മാർ അതു വിശ്വസിച്ചില്ല. പിതാവിന്റെ സാക്ഷ്യവും ക്രിസ്തുവിൽ വെളിപ്പെട്ട സത്യവും താൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നുള്ള ഉറപ്പു നൽകുന്നു. പുത്രൻ പിതാവിനെ വെളിപ്പെടുത്തുന്നു. പുത്രനെ നിഷേധിക്കുന്നവർക്കു പിതാവിനെ സ്വീകരിക്കുവാൻ കഴിയുന്നതല്ല.

യേശുവിനെ പരിഹസിക്കുന്നവരോടു തനിക്കു പിതാവിനോടുള്ള ബന്ധം വ്യക്തമാക്കി (8:21–30). പാപത്തെ ക്കുറിച്ച് അനുതപിച്ചു ക്രിസ്തുവിൽ വിശ്വസിക്കാത്തവർ പാപത്തിൽ മരിക്കും. താൻ ഉയരത്തിൽനിന്നുമുള്ളവൻ എന്നു കർത്താവു പറഞ്ഞു. ലോകം ദൈവത്തെ വെറുക്കുകയും ശത്രുതാ മനോഭാവം പുലർത്തുകയും ചെയ്യുന്നു. എന്നാൽ കർത്താവിൽ ശരണപ്പെടുന്നവർ ജീവിക്കും. ക്രിസ്തു പിതാവിന്റെ ഹിതം ചെയ്യുവാൻ വന്നവനാണ്. മനുഷ്യാവതാരം മൂലം പുത്രനു പിതാവിനോടുള്ള കൂട്ടായ്മ നഷ്ടപ്പെട്ടില്ല. യേശുവിനെ മതനേതാക്കൾ തെറ്റിദ്ധ രിച്ചു. എങ്കിലും പിതാവിനോടുള്ള അവന്റെ ബന്ധം ധൈര്യം നൽകി. കർത്താവിന്റെ വചനം കേട്ട പലരും അവ നിൽ വിശ്വസിച്ചു. സുവിശേഷം കേൾക്കുമ്പോൾ നാം വിശ്വസിക്കുവാൻ കടപ്പെട്ടവർ ആകുന്നു.

സാക്ഷാൽ സത്യമായ ക്രിസ്തു സ്വാതന്ത്ര്യം നൽകുന്നു (8:31–46). ക്രിസ്തുവിന്റെ വചനം അനുസരിക്കുന്ന വരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. ക്രിസ്തുവിനെ അറിയുമ്പോൾ മാത്രമേ ആത്മീയ സ്വാതന്ത്ര്യം ലഭിക്കയുള്ളൂ.

യെഹൂദന്മാർ അബ്രഹാമിന്റെ മക്കൾ എന്നു പറഞ്ഞു നിഗളിച്ചിരുന്നു. ക്രിസ്തുവിനെ അനുസരിക്കാത്തവർ ആത്മീയ അടിമത്തത്തിൽ കഴിയുന്നു. അവർ അബ്രഹാമിന്റെ മക്കളല്ല. പിശാച് അവരുടെ പിതാവാകുന്നു. നമ്മുടെ പാരമ്പര്യവും മതഭക്തിയും നമ്മെ ദൈവമക്കൾ ആക്കുകയില്ല. അബ്രഹാമിനെപ്പോലെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ് ദൈവമക്കൾ. ക്രിസ്തു തന്നെ പരിഹസിക്കുന്നവരെ തനിക്കു പാപത്തെക്കുറിച്ചു ബോധം വരുത്തുവാൻ വെല്ലുവിളിച്ചു. ക്രിസ്തുവിന്റെ ശിഷ്യന്മാർ വിശുദ്ധജീവിതം നയിക്കണം.

ക്രിസ്തു തന്നെ പരിഹസിക്കുന്നവർക്കു തന്റെ ദൈവത്വത്തെക്കുറിച്ച് അറിവു നൽകി (8:47–59). കർത്താവിനു ഭൂതമുണ്ടെന്നു യെഹൂദന്മാർ പറഞ്ഞു പരിഹസിച്ചു. ക്രിസ്തു അതു നിഷേധിച്ചു. അവന്റെ വചനം പ്രമാണിക്കുന്നവർ ഒരുനാളും മരിക്കയില്ല എന്നു പറഞ്ഞു. ക്രിസ്തു സകല ത്തിനും മുമ്പനാകുന്നു. താൻ സ്വയം ഉയർത്തുന്നു എന്നു യെഹൂദന്മാർ അവനെ കുറ്റപ്പെടുത്തി. ക്രിസ്തു അബ്രഹാമിനു മുമ്പുള്ളവൻ. അവൻ നിവർത്തിയാക്കുന്ന വീണ്ടെടുപ്പുവേല അബ്രഹാം വിശ്വാസത്താൽ കണ്ടു സന്തോഷിച്ചു. യേശു ദൈവത്വം അവകാശപ്പെട്ടതിനാൽ അവനെ കല്ലെറിയു വാൻ യെഹൂദന്മാർ തുനിഞ്ഞു. ആത്മിക അന്ധത മതവിദ്വേഷമായി മാറാവുന്നതാണ്. ക്രിസ്തുവിനെ അറിഞ്ഞ് ദിവ്യസ്വഭാവമുള്ളവർ ആകുവാൻ നമുക്ക് ഇടയാകട്ടെ.

## അദ്ധ്യായം 9

പിറവിക്കുരുടനു കർത്താവു കാഴ്ച നൽകുന്നതായി ഇവിടെ കാണാം. യെഹൂദന്മാർ രോഗവും കഷ്ടവും ഉണ്ടാകുന്നതു പാപത്തിന്റെ ഫലമാണെന്നു വിശ്വസിച്ചിരുന്നു. ശിഷ്യന്മാർ 'ഇവൻ കുരുടനായത് ആരുടെ പാപം മൂലമാണെ'ന്നു ചോദിച്ചു (9:1–12). 'ആരുടേയും പാപം മൂലമല്ല, പ്രത്യുത ദൈവപ്രവൃത്തി അവങ്കൽ വെളിപ്പെടുവാനത്രെ അങ്ങനെ സംഭവിച്ചത്' എന്നു കർത്താവു മറുപടി പറഞ്ഞു. യേശു പിതാവിന്റെ ഹിതം ചെയ്യുവാൻ വന്നവനാണ്. ലഭിക്കുന്ന അവസരങ്ങൾ കർത്താവിനുവേണ്ടി പ്രയോജനപ്പെടുത്തണം. ലോകത്തിന്റെ ഏക വെളിച്ചമായ ക്രിസ്തുവിനു മാത്രമേ നമ്മുടെ ആത്മിക അന്ധത നീക്കുവാൻ കഴിയൂ. യേശു കല്പിച്ചതു കുരുടൻ അനുസരിച്ചു. സൗഖ്യം ലഭിച്ച കുരുടൻ വീട്ടിലേക്കു പോയി. കാഴ്ച നൽകിയത് ആരെന്ന് അവൻ അറിഞ്ഞില്ല. അവനെ കണ്ടവർക്കു വിസ്മയം ഉണ്ടായി.

മതഭക്തരായ പരീശന്മാർ യേശുവിനെ ചോദ്യം ചെയ്തു (9:13–23). കുരു ടനെ സൗഖ്യമാക്കിയതു ശബ്ബത്ത് നാളിൽ ആയിരുന്നു. യേശുവിനെ പാപിയായി അവർ മുദ്രയടിച്ചു. കർത്താവ് അവരുടെ കപടഭക്തിയെ ശാസിച്ചു. കാഴ്ച ലഭിച്ച കുരുടൻ കർത്താവിനെ പ്രവാചകനായി സാക്ഷിച്ചു. അവന്റെ മാതാപിതാക്കളെ പരീശന്മാർ ചോദ്യം ചെയ്തു. പീഡനം ഭയന്ന മാതാപിതാ ക്കന്മാർ ക്രിസ്തുവിനെ ഏറ്റുപറയുന്നതിൽ പരാജയപ്പെട്ടു. അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു.

കാഴ്ച ലഭിച്ച കുരുടൻ ക്രിസ്തുവിൽ വിശ്വസിച്ച് ഏറ്റുപറഞ്ഞു (9:24–41). മതനേതാക്കന്മാർ കുരുടനെ പിന്നെയും പിന്നെയും ചോദ്യം ചെയ്തു. അവൻ തന്റെ അനുഭവസാക്ഷ്യം അവർക്കു നൽകി. ക്രിസ്തുവിനെ പരിഹസിക്കുന്ന അവരോട് അവന്റെ വിശ്വാസം പ്രഖ്യാപിച്ചു. അവൻ ക്രിസ്തുവിലുള്ള തന്റെ വിശ്വാസത്തിനു വില കൊടുക്കുവാൻ മനസ്സുള്ളവനായിരുന്നു. യെഹൂദന്മാർ അവനെ പള്ളിയിൽനിന്നും മുടക്കി. എന്നാൽ കർത്താവ് അവനെ സ്വീകരിച്ചു. അവന്റെ വിശ്വാസത്തെ ഉറപ്പിക്കുന്നതായി ഇവിടെ കാണാം. ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ അവൻ 'കർത്താവേ' എന്നു വിളിച്ച് ആരാധിച്ചു. അവന്റെ ആരാധന ക്രിസ്തു സ്വീകരിച്ചത് അവന്റെ ദൈവത്വത്തിന്റെ തെളിവാകുന്നു. ഇവിടെ പാപത്തെ അന്ധതയോട് ഉപമിച്ചിരിക്കുന്നു. പാപികൾ ആത്മീയ അന്ധതയിൽ കഴിയുന്നു. പരീശന്മാർ ആത്മീയ അന്ധതയും നിഗളവും ഉള്ളവർ ആകയാൽ ക്രിസ്തുവിൽ വിശ്വസിച്ചില്ല. ഇന്നും അതു സത്യമാണ്. സ്വന്ത അന്ധത അറിയുന്ന കുരുടൻ ക്രിസ്തുവിൽ വിശ്വസിച്ചു കാഴ്ച പ്രാപിച്ചു. യേശുവിനെക്കുറിച്ചുള്ള അവന്റെ അറിവു വർദ്ധിക്കുകയും അവനെ ആരാധിക്കുകയും സാക്ഷിക്കുകയും ചെയ്യുന്നവനുമായി. നമുക്കും ആ നല്ല മാതൃക അനുകരിക്കാം.

## അദ്ധ്യായം 10

### ക്രിസ്തു വാതിലും നല്ല ഇടയനും ആകുന്നു (10:1–18)

യേശുവിനെ മതനേതാക്കളുമായി ഇവിടെ താരതമ്യപ്പെടുത്തിയിരിക്കുന്നു. ആട്ടിൻതൊഴുത്ത് യെഹൂദജാതിയാണ്. കള്ളനും കവർച്ചക്കാരനും യെഹൂദമതനേതാക്കന്മാർ ആകുന്നു. വാതിലിലൂടെ കടക്കുന്ന ഇടയൻ കർത്താവാണ്. ആ നല്ല ഇടയന് ആടുകളോടു പ്രത്യേക ബന്ധം ഉണ്ട്. ആടുകൾ ദൈവജനത്തെ കാണിക്കുന്നു. ആടുകളെ പേർ ചൊല്ലി വിളിക്കുന്നു, നയിക്കുന്നു, പുറത്തുകൊണ്ടുപോകുന്നു. ആടുകൾ ഇടയനെ അനുഗമിക്കുന്നു, അവന്റെ ശബ്ദം തിരിച്ചറിയുന്നു. വിശ്വാസികൾക്കു മാത്രമേ ദൈവവചനം ഗ്രഹിക്കുവാൻ കഴിയൂ. അവർ കള്ളയിടയന്മാരെ അനുഗമി ക്കുന്നില്ല.

ക്രിസ്തുവാണ് യഥാർത്ഥ വാതിൽ. അവൻ മുഖാന്തരം മാത്രമേ ആത്മരക്ഷയും അനുഗ്രഹങ്ങളും ലഭിക്കയുള്ളൂ. അവർ ആത്മസംതൃപ്തി ഉള്ളവരാകും. ക്രിസ്തു സമൃദ്ധിയായ ജീവന്റെ ദാതാവാകുന്നു. അവനിൽ ആശ്രയിക്കുന്നവർ വിടുതലും സ്വാതന്ത്ര്യവും പ്രാപിച്ചു സമൃദ്ധിയായ ആത്മാവിന്റെ ഫലങ്ങൾ ഉള്ളവർ ആകും. ക്രിസ്തു

നല്ല ഇടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി സ്വന്തജീവനെ കൊടുക്കുന്നു. കള്ളയിടയൻമാർ ആടുകളെക്കുറിച്ചു വിചാരപ്പെടുന്നില്ല. വിശ്വാസികളെ ആദരിക്കാതെ അവരെ ചൂഷണം ചെയ്യുന്നവർ ഈ കൂട്ടത്തിൽപ്പെടും. ക്രിസ്തു നല്ല ഇടയനും അവന്റെയാടുകൾ യെഹൂദന്മാരിൽനിന്നും ജാതികളിൽനിന്നും രക്ഷിക്കപ്പെട്ടു വന്നവരുമാണ്. പിതാവിനോടുള്ള സ്നേഹവും അനുസരണവുമാണ് ക്രിസ്തുവിന്റെ മരണത്തിൽ കാണുന്നത്. യേശു സ്വമനസ്സാ മരിക്കയും ഉയിർ ത്തെഴുന്നേൽക്കുകയും ചെയ്തു.

ക്രിസ്തു തന്റെ ദൈവത്വം ഉറപ്പിച്ചു പ്രഖ്യാപിച്ചു (10:19–41). അവന്റെ വചനം കേട്ടവരിൽ ഭിന്നാഭിപ്രായം ഉളവായി. അവനു ഭ്രാന്തുണ്ട് എന്നു ചിലർ പറഞ്ഞു. മറ്റു ചിലർ അവന്റെ ദൈവത്വത്തിൽ വിശ്വസിച്ചു. ക്രിസ്തുവിന്റെ വാക്കുകളും പ്രവൃത്തികളും വ്യക്തിത്വവും ലോകത്തിൽ ഉളവാക്കിയ ആത്മീയ സാംസ്കാരിക സാന്മാർഗ്ഗിക പരിവർത്തനം നിസ്തുല്യമാകുന്നു. അത് അവന്റെ ദൈവത്വത്തിന്റെ തെളിവത്രെ. യെഹൂദന്മാർ അവന്റെ ദൈവത്വത്തെ സംശയിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തു. അവർ അവന്റെ വചനം വിശ്വസിച്ചില്ല. വിശ്വസിക്കാത്തവർക്കു ക്രിസ്തുവിന്റെ ശിഷ്യന്മാർ ആകുവാൻ കഴിയുന്നതല്ല. വിശ്വസിക്കുന്നവർക്കു നിത്യജീവൻ ലഭിക്കുന്നു. അവർ ഒരുനാളും നശിച്ചുപോകയില്ല. നിത്യജീവൻകൊണ്ടുള്ള ആശയം നരകത്തിൽ നിന്നുള്ള വിടുതൽ മാത്രമല്ല ദൈവത്തിന്റെ എല്ലാ അനുഗ്രഹ ങ്ങളും ലഭിച്ചവർ ആകുക എന്നത്രെ. ആടുകളുടെ നിത്യഭദ്രതയെക്കുറിച്ചു പിതാവും പുത്രനും ഐക്യമുള്ളവർ ആകുന്നു. പിതാവും പുത്രനും സാരാംശത്തിൽ അഥവാ പ്രകൃതിയിൽ ഒന്നാകുന്നു. ക്രിസ്തുവിന്റെ ഈ അവകാശവാദം ദൈവദൂഷണമായി യെഹൂദന്മാർ വ്യാഖ്യാനിച്ചു. അതിനുള്ള ശിക്ഷ കല്ലെറിഞ്ഞുകൊല്ലുക എന്നതായിരുന്നു (ലേവ്യ 24:16). അതിനു തുനിഞ്ഞ യെഹൂദന്മാരോടു തന്റെ ഏതു പ്രവൃത്തി നിമിത്തം തന്നെ കല്ലെറിയുന്നു എന്നു യേശു ചോദിച്ചു. അതിനു ദൈവദൂഷണം നിമിത്തം എന്ന് അവർ മറുപടി പറഞ്ഞു.

സങ്കീർത്തനത്തിൽ ന്യായാധിപന്മാരെ ദേവന്മാർ എന്നു വിളിച്ചിരുന്നു (82:6). അവർ തിരുവെഴുത്തുകളെ വ്യാഖ്യാനിക്കുന്നവർ ആയിരുന്നു. അങ്ങനെ യെങ്കിൽ പിതാവു വേർതിരിച്ചു ലോകത്തിലേക്ക് അയച്ച രക്ഷിതാവായ പുത്രനെ ദൈവപുത്രൻ എന്നു പറയുന്നതിൽ എന്തു തെറ്റുണ്ട് എന്നു കർത്താവു ചോദിച്ചു. ക്രിസ്തു പിതാവിന്റെ ഹിതം ചെയ്യുവാൻ വന്നവനാണ്. അത് അവനു പിതാവിനോടുള്ള ബന്ധത്തെ തെളിയിക്കുന്നു. എന്നാൽ യെഹൂദന്മാർ അവനിൽ വിശ്വസിച്ചില്ല. അവനെ പിടിക്കുവാൻ ശ്രമിച്ചവരിൽ നിന്നും ക്രിസ്തു ഒഴിഞ്ഞുമാറി. യേശു യോർദ്ദാന്റെ അക്കരയ്ക്കു പോയി അവിടെ പാർത്തു. സാമാന്യജനം യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനെ ക്കുറിച്ചു പ്രഖ്യാപിച്ചത് (1:19–37) ഓർത്ത് അവന്റെ അടുക്കൽ വന്നു വിശ്വ സിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ.

### അദ്ധ്യായം 11

## ക്രിസ്തു പുനരുത്ഥാനവും ജീവനുമാകുന്നു

യേശു ചെയ്ത ഏറ്റവും വലിയ അടയാളമാണ് ലാസറെ ഉയിർപ്പിച്ചത്. ഈ സംഭവം നടന്നത് യെരൂശലേമിനു സമീപമുള്ള ബേഥാന്യ ഗ്രാമത്തിൽ ആണ്. കർത്താവിനു പ്രിയപ്പെട്ട ഒരു ഭവനം ആയിരുന്നു ഇത്. ലാസറിന്റെ രോഗവിവരം യേശുവിനെ അറിയിച്ചു. അവൻ വന്നു ലാസറിനെ സൗഖ്യമാക്കുമെന്ന് അവർ പ്രതീക്ഷിച്ചു. ക്രിസ്തു 'ദൈവമഹത്വം വെളിപ്പെടുവാനായിട്ടത്രെ ഈ രോഗം' എന്നു പറഞ്ഞു. അതു മരണത്തിനായിട്ടല്ല. അതിന്റെ അന്തിമലക്ഷ്യം മരിക്കുക എന്നതിൽ കവിഞ്ഞതാണ്. ദൈവത്തിന് ഏതു വിപത്തും തന്റെ മഹത്വത്തിനു മുഖാന്തരമാക്കുവാൻ കഴിയും. യേശു ബേഥാന്യയിലേക്കു പോകുവാൻ താമസിച്ചു. ചിലപ്പോൾ നമ്മുടെ പ്രാർത്ഥന യുടെ മറുപടി താമസിച്ചു എന്നു വരാം. അതു നമ്മുടെ വിശ്വാസവും ആശ്ര യവും വർദ്ധിപ്പിക്കുവാനാണ്. യഥാർത്ഥ വിശ്വാസം പരിശോധനയിൽ നിലനിൽക്കുന്ന വിശ്വാസം ആണ്. നമ്മെ സ്നേഹിക്കുന്ന കർത്താവു ചിലപ്പോൾ അത് അനുവദിച്ചു എന്നു വരാം. യേശുവിനെ കൊല്ലുവാൻ ശ്രമിച്ച യെഹൂദ്യയിൽ പോകുവാൻ ശിഷ്യന്മാർ ഭയപ്പെട്ടു. ദൈവഹിതം ചെയ്യുന്നവർ ഒന്നിനെയും ഭയപ്പെടേണ്ട ആവശ്യമില്ല. അപകടത്തെ ഭയന്നു പുറകോട്ടു പോകുന്നതു ഭീരുത്വമാണ്.

ലാസറിന്റെ മരണത്തെ നിദ്രയായി കർത്താവു വിശേഷിപ്പിച്ചു. മരണം വിശ്വാസികൾക്കു നിദ്രയാണ് (ഉല്പ. 49:30, മത്താ. 27:52, 1 തെസ്സ. 4:13). മരിക്കുമ്പോൾ ആത്മാവ് ഉറങ്ങുന്നില്ല (ഫിലി. 1:23). ലാസർ ഉറങ്ങുന്നു എന്നു തെറ്റിദ്ധരിച്ച ശിഷ്യന്മാരോടു ലാസർ മരിച്ചുപോയി എന്ന് കർത്താവ് പറഞ്ഞു. ലാസർ മരിച്ചതു മുഖാന്തരം ദൈവനാമം മഹത്വപ്പെടുകയും, ശിഷ്യന്മാരുടെ വിശ്വാസം ഉറയ്ക്കയും, മറ്റുള്ളവർ ക്രിസ്തുവിൽ വിശ്വസിക്കുവാൻ അവസരം ലഭിക്കയും ചെയ്തു. അതു ലാസറിനെ ഉയിർപ്പിച്ചതിനാൽ ഉണ്ടായി. അതുകൊണ്ടാണ് കർത്താവു സന്തോഷിച്ചത്.

യേശു വരുന്നു എന്നു കേട്ടിട്ട് മാർത്താ അവനെ എതിരേൽക്കുവാൻ ചെന്നു. മറിയയോ വീട്ടിൽ ഇരുന്നു. മറ്റുള്ളവർക്ക് അവരെ ആശ്വസിപ്പിക്കുവാൻ കഴിഞ്ഞില്ല. യേശുവിന്റെ സ്നേഹത്തിലും ശക്തിയിലും മാർത്തയ്ക്കു വിശ്വാസമുണ്ടായിരുന്നു. കർത്താവു പറഞ്ഞിട്ടും ലാസർ ഉടനെ ഉയിർത്തെഴുന്നേൽക്കും എന്നു മാർത്ത വിശ്വസിച്ചില്ല. പഴയനിയമത്തിൽ പറയുന്ന പ്രകാരം ഒടുക്കത്തെ നാളിൽ ലാസർ ഉയിർക്കും എന്ന് മാർത്ത വിശ്വസിച്ചിരുന്നു. "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു" എന്നു യേശു പറഞ്ഞു. പുനരുത്ഥാനവും ജീവനും ക്രിസ്തുവിന്റെ വ്യക്തിത്വത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തു ജീവന്റെ ഉത്ഭവവും ദാതാവുമാകുന്നു. അവനിൽ

ക്കൂടി മാത്രമേ നമുക്ക് മരണത്തിന്മേൽ ജയം പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ. ക്രിസ്തുവിൽ വിശ്വസിച്ച് മരിക്കുന്നവർ വീണ്ടും ജീവിക്കും. അവർ ശരീരത്തിൽനിന്നു വേർപിരിഞ്ഞാലും കർത്താവിനോടു ചേരുകയാണ് ചെയ്യുന്നത് (2 കൊരി. 5:8, ഫിലി. 1:23). ക്രിസ്തുവിന്റെ അവകാശവാദം കേട്ട മാർത്താ അവനെ ദൈവപുത്രനായി അംഗീകരിച്ചു. അതിനു നമുക്കും ഇടയാകട്ടെ.

മാർത്താ മറിയയോടു ഗുരുവിനെക്കുറിച്ചു പറഞ്ഞു. അവളുടെ പ്രതികരണം വികാരപാരവശ്യത്തോടുകൂടിയതായിരുന്നു. കർത്താവിനോടുള്ള സ്നേഹവും വിശ്വാസവും അങ്ങനെ അവൾ വ്യക്തമാക്കി. കർത്താവിന്റെ സാന്നിദ്ധ്യം അവളിൽ സന്തോഷം ഉളവാക്കി. അവൾ അവനെ ആരാധിച്ചു. പാപത്തിന്റെ ശിക്ഷയാകുന്ന മരണത്തെ കണ്ട കർത്താവിന്റെ ഹൃദയം ദുഃഖിച്ചു. ക്രിസ്തുവിന്റെ മനസ്സലിവ് ഇവിടെ കാണാവുന്നതാണ്. യേശു കരയുന്നവരോടുകൂടെ കരയുന്നവനാകുന്നു. അവൻ മനുഷ്യപുത്രനായ ദൈവപുത്രനാണ്. നമ്മുടെ വേദന മുഴുവൻ അറിയുന്ന കർത്താവിൽ ശരണപ്പെടുന്നത് എത്ര ഭാഗ്യം. അവനു നമ്മെ സഹായിക്കുവാൻ മനസ്സും ശക്തിയും ഉണ്ട് (എബ്രാ. 4:15,16).

കല്ലറയ്ക്കൽ വന്ന കർത്താവു കല്ലു നീക്കുവാൻ കല്പിച്ചു. സംശയിക്കുന്ന മാർത്തയോടു താൻ ജീവന്റെ ദാതാവാകുന്നു എന്നു പിന്നെയും ഓർപ്പിച്ചു. തുടർന്നു കർത്താവു പ്രാർത്ഥിക്കുന്നതായി കാണാം. അവൻ തന്റെ പ്രാർത്ഥന കേട്ടതിനു സ്തോത്രം ചെയ്തു. പിതാവിനോടുള്ള അഭേദ്യബന്ധം പ്രാർത്ഥനയ്ക്ക് ഉടൻ ഉത്തരം നൽകുന്നു. വിശ്വസിച്ചാൽ ദൈവമഹത്വം കാണുമെന്നുള്ള സത്യവും ഇവിടെ വ്യക്തമാകുന്നു. ലോകം കണ്ടു വിശ്വസിക്കുവാൻ ശ്രമിക്കുന്നു. ദൈവമക്കൾ ദൈവവാഗ്ദാനങ്ങൾ വിശ്വസിക്കുമ്പോൾ അവന്റെ മഹത്വം കാണുന്നവരാണ്. നമ്മുടെ ശുശ്രൂഷയുടെ ലക്ഷ്യം കർത്താവിന്റെ മഹത്വം ആയിരിക്കണം.

യേശു, “ലാസറേ, പുറത്തുവരിക” എന്നുറക്കെ വിളിച്ചു. മരിച്ചു നാലു നാൾ കഴിഞ്ഞിരുന്ന ലാസർ ജീവനുള്ളവനായി പുറത്തുവന്നു. കർത്താവിന്റെ വചനത്തിന്റെ ശക്തി ഇവിടെ വെളിപ്പെടുന്നു. ഭാവിയിൽ ആ ശബ്ദം മരിച്ചവരെ ഉയിർപ്പിക്കാൻ പോകുന്നു. ക്രിസ്തു മരണത്തെ ജയിച്ചവനാണ്. ശീലകളാൽ ചുറ്റപ്പെട്ട ലാസർ പുറത്തുവന്നതു മറ്റൊരു അത്ഭുതമാണ്. നമ്മുടെ കർത്താവിനു യാതൊന്നും അസാദ്ധ്യമായിരിക്കുന്നില്ല. അവന്റെ കെട്ടഴിക്കുവാൻ കർത്താവു കല്പിച്ചു. ക്രിസ്തു പാപികളെ രക്ഷിക്കുന്നു. അവൻ നിത്യജീവന്റെ ദാതാവാണ്. എന്നാൽ രക്ഷിക്കപ്പെട്ട പലരും ലോകം, പാപം, ജഡം എന്നിവയാൽ കെട്ടപ്പെട്ടവരായി കഴിയുന്നു. അവർ സ്വതന്ത്രരല്ല; ആത്മികസന്തോഷം അനുഭവിക്കുന്നില്ല. അവർ അനുതപിച്ചു കർത്താവിനായി സമർ പ്പിക്കപ്പെട്ട ജീവിതം നയിക്കണം എന്നവൻ ആഗ്രഹിക്കുന്നു. അതിനു മറ്റുള്ള വരുടെ സഹായം ആവശ്യമാണ്. പ്രാർത്ഥന, പ്രബോധനം, കൂട്ടായ്മ എന്നിവയ്ക്കു മാത്രമേ ഈ കെട്ടുകളെ പൊട്ടിക്കുവാൻ കഴിയൂ. അതിനു നമുക്കിട യാകട്ടെ. ഈ അടയാളം മുഖാന്തരം ദൈവനാമം മഹത്വപ്പെട്ടു. ശിഷ്യന്മാർ വിശ്വാസത്തിൽ ഉറച്ചു. മറ്റു ചിലർ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടു. നമ്മുടെ ശുശ്രൂഷകളുടെ ലക്ഷ്യം അതായിരിക്കണം.

കർത്താവു ലാസറിനെ ഉയിർപ്പിച്ച വാർത്ത ജനത്തിന്റെ മദ്ധ്യത്തിൽ വ്യാപിച്ചു. അതു മതനേതാക്കളുടെ വൈരാഗ്യം വർദ്ധിപ്പിക്കുകയും യേശുവിനെ കൊല്ലുവാൻ അവർ ശ്രമിക്കുകയും ചെയ്തു. യേശുവിനെ തുടർന്നു പ്രവർത്തിക്കുവാൻ അനുവദിച്ചാൽ റോമൻ ഗവണ്മെന്റ് പ്രതികാരനടപടി എടുക്കും എന്നവർ ഭയപ്പെട്ടു. അന്നത്തെ മഹാപുരോഹിതനായ കയ്യഫാവ് ക്രിസ്തു ഒരു ജാതിയുടെ നിലനിൽപ്പിനുവേണ്ടി മരിക്കുന്നതു നല്ലതാണെന്നു വിധി കല്പിച്ചു. ക്രിസ്തുവിന്റെ മരണം ലോകത്തിന്റെ പാപത്തിനു പ്രതിശാന്തിയായി അർപ്പിക്കപ്പെടുമെന്നുള്ളതിന്റെ പ്രവചനം ആയിരുന്നു അത്. യേശുവിനെ കൊല്ലുവാൻ അവർ ഗൂഢാലോചന ചെയ്തു. അതുകൊണ്ടും തന്റെ മരണത്തിനുള്ള നിശ്ചയിക്കപ്പെട്ട സമയം ആകാത്തതിനാലും താൻ എഫ്രയീമിലേക്കു പോയി. ജനം യേശുവിനെ കാണുവാൻ ആഗ്രഹിച്ചെങ്കിലും മതനേതാക്കന്മാർ അവനെ പിടിക്കുവാൻ കല്പന കൊടുത്തു.

## അദ്ധ്യായം 12

(12:1–11) യേശു തന്റെ പരസ്യശുശ്രൂഷയുടെ അന്ത്യത്തിലേക്ക് എത്തി. യെഹൂദപ്രമാണികൾ അവനെ കൊല്ലുവാൻ അവസരം അന്വേഷിക്കുന്നു. യേശു ബേഥാന്യയിൽ വന്നു. അവിടെ ലാസറിന്റെ ഭവനത്തിൽ അവന് അത്താഴം ഒരുക്കി. അപ്പോൾ മറിയ വിലയേറിയ സ്വച്ഛജടാമാംസിതൈലം യേശുവിന്റെ കാലിൽ പൂശി തന്റെ തലമുടികൊണ്ടു കാൽ തുവർത്തി. തൈലത്തിന്റെ സൗരഭ്യംകൊണ്ടു വീടു നിറഞ്ഞു. കർത്താവിനോടുള്ള സ്നേഹവും ഭക്തിയും ആണ് ഇവിടെ കാണുന്നത്. ഒരു വർഷത്തെ വേതനം ചെലവാക്കിയത്രെ ഈ തൈലം വാങ്ങിയത്. നമുക്കു ചെലവില്ലാത്ത ആരാധനയും ഭക്തിയും വെറും ഉപരിപ്ലവമായ അനുഭവം മാത്രമാകുന്നു. കർത്താവിനു വേണ്ടി ചെലവിടുന്നത് ഒരിക്കലും നഷ്ടമല്ല. കള്ളനായ ഇസ്കര്യോത്താ യൂദാ ഇതിനെ വെറും ചെലവായി കണക്കിട്ടു. അതു വിറ്റു ദരിദ്രന്മാർക്കു കൊടുക്കാമായിരുന്നു എന്നു പറഞ്ഞു. ക്രിസ്തുവിന്റെ മഹത്വം ദർശിക്കാത്ത ചിലർ ഇന്നും ആത്മീയ കാര്യങ്ങൾക്കു പ്രാധാന്യം നൽകാതെ മറ്റു സാമൂഹ്യ പ്രവർത്തനത്തിനു മുൻതൂക്കം നൽകുന്നു. കർത്താവ് അതിൽ പ്രസാദിക്കുന്നില്ല. യൂദയുടെ കള്ളത്തരത്തെ കർത്താവു ശാസിക്കുകയും മറിയയെ പ്രശംസിക്കുകയും ചെയ്തു. അവൾ കർത്താവിന്റെ ശവസംസ്കാരത്തിനു മുമ്പു തന്നെ തൈലലേപനം നടത്തി അവളുടെ വിശ്വാസവും ഭക്തിയും സ്നേഹവും വെളിപ്പെടുത്തി. കർത്താവു ദരിദ്രന്മാർക്കു കൊടുക്കുന്നതിനെ തടയുന്നില്ല എന്നതും ശ്രദ്ധേയമത്രെ. പുനരുത്ഥാനത്തിന്റെ തെളിവു നശിപ്പിക്കുവാൻ ലാസറെ കൊല്ലണം എന്നു മഹാപുരോഹിതന്മാർ

ആലോചിച്ചു. ഇന്നും അതു കാണാവുന്നതാണ്.

### യെരൂശലേമിലേക്കുള്ള ജയപ്രവേശനം (12:12-19)

പെസഹാപെരുന്നാളിന്റെ സമയമായിരുന്നു അത്. മുപ്പതു ലക്ഷത്തോളം യെഹൂദന്മാർ ഇതിൽ സംബന്ധിച്ചിരുന്നു എന്നു പറയപ്പെടുന്നു. മതനേതാക്കളുടെ വിദ്വേഷം അവഗണിച്ചുകൊണ്ട് അവർ യേശുവിനെ സ്വാഗതം ചെയ്തു. അവന് അവർ ആഘോഷത്തോടെ ഹോശന്നാ പാടി. അങ്ങനെ യേശുവിനെ അവരുടെ രാജാവായി അംഗീകരിച്ചു. സമാധാനയാത്ര യ്ക്ക് ഉപയോഗിച്ചിരുന്ന കഴുതപ്പുറത്താണ് കർത്താവു യെരൂശലേമിൽ പ്രവേശിച്ചത്. അത് ഒരു പ്രവചനനിവൃത്തിയായിരുന്നു (സെഖ. 9:9). ജനം യേശുവിന്റെ പിന്നാലെ ആയിപ്പോയി എന്നു യെഹൂദപ്രമാണികൾ ഭയന്നു. യെഹൂദ മതവിശ്വാസികളായിരുന്ന യവനന്മാർ യേശുവിനെ കാണുവാൻ താൽപര്യപ്പെട്ടു (12:20-50). അന്ത്രെയാസും ഫിലിപ്പോസും ഈ കാര്യം യേശുവിനെ അറിയിച്ചു. അപ്പോൾ കർത്താവു തന്റെ മരണത്തെക്കുറിച്ച് അവർക്ക് മുന്നറിവു നൽകി. ലാസറെ ഉയിർപ്പിച്ചതിനാലല്ല, തന്റെ മരണത്താലാണ് പുറജാതികൾ തങ്കലേക്ക് ആകർഷിക്കപ്പെടുവാൻ പോകുന്നത് എന്നു കർത്താവു വ്യക്തമാക്കി. ഗോതമ്പുമണി നിലത്തു വീണു ചാകുമ്പോൾ വളരെ വിളവ് ഉണ്ടാകുന്നതുപോലെ ക്രിസ്തു മരിച്ച് ഉയിർക്കുന്നതുമൂലം അനേകർ രക്ഷിക്കപ്പെടുന്നു. കർത്താവു തന്റെ മരണസമയം സമീപിച്ചിരിക്കുന്നു എന്നറിഞ്ഞു പിതാവിനോടു പ്രാർത്ഥിച്ചു. അവൻ പിതാവിന്റെ ഹിതത്തിനായി സ്വയം സമർപ്പിച്ചു. ദൈവമഹത്വം അന്വേഷിക്കുന്നതാണ് വിജയത്തിനുള്ള മാർഗ്ഗം. അപ്പോൾ സ്വർഗ്ഗത്തിൽനിന്നുമൊരു ശബ്ദം ഉണ്ടായി. ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളിൽക്കൂടി ദൈവം മഹത്വീകരിക്കപ്പെടും എന്ന സാക്ഷ്യം ഉണ്ടായി. പുരുഷാരം ഒരു ഇടി ഉണ്ടായി എന്നു തെറ്റിദ്ധരിച്ചു. ദൈവശബ്ദം തിരിച്ചറിയുവാൻ രക്ഷിക്കപ്പെട്ടവർക്കു മാത്രമേ കഴിയൂ. ദൈവശബ്ദം കേൾക്കുമ്പോൾ മാത്രമേ നമ്മുടെ വിശ്വാസം വർദ്ധിക്കുകയുള്ളൂ.

ഈ ലോകത്തിന്റെ പ്രഭു ഇന്നു സാത്താനാണ്. ക്രിസ്തു അവന്റെ മരണത്താൽ പാപത്തിനു ശിക്ഷയും സാത്താനു പരാജയവും വരുത്തി. ക്രൂശിക്കപ്പെട്ട ക്രിസ്തു സകലരേയും തങ്കലേക്ക് ആകർഷിക്കുവാൻ ശക്തിയുള്ളവനാണ്. ഈ സത്യങ്ങൾ ഗ്രഹിക്കുവാൻ ജനത്തിനു കഴിഞ്ഞില്ല. അവർ ആത്മീയ അജ്ഞതയിൽ കഴിഞ്ഞിരുന്നു. യെഹൂദന്മാർ അവരുടെ മശിഹാ മരിക്കും എന്നു കേട്ട് അത്ഭുതപ്പെട്ട് അത് എങ്ങനെ എന്നു യേശുവിനോടു ചോദിച്ചു. അതിന് ഉത്തരമായി ക്രിസ്തു, തന്റെ വചനം വിശ്വസിക്കാത്തവർ ഇരുളിൽ കഴിയുന്നു എന്നുത്തരം പറഞ്ഞു. ക്രിസ്തു വെളിച്ചമാണ്. അവ നിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ഉണ്ട്.

കർത്താവു യെഹൂദന്മാരുടെ അവിശ്വാസത്തെ ചൂണ്ടിക്കാണിച്ചു. വളരെ അടയാളങ്ങളും ഉപദേശങ്ങളും കേട്ട ശേഷവും അവർക്കു വിശ്വസിപ്പാൻ കഴിഞ്ഞില്ല. അങ്ങനെ സംഭവിക്കും എന്നു യെശയ്യാപ്രവാചകൻ പ്രവചിച്ചിരിക്കുന്നു എന്നു കർത്താവു ചൂണ്ടിക്കാട്ടി. അവരുടെ ഹൃദയകാഠിന്യത്തിന് അവർ തന്നെയാണ് ഉത്തരവാദികൾ. യെശയ്യാവ് കണ്ട യഹോവയുടെ തേജസ്സ് ക്രിസ്തുവിന്റെ തേജസ്സായിരുന്നു. പ്രമാണികളിൽ ചിലർ ക്രിസ്തുവിൽ വിശ്വസിച്ചു. എന്നാൽ മനുഷ്യരെ ഭയപ്പെട്ടതിനാൽ ഏറ്റുപറഞ്ഞില്ല. നമ്മുടെ വിശ്വാസം ഏറ്റുപറച്ചിൽ വഴിയാണ് തെളിയിക്കേണ്ടത്. കർത്താ വിനുവേണ്ടി അപമാനം സഹിക്കുന്നത് ഒരു പദവിയാണ് (പ്രവൃ. 5:41). യേശു ദൈവത്തിന്റെ പൂർണ്ണവെളിപ്പാടാണ്. ക്രിസ്തു ലോകത്തെ വിധിപ്പാനല്ല പ്രത്യുത രക്ഷിപ്പാനത്രെ വന്നത്. അവന്റെ വചനം നിരസിക്കുന്നവർക്ക് ആ വചനം തന്നെ ന്യായവിധിക്കു മുഖാന്തരമായി ഭവിക്കും. യേശുവിന്റെ വചനം ദൈവത്തിൽനിന്നുമുള്ളതാണ്. അതു നിത്യജീവന്റെ വചനമാണ് എന്നുള്ള പ്രസ്താവനയോടെ കർത്താവു തന്റെ പരസ്യശുശ്രൂഷ അവസാനിപ്പിച്ചു. ക്രിസ്തുവിൽ വിശ്വസിച്ച് ഇന്നുതന്നെ രക്ഷിക്കപ്പെടുക.

## അദ്ധ്യായം 13

പതിമൂന്നു മുതലുള്ള അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ ശിഷ്യന്മാരോടുള്ള ശുശ്രൂഷയും തന്റെ മരണപുനരുത്ഥാനവുമാണ് കാണുന്നത്. യേശു താൻ മരിക്കുവാനുള്ള നാഴിക വന്നു എന്നറിഞ്ഞു. മരണത്തെ ഒരു യാത്രയായി കർത്താവു കണ്ടു. പിതാവിന്റെ അടുക്കലേക്കു പോകേണ്ട സമയം, തനിക്കു ശിഷ്യന്മാരോടുള്ള ആഴമേറിയ സ്നേഹം വ്യക്തമാക്കി. സ്നേഹം പ്രവൃത്തിയിൽക്കൂടി വെളിപ്പെടുത്തേണ്ടതാണ്. അതാണ് നാം 13-ാം അദ്ധ്യായത്തിൽ കാണുന്നത്.

യേശു ശിഷ്യന്മാരുടെ കാൽ കഴുകി (13:1-11). ഇതു താഴ്മയെയും ത്യാഗത്തെയും കുറിച്ചുള്ള ഉപദേശം ശിഷ്യന്മാർക്കു നൽകുന്നു. സാധാരണ അടിമകൾ ആയിരുന്നു കാൽ കഴുകുന്നത്. ശിഷ്യന്മാരുടെ ഇടയിൽ ആരാണ് വലിയവൻ എന്ന തർക്കം ഉണ്ടായി. ക്രിസ്തുവിന്റെ ശിഷ്യന്മാർ അന്യോന്യം ശുശ്രൂഷിക്കേണ്ടവർ ആകുന്നു എന്നുള്ള സത്യം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. പത്രൊസ് തന്റെ കാൽ യേശു കഴുകുന്നതു കണ്ട് അത്ഭുതപ്പെട്ടു. തനിക്ക് അതിനു യോഗ്യത ഇല്ല എന്നു പത്രൊസ് സമ്മതിച്ച് ഏറ്റുപറഞ്ഞു. ക്രിസ്തുവുമായിട്ടുള്ള കൂട്ടായ്മയ്ക്കു ശുദ്ധീകരണം ആവശ്യം ആകുന്നു എന്നു കർത്താവു പ്രസ്താവിച്ചു. കാൽ മാത്രമല്ല തലയും കൂടെ കഴുകണം എന്നു പത്രൊസ് ആവശ്യപ്പെട്ടു. 'കുളിച്ചിരിക്കുന്നവർ കാൽ കഴുകിയാൽ മതി' എന്നു കർത്താവു പറഞ്ഞു. രക്ഷിക്കപ്പെട്ടവർ കുളി കഴിഞ്ഞവരാണ് (തീത്തൊ. 3:6). അത് ഒരിക്കലായി നടക്കുന്നതാണ് (1 കൊരി. 6:11). എന്നാൽ നമുക്കു മാലിന്യങ്ങൾ സംഭവിക്കാം. അപ്പോൾ കർത്താവിനോടുള്ള നമ്മുടെ കൂട്ടായ്മ നഷ്ടപ്പെടും. അതിനാൽ ദൈവവചനത്താലുള്ള കാൽ കഴുകൽ നമുക്ക് ആവശ്യമാണ്. എന്നാൽ ഇസ്കര്യോത്ത യൂദയെപ്പോലെ വീണ്ടും ജനിക്കാ

ത്തവർക്കു കാൽ കഴുകൽകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകു ന്നില്ല. കാൽ കഴുകൽ ഒരു ക്രിസ്തീയ ചടങ്ങായി ക്രിസ്തു നിയമിച്ചില്ല. അതിൽ ഉൾക്കൊണ്ടിരിക്കുന്ന താഴ്മയുടെയും ശുശ്രൂഷയുടെയും സന്ദേശത്തിനാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്. സഹോദരന്മാർ തെറ്റിൽ അകപ്പെട്ടാൽ ആത്മികരായ ദൈവമക്കൾ അവരെ യഥാ സ്ഥാനപ്പെടുത്തണം. അതാണ് ശരിയായ കാൽ കഴുകൽ. നാം അനുകരിക്കുവാനുള്ള മാതൃകയായി കർത്താവ് ഇതു നൽകിയിരിക്കുന്നു. ഇത് അനുസരിക്കുന്നവർ ഭാഗ്യവാന്മാരാണ്. നാം അന്യോന്യം ശുശ്രൂഷിക്കുമ്പോൾ മാത്രമേ സന്തോഷവും സംതൃപ്തിയുമുള്ളവർ ആകുവാൻ കഴിയൂ. ദൈവദാസന്മാർക്കു ചെയ്യുന്നതു ക്രിസ്തുവിനു ചെയ്യു ന്നതിനു തുല്യമാണ്. യൂദയെ തിരഞ്ഞെടുത്തത് അവൻ തന്നെ കാണിച്ചുകൊടുക്കും എന്നറിഞ്ഞുകൊണ്ടായിരു ന്നു. അത് ഒരു പ്രവചനനിവൃത്തിയായിരുന്നു (സങ്കീ. 41:9).

യൂദാ കർത്താവിനെ ഒറ്റിക്കൊടുക്കുന്നതിനെക്കുറിച്ചു മുമ്പുകൂട്ടി പ്രസ്താവിച്ചു (13:21–30). ശിഷ്യന്മാരിൽ ആരാ യിരിക്കും പ്രധാനി എന്നൊരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി (മർക്കൊ. 9:34). ആരാണ് കർത്താവിനെ ഒറ്റിക്കൊടുക്കുന്നത് എന്ന് പത്രൊസ് യോഹന്നാൻ മുഖാന്തരം കർത്താവിനോടു ചോദിച്ചു. 'ഖണ്ഡം മുക്കിക്കൊടു ക്കുന്നവൻ തന്നെ' എന്നു പറഞ്ഞ ശേഷം അപ്പം ചാറിൽ മുക്കി യൂദയ്ക്കു കൊടുത്തു. അപ്പോഴും യേശു അവനെ സ്നേഹിച്ചിരുന്നു. എന്നാൽ യൂദയിൽ സാത്താൻ പ്രവേശിച്ചിരുന്നു. "നീ ചെയ്യുന്നതു വേഗത്തിൽ ചെയ്യുക" എന്നു കർത്താവു യൂദയോടു പറഞ്ഞു. അപ്പോൾ തന്നെ യൂദാ എഴുന്നേറ്റുപോയി. അവന്റെ ഹൃദയം അത്ര യ്ക്ക് ഇരുട്ടുനിറ ഞ്ഞതായിരുന്നു.

കർത്താവ്, 'നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം' എന്ന പുതിയ കല്പന ശിഷ്യന്മാർക്കു നൽകി (13:31 –38). ക്രിസ്തുവിന്റെ മരണം ദൈവത്തിനു മഹത്വം നൽകുന്നതായിരുന്നു. ക്രിസ്തീയ ശിഷ്യത്വത്തിന്റെ തെളിവ് അവർ അന്യോന്യം സ്നേഹിക്കുന്നു എന്നതത്രെ. ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ അപ്പോൾ മാത്രമേ നമുക്ക് കഴിയൂ. പത്രൊസ് കർത്താവിനെ തള്ളിപ്പറയുമെന്ന് ക്രിസ്തു മുന്നറിവു നൽകി. പത്രൊസ് സ്വയശക്തി യിൽ കർത്താവിനെ അനുഗമിക്കുകയും മരിക്കുകയും ചെയ്യുമെന്നു പ്രശംസിച്ചു. എന്നാൽ താൻ പരാജയപ്പെടുക യാണുണ്ടായത്. അവൻ കോഴി കൂകുന്നതിനു മുമ്പ് മൂന്നു പ്രാവശ്യം കർത്താവിനെ തള്ളിപ്പറഞ്ഞു. നമ്മുടെ ബല ഹീനതകളെക്കുറിച്ചു ബോധവാന്മാരാകാതിരിക്കുന്നത് അപകടകരമാണ്.

## അദ്ധ്യായം 14

മാളികമുറിയിലെ പ്രഭാഷണമാണ് 14 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്നത്. അത് സ്നേഹ ത്തിന്റെ പ്രഭാഷണം ആയിരുന്നു. ക്രൂശുമരണത്തിന് ഏതാനും മണിക്കൂറുകൾക്കു മുമ്പാണ് ഈ പ്രഭാഷണം ചെയ്തത്. അതിഗഹനങ്ങളായ അനേക സത്യങ്ങൾ ഈ പ്രഭാഷണത്തിൽ ഉൾക്കൊണ്ടിരിക്കുന്നു.

ക്രിസ്തു ആശ്വാസപ്രദനാകുന്നു (14:1–31). ക്രിസ്തു വിട്ടുപിരിയുന്നതും, പത്രൊസ് തള്ളിപ്പറയുന്നതും, യൂദാ ഒറ്റിക്കൊടുക്കുന്നതും ഹൃദയം കല ങ്ങാൻ മതിയായ കാരണങ്ങളായിരുന്നു. പിതാവിലും ക്രിസ്തുവിലുമുള്ള വിശ്വാ സമാണ് ഹൃദയസമാധാനത്തിനുള്ള വഴി. സ്വർഗ്ഗം നമ്മുടെ പിതൃഭവന മാണ്. അവിടേക്കാണ് ക്രിസ്തു പോയത്. തന്നിൽ വിശ്വസിക്കുന്നവർക്കും അവിടെ വിശ്വാസവും ആശ്വാസവും കണ്ടെത്താവുന്നതാണ്. കർത്താവു സ്വർഗ്ഗ ത്തിൽ പ്രവേശിച്ചിരിക്കുന്നതു നമ്മുടെ മുന്നോടിയായിട്ടാണ് (എബ്രാ. 6:20). താൻ നമുക്കുവേണ്ടി സ്ഥലം ഒരുക്കു ന്നതിന്റെ പടികളാണ് തന്റെ മരണം, പൗരോഹിത്യ ശുശ്രൂഷ മുതലായവ എന്നുള്ള സത്യം വിശ്വസിച്ച് ആശ്വാ സവും പ്രത്യാശയും ഉള്ളവരായി ജീവിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. കർത്താവിനോടുകൂടെ ആയിരിക്കും എന്നതാണ് നമ്മുടെ സ്വർഗ്ഗസൗഭാഗ്യം.

ക്രിസ്തു പിതാവിന്റെ വെളിപ്പാടും അവങ്കലേക്കുള്ള വഴിയുമാകുന്നു. അവൻ മാത്രമാണ് വഴി; അവൻ ജീവ നുള്ള വഴിയുമാണ് (1:18; 14:6). അവന്റെ പ്രവൃത്തിയും ഉപദേശങ്ങളും പിതാവിനോടുള്ള പ്രത്യേക ബന്ധം വ്യക്ത മാക്കുന്നു. ശിഷ്യന്മാർ അവനിൽ വിശ്വസിക്കണം എന്ന് ഊന്നിപ്പറഞ്ഞു. അപ്പോൾ ആഗോളവ്യാപകമായി അവന്റെ പ്രവൃത്തികൾ ചെയ്യുന്നവരാകും. ക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്ന പ്രാർത്ഥന കേൾക്കും എന്ന ഉറപ്പും കർത്താവു ശിഷ്യന്മാർക്കു നൽകി. നമ്മുടെ പ്രാർത്ഥന ദൈവഹിതപ്രകാരം ഉള്ളതായിരിക്കണം. നമ്മുടെ പ്രവൃ ത്തികൾ ഫലകരമാക്കാൻ പ്രാർത്ഥന ഒഴിച്ചുകൂടാനാവാത്തതാണ്. പിതാവു പുത്രനിൽക്കൂടെ മഹത്വപ്പെടാത്ത യാതൊന്നും പ്രാർത്ഥനയിൽ ഉൾപ്പെടരുത്. ദൈവകല്പന അനുസരിക്കുമ്പോൾ മാത്രമേ പ്രാർത്ഥനയ്ക്കു മറുപടി ഉണ്ടാകുകയുള്ളൂ. കർത്താവിന്റെ വചനം അനുസരിക്കുന്നതാണ് അവനെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവ്.

പരിശുദ്ധാത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ അയയ്ക്കും എന്നു കർത്താവു പറഞ്ഞു. പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവിന്റെ വ്യക്തിത്വവും ദൈവത്വവും ഇവിടെ തെളിയുന്നു. ക്രിസ്തു വിനു തുല്യനായ കാര്യസ്ഥനാണ് പരിശുദ്ധാത്മാവ്. ഇന്നു കർത്താവു നമ്മുടെ കാര്യസ്ഥനായി പിതാവിന്റെ അടു ക്കെയും പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ കാര്യസ്ഥനായി നമ്മിലും അധിവസിച്ചുകൊണ്ട് പക്ഷവാദം ചെയ്യുന്നു (റോമർ 8:26). പരിശുദ്ധാത്മാവു നമ്മുടെ സഹായത്തിനായി വന്നുകഴിഞ്ഞാൽ ഒരിക്കലും വിട്ടുപിരിയുകയില്ല. അതുകൊണ്ടു നാം അനാഥ രാകുകയില്ല. ക്രിസ്തു ഇന്നു വിശ്വാസികളിൽ ജീവിക്കുന്നതു പരിശുദ്ധാത്മാ വിൽക്കൂടി യാണ്. പരിശുദ്ധാത്മാവു ദൈവവചനത്തിൽക്കൂടി നമുക്കു ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. അനുസരണം സ്നേഹത്തെ വെളിപ്പെടുത്തുന്നു. അങ്ങനെ അവർ പിതാവിനോടും പുത്രനോടും സഹവാസം ഉള്ള വരാകും.

ലോകം ക്രിസ്തുവിനെ സ്നേഹിക്കുന്നില്ല. അതുകൊണ്ട് അവന്റെ വചനം അവർ ഗ്രഹിക്കുന്നില്ല. പരിശുദ്ധാത്മാവു വരുമ്പോൾ സകലവും ഉപദേശിക്കുകയും ക്രിസ്തുവിന്റെ ഉപദേശങ്ങൾ അപ്പൊസ്തലന്മാരുടെ ഓർമ്മയിൽ കൊണ്ടു വരികയും ചെയ്യും. തൽഫലമായി നാലു സുവിശേഷങ്ങളും ലേഖനങ്ങളും അടങ്ങിയ പുതിയ നിയമം നമുക്കു ലഭിച്ചിരിക്കുന്നു.

ഹൃദയം കലങ്ങിയ ശിഷ്യന്മാർക്കു കർത്താവു തന്റെ സമാധാനം വാഗ്ദത്തം ചെയ്തു. ലോകം നൽകുന്ന സമാധാനം താൽക്കാലികം ആണ്. നമ്മുടെ സമാധാനത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ യാഗമരണം ആകുന്നു (കൊലൊ. 1:20). ദൈവത്തിന്റെ സ്വഭാവത്തിൽ വലിപ്പച്ചെറുപ്പമില്ലെ ങ്കിലും ശുശ്രൂഷയിൽ വ്യത്യാസം ഉണ്ട്. പിതാവു പുത്രനെ അയച്ചു. ക്രിസ്തുവിന്റെ കഷ്ടാനുഭവം വഴി വീണ്ടെടുപ്പുവേല നിർവ്വഹിച്ചു. ആ നിലയിൽ പിതാവാണ് വലിയവൻ. കർത്താവു പോകുന്നതിൽ ശിഷ്യന്മാർ സന്തോ ഷിച്ചു. അതു തന്റെ മഹത്വപ്രവേശനത്തിനും തദ്വാര പരിശുദ്ധാത്മാവിന്റെ വരവിനും കാരണമായി. അങ്ങനെ അവർ വിശ്വാസത്തിൽ ഉറയ്ക്കും എന്നു ക്രിസ്തു അരു ളിച്ചെയ്തു.

ലോകത്തിന്റെ പ്രഭു സാത്താനാണ് (12:31). പാപികൾ സാത്താന്റെ നിയന്ത്രണത്തിൽ കഴിയുന്നു. ആത്മീയ വിഷയങ്ങളോടുള്ള എതിർപ്പിന്റെ പിമ്പിൽ പ്രവർത്തിക്കുന്നതു സാത്താനാണ്. പാപവും മരണവും മൂലം സാത്താൻ മനുഷ്യരുടെ മേൽ വാഴുന്നു. അവനു ക്രിസ്തുവിന്റെ മേൽ ഒരു അധികാരവും ഇല്ല. ക്രിസ്തു പാപരഹിതൻ ആണ്. അവൻ സ്വയം മരണത്തിനു വിധേയനായി നമ്മുടെ വീണ്ടെടുപ്പു സാധിച്ചു.

## അദ്ധ്യായം 15

ശിഷ്യന്മാർക്കു കർത്താവിനോടുള്ള ബന്ധമാണ് മുന്തിരിവള്ളിയുടെ ഉപമയിൽ കാണുന്നത്. സാക്ഷാൽ മുന്തി രിവള്ളി ക്രിസ്തുവും കൊമ്പുകൾ വിശ്വാസികളുമാണ്. ഫലം കായ്ക്കുകയാണ് കൊമ്പുകളുടെ ഉത്തരവാദിത്വം. കൊമ്പുകൾക്കു മുന്തിരിവള്ളിയോടു സജീവബന്ധമുണ്ട്. ക്രിസ്തുവിനോടു ശിഷ്യന്മാർക്കുള്ള ബന്ധം അതാണ്. കായ്ക്കാത്ത കൊമ്പുകളെ നീക്കിക്കളയുന്നു. രക്ഷിക്കപ്പെടാത്ത വേഷഭക്തിക്കാരെ നീക്കിക്കളയുന്നു. രക്ഷിക്ക പ്പെട്ടവർ ആത്മീയ ഫലം പുറപ്പെടുവിക്കുന്നവരായിരിക്കും. അവർ വളരെ ഫലം ഉള്ളവർ ആകുവാൻ ചെത്തി വെടിപ്പാക്കപ്പെടുന്നു. പരിശോധനകളും കഷ്ടനഷ്ടങ്ങളും ആ ശുദ്ധീകരണ പ്രക്രിയയിൽ ഉൾപ്പെട്ടിരിക്കും. അതു നമ്മുടെ അനുഗ്രഹത്തിനും കർത്താവിന്റെ മഹത്വത്തിനുമായി തീരുന്നു. ദൈവവചനം നമ്മെ ശുദ്ധീകരിക്കുവാൻ മതിയായതാണ് (17:17).

ക്രിസ്തുവിനോടുള്ള സജീവവും നിരന്തരവുമായ കൂട്ടായ്മ വളരെ ഫലം കായ്ക്കുവാൻ ആവശ്യമാകുന്നു. ദൈവവചനം അനുസരിക്കുന്നവരാണ് ക്രിസ്തുവിൽ വസിക്കുന്നത്. അവർ കർത്താവിനെ സ്നേഹിക്കുന്നവരായി രിക്കും. ക്രിസ്തുവിനെക്കുറിച്ചുള്ള അറിവാണ് അവനെ സ്നേഹിക്കുവാൻ നമ്മെ പ്രാപ്തർ ആക്കുന്നത്. ക്രിസ്തു വിനെ കൂടാതെ നമുക്കു വിജയകരമായ ജീവിതമോ ഫലകരമായ ശുശ്രൂഷയോ സാദ്ധ്യമല്ല. യൂദയെപ്പോലെയുള്ള വേഷഭക്തിക്കാർ ശിക്ഷിക്കപ്പെടും.

ദൈവവചനം അനുസരിക്കുന്നതു പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുവാൻ ആവശ്യമാകുന്നു. ആത്മീയ ഫലം ഉള്ളവർക്കു മാത്രമേ ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയൂ; അവർ ക്രിസ്തുവിന്റെ ശിഷ്യന്മാരാണ്. ശിഷ്യത്വ ത്തിന്റെ അടയാളം അന്യോന്യം സ്നേഹിക്കുന്നു എന്നതാണ്. അതു ക്രിസ്തുവിൽ വിളങ്ങിയ നിസ്വാർത്ഥ സ്നേഹം ആണ്. ദൈവവചനം അനുസരിക്കുമ്പോൾ നാം സ്നേഹത്തിൽ വസിക്കുന്നവരാകുന്നു. ക്രിസ്തുവിനു നമ്മോ ടുള്ള സ്നേഹത്തെ അറിയുന്നതുമൂലം നാം അവനെ സ്നേഹിപ്പാൻ കഴിവുള്ളവർ ആകും. പിതാവിന്റെ ഹിതം അനുസരിക്കുന്നതിൽ കർത്താവു സന്തോഷിച്ചു. ശിഷ്യന്മാരുടെ സന്തോഷം പൂർണ്ണമാകുവാൻ ദൈവവചനം അനു സരിക്കണം. അപ്പോൾ അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കയും അവർ അന്യോന്യം സ്നേഹിക്കയും സന്തോ ഷമുള്ളവർ ആകയും ചെയ്യും.

ശിഷ്യന്മാർക്ക് അന്യോന്യം സ്നേഹിക്കുവാനുള്ള മാതൃക ക്രിസ്തുവിന്റെ സ്നേഹം ആകുന്നു (15:12-17). അതു പരിമിതിയില്ലാത്തതും നിത്യവുമായ സ്നേഹമാകുന്നു. ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുന്നവരാണ് അവന്റെ സ്നേഹിതന്മാർ. അവർ ക്രിസ്തുവിലുള്ള നിസ്വാർത്ഥവും ത്യാഗസമ്പൂർണ്ണവുമായ സ്നേഹമുള്ളവർ ആയിരിക്കും. ക്രിസ്തുവിനോടുള്ള അനുസരണം നമ്മെ അവന്റെ സ്നേഹിതന്മാർ ആക്കുന്നു. അതുകൊണ്ടു പിതാ വിന്റെ ഹിതം അവർക്കു വെളിപ്പെടുത്തുന്നു. ക്രിസ്തുവാണ് നമ്മെ തിരഞ്ഞെടുത്തത്. നാം ഫലം കായ്ക്കുവാൻ നിയോഗം ലഭിച്ചവരാണ്. നിലനിൽക്കുന്ന ഫലം പുറപ്പെടുവിക്കാൻ പ്രാർത്ഥന ഒഴിച്ചുകൂടാത്തതാണ്. ക്രിസ്തു വിന്റെ ശിഷ്യന്മാർ അന്യോന്യം സ്നേഹിക്കുവാൻ നിയോഗം ലഭിച്ചവരാണ്.

ശിഷ്യന്മാർക്കു ലോകത്തോടുള്ള ബന്ധം ക്രിസ്തു ചൂണ്ടിക്കാണിച്ചിരിക്കുന്നു (15:18-27). ലോകംകൊണ്ടുള്ള ആശയം ക്രിസ്തുവിനോടും അവന്റെ വചനത്തോടും വിദ്വേഷം ഉള്ളവർ എന്നാണ്. ശിഷ്യന്മാരെ ലോകം പക യ്ക്കും. എന്തുകൊണ്ടെന്നാൽ അവർ ലോകത്തിനുള്ളവർ അല്ല. ലോകം അവരെ പകയ്ക്കുന്നത് അവർ ക്രിസ്തു വിനുള്ളവർ ആകുന്നു എന്നതിന്റെ തെളിവാകുന്നു. ലോകം ക്രിസ്തുവിനെ പകയ്ക്കയും ക്രൂശിച്ചുകൊല്ലുകയും ചെയ്തു. ദാസൻ യജമാനനേക്കാൾ വലിയവനല്ല. വിശ്വാസികൾ ലോകമയന്മാർ ആകുമ്പോൾ അവരുടെ സാക്ഷ്യം

നഷ്ടപ്പെടുന്നു. ലോകത്തിന്റെ ആദർശങ്ങളും ദൈവവചനവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ് ഈ വിദ്വേഷത്തിനു കാരണം. ക്രിസ്തു ലോകത്തിൽ വന്ന് അവനെ വെളിപ്പെടുത്തി. എന്നാൽ ലോകം അവനിൽ വിശ്വസിച്ചില്ല. അജ്ഞതയല്ല അവിശ്വാസമാണ് പാപം. ക്രിസ്തുവിനെക്കുറിച്ച് അറിഞ്ഞശേഷവും അവനിൽ വിശ്വസിക്കാതിരിക്കുന്നതിന് ഒഴികഴിവില്ല. അവർ ശിക്ഷിക്കപ്പെടും. യെഹൂദന്മാർ ക്രിസ്തു ചെയ്ത അടയാളങ്ങൾ കണ്ട ശേഷവും അവനെ പകച്ചു. അതു തിരുവെഴുത്തുകളുടെ നിവൃത്തിയായിരുന്നു (സങ്കീ. 69:4). ലോകം നമ്മെ പകയ്ക്കും. എങ്കിലും പരിശുദ്ധാത്മാവു ക്രിസ്തുവിനെ നമ്മിൽ വെളിപ്പെടുത്തി ശക്തീകരിക്കും. അങ്ങനെ നാം ലോകത്തിൽ ക്രിസ്തുവിന്റെ സാക്ഷികളാകും.

## അദ്ധ്യായം 16

ക്രിസ്തു ശിഷ്യന്മാർക്ക് ലോകത്തിൽ ഉണ്ടാകുവാൻ പോകുന്ന കഷ്ടതകളെക്കുറിച്ചു മുന്നറിവു നൽകി (16:1 –6). ക്രിസ്തുവിന്റെ സാക്ഷികൾ ആകുന്നതുമൂലം ലോകം അവരെ വെറുക്കും. മതപരമായും സാമൂഹ്യമായും അവർ ഒറ്റപ്പെടും. മതാന്ധത നിമിത്തം അവർ രക്തസാക്ഷികൾ ആകും. അവരെ വധിക്കുന്നതു ദൈവത്തിനു വഴിപാടു കഴിക്കുന്നതായി ലോകം കരുതും. സഭാചരിത്രം ഇതിനു സാക്ഷ്യം വഹിക്കുന്നു. പിതാവിനെയും ക്രിസ്തുവിനെയും കുറിച്ചുള്ള അജ്ഞതയാണ് ഇതിന്റെ കാരണം. കർത്താവു ശിഷ്യന്മാരിൽനിന്നും വേർപെടാൻ പോകുന്നതുകൊണ്ടാണ് ഈ മുന്നറിയിപ്പു നൽകുന്നത്. ഇതു കേട്ട ശിഷ്യന്മാർ ദുഃഖമുള്ളവർ ആയി; അവർക്ക് എന്തു സംഭവിക്കും എന്നു ഭയപ്പെട്ടു.

ഭയപ്പെടുന്ന ശിഷ്യന്മാർക്കു കർത്താവു പരിശുദ്ധാത്മാവിനെ വാഗ്ദത്തം ചെയ്തു (16:7–24). താൻ പോകുന്നതുകൊണ്ടുള്ള പ്രയോജനം ക്രിസ്തു വെളിപ്പെടുത്തി. പരിശുദ്ധാത്മാവിനെ കാര്യസ്ഥനായി അയയ്ക്കുവാൻ യേശു സ്വർഗ്ഗാരോഹണം ചെയ്യണം. പരിശുദ്ധാത്മാവു ക്രിസ്തുവിനെ വെളിപ്പെടുത്തും. ശിഷ്യന്മാർക്കു നടത്തിപ്പും ശക്തിയും വിശ്വാസവും നൽകുന്നതു പരിശുദ്ധാത്മാവാണ്. കൂടാതെ പരിശുദ്ധാത്മാവു ലോകത്തെ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും. ഇതു ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ. ക്രിസ്തുവിൽ വിശ്വസിക്കാത്തതാണ് പാപം. സ്വാർത്ഥതയും അവിശ്വാസവുമാണ് അതിന്റെ മൂലകാരണങ്ങൾ. ക്രിസ്തുവിൽ മാത്രമേ നീതിയുടെ പൂർണ്ണത കാണുവാൻ കഴിയൂ. എന്നാൽ ലോകം ആ നീതിയെ അംഗീകരിക്കുന്നില്ല. ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തതിനാൽ ദൈവം ക്രിസ്തുവിന്റെ നീതിയെ അംഗീകരിച്ചു എന്നു തെളിയുന്നു. ക്രൂശിൽ കാണുന്നതു സാത്താന്റെ മേലുള്ള ന്യായവിധിയും അവന്റെ പരാജയവും ആണ് (ഉല്പ. 3:15). ഈ സത്യങ്ങൾ ലോകത്തിനു ബോധംവരുത്തുന്നതു പരിശുദ്ധാത്മാവാകുന്നു.

ശിഷ്യന്മാർക്കു ദൈവിക സത്യങ്ങൾ വെളിപ്പെടുത്തുന്നതു പരിശുദ്ധാത്മാവാണ്. ആത്മികമായി വളരുന്തോറും തിരുവചനസത്യങ്ങളും വെളിപ്പെട്ടുവരും. സകല സത്യംകൊണ്ടുള്ള ആശയം ദൈവസഭയുടെ ഉപദേശസത്യങ്ങൾ എന്നാണ്. അപ്പൊസ്തലന്മാർ പരിശുദ്ധാത്മനിശ്വസ്തരായി അതു നമുക്കു രേഖപ്പെടുത്തി തന്നിരിക്കുന്നു (യൂദാ 3). പുത്രൻ കൊടുത്തതു പരിശുദ്ധാത്മാവു വെളിപ്പെടുത്തി. പുത്രൻ പിതാവിനെയും പരിശുദ്ധാത്മാവു പുത്രനെയും മഹത്വപ്പെടുത്തുന്നു. പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം ഇവിടെ കാണാം. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള സമത്വവും ഐക്യവും വെളിപ്പെടുത്തുന്ന വേദഭാഗമാണിത് (16:13–15).

ശിഷ്യന്മാർ ക്രിസ്തുവിന്റെ വേർപാടിലും മരണത്തിലും ദുഃഖിച്ചു. കർത്താവ് അവരെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചെങ്കിലും അവർ നിരാശയും സംശയവും ഉള്ളവർ ആയിരുന്നു. അതിനു പരിഹാരം വരുത്തുവാൻ കർത്താവു മുൻകൈ എടുത്തു. ശിഷ്യന്മാരുടെ സങ്കടം സന്തോഷമായി മാറുമെന്നു കർത്താവു തെളിയിച്ചു. ക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും നമ്മുടെ സകല സങ്കടത്തിനും മൂലകാരണമായ പാപത്തിനുള്ള പരിഹാരമാകുന്നു. കൂടാതെ ശിഷ്യന്മാർ യേശുവിനെ കാണും. അതു നമുക്ക് ആശ്വാസം നൽകുന്ന വാഗ്ദത്തമാണ്. മാത്രമല്ല പുനരുത്ഥാനം ചെയ്ത കർത്താവു നമ്മെ കാണുന്നു. അവനു നമ്മെ സഹായിക്കുവാൻ മനസ്സും ശക്തിയും ഉണ്ട് (എബ്രാ. 4:15,16). അവന്റെ സാന്നിദ്ധ്യബോധം സന്തോഷദായകമാണ്. പിതാവിനോടു പുത്രന്റെ നാമത്തിൽ കഴിക്കുന്ന പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കും. അതും നമുക്കു സന്തോഷം പ്രദാനം ചെയ്യും.

പരിശുദ്ധാത്മാവു വരുമ്പോൾ ക്രിസ്തു മൂലം പിതാവിനോടുള്ള നമ്മുടെ ബന്ധം മനസ്സിലാക്കുവാൻ കഴിയും എന്നു കർത്താവു ശിഷ്യന്മാരോടു പറഞ്ഞു. പിതാവിനെക്കുറിച്ചുള്ള അറിവ് അവനോടു പ്രാർത്ഥിക്കുവാൻ സഹായിക്കും. പ്രാർത്ഥന നമുക്കു ദൈവത്തോടുള്ള ബന്ധത്തിന്റെ തെളിവാകുന്നു. പിതാവു നമ്മെ സ്നേഹിക്കുന്നതുകൊണ്ട് നമ്മുടെ പ്രാർത്ഥന കേൾക്കുന്നു. ക്രിസ്തു സ്വർഗ്ഗത്തിൽനിന്നും വന്നവനാണ്. പുത്രൻ പിതാവിന്റെ അന്തഃ സത്തയിൽനിന്നു വന്നതുകൊണ്ട് അവന്റെ പുത്രത്വം നിത്യമായിട്ടുള്ളതെന്നു തെളിയുന്നു. അവൻ ലോകത്തിൽ വന്നു പിതാവിന്റെ ഹിതം നിവർത്തിച്ചു. തന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചും മുന്നറിവു നൽകി. ഇതു കേട്ട ശിഷ്യന്മാർ അവന്റെ വചനം വിശ്വസിച്ചു. കർത്താവ് ഉടനെ പിടിക്കപ്പെടുമെന്നും ശിഷ്യന്മാർ ചിതറിപ്പോകുമെന്നും സൂചന നൽകി. എങ്കിലും അവർക്കു സമാധാനം ഉണ്ടാകുവാൻ ഇത് അരുളിച്ചെയ്തിരിക്കുന്നു. ദൈവമക്കൾക്കു ലോകത്തിൽ കഷ്ടങ്ങൾ ഉണ്ട്. എങ്കിലും ലോകത്തെ ജയിച്ച ക്രിസ്തുവിന്റെ വിശ്വാസം ഉള്ളവർ ലോകത്തെ ജയിക്കും.

## അദ്ധ്യായം 17

ക്രിസ്തുവിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയാണ് ഇവിടെ കാണുന്നത്. ഇതാണ് സാക്ഷാൽ കർത്താവിന്റെ പ്രാർത്ഥന. ആത്മിക കാര്യങ്ങളെ മാത്രം മുൻനിർത്തിയുള്ള പ്രാർത്ഥനയാണ് ഇത്. വിശ്വാസികൾ ലോകമയന്മാർ ആകാതെ ദൈവമഹത്വത്തിനായി ജീവിക്കുവാനുള്ള പ്രാർത്ഥനയായി ഇതിനെ കാണാം.

പിതാവിനോട് പുത്രനുള്ള നിസ്തുല്യബന്ധം ഇവിടെ കാണാം. പുത്രൻ പിതാവിനെ മഹത്വപ്പെടുത്തുവാൻ വന്നതാണ്. പിതാവു പുത്രനെ മഹത്വപ്പെ ടുത്തുന്നതു പുനരുത്ഥാനത്താലും സ്വർഗ്ഗാരോഹണത്താലും ആകുന്നു. ക്രിസ്തു സകലരുടെ മേലും അധികാരം ഉള്ളവനാണ്. അതുകൊണ്ട് അവർക്കു നിത്യജീവൻ നൽകുവാൻ അവനു കഴിയും. ഏകസത്യദൈവത്തെ ക്രിസ്തു വെളിപ്പെടുത്തി. ആ ക്രിസ്തുവിനെ അനുഭവത്തിൽക്കൂടി അറിയുന്നതാണ് നിത്യജീവൻ. നിത്യജീവൻകൊണ്ടുള്ള അർത്ഥം ദൈവത്തെ വ്യക്തിപരമായി അറിഞ്ഞ് അവന്റെ അനുഗ്രഹവും സംസർഗ്ഗവും നിത്യകാലം അനുഭവിക്കുക എന്നതാണ്. ലോകസ്ഥാപനത്തിനു മുമ്പുള്ള ദൈവമഹത്വം ഉരിഞ്ഞുവെച്ചു പുത്രൻ പിതാവിന്റെ ഹിതം നിവർത്തിച്ചു. ആ മഹത്വത്തിലേക്കു പിന്നെയും സ്വീകരിക്കുവാൻ കർത്താവു പ്രാർത്ഥിക്കുന്നു.

കർത്താവു ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു (17:6-19). അവരെ നൽകിയതു പിതാവാണ്. പുത്രൻ പിതാവിനെ അവർക്കു വെളിപ്പെടുത്തി. അവർ ശിഷ്യന്മാരാണെന്നുള്ളതിന്റെ തെളിവ് വചനം അനുസരിക്കുന്നു എന്നുള്ളതാണ്. തൽഫലമായി പുത്രൻ പിതാവിങ്കൽനിന്നു വന്നിരിക്കുന്നു എന്നും പിതാവ് അവനെ അയച്ചു എന്നും വിശ്വസിക്കുന്നു. കർത്താവു ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവരുടെ വിശുദ്ധീകരണം, മഹത്വീകരണം, ഭദ്രത എന്നിവയാണ് പ്രാർത്ഥനയുടെ ലക്ഷ്യം. അവരുടെ ഐക്യം കർത്താവ് ആഗ്രഹിക്കുന്നു. ദൈവമക്കൾ തമ്മിലുള്ള ഐക്യം സാക്ഷ്യജീവിതത്തിന് ഒഴിച്ചുകൂടാത്തതാണ്. വിശുദ്ധജീവിതം നയിക്കുവാൻ നാം പ്രാപ്തരാകണം എന്നു കർത്താവ് ആഗ്രഹിക്കുന്നു. ഐക്യത്തിന് അതാവശ്യമാണ്. ദുഷ്ടലോകത്തെ ജയിക്കുവാൻ അപ്പോൾ മാത്രമേ കഴിയുകയുള്ളൂ. ആത്മീയസന്തോഷം ദൈവവചനം വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകും. കർത്താവു പരസ്യമായി സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തത് ശിഷ്യന്മാരുടെ സന്തോഷം പൂർണ്ണമാക്കുവാനാണ്. നമുക്കും ആ നല്ല മാതൃക പിൻചെല്ലാം. ശിഷ്യന്മാർ വചനം അനുസരിച്ചതുകൊണ്ടു ലോകം അവരെ വെറുത്തു. ദൈവമക്കളെ ഈ ദുഷ്ടലോകത്തിൽനിന്നും മാറ്റണം എന്നു കർത്താവു പ്രാർത്ഥിച്ചില്ല. അവരെ കാത്തുകൊള്ളണം എന്നും അവരുടെ ശുശ്രൂഷ നിറവേറണം എന്നുമാണ് കർത്താവു പ്രാർത്ഥിച്ചത്. ദൈവമക്കൾ ലോകത്തിനുള്ളവർ അല്ല, പ്രത്യുത ക്രിസ്തുവിനുള്ളവർ ആണ്. ദൈവവചനധ്യാനം അവരുടെ വിശുദ്ധജീവിതത്തിന് ഒഴിച്ചുകൂടാത്തതാകുന്നു. വിശുദ്ധീകരണംകൊണ്ടുള്ള ആശയം ലോകത്തിന്റെ മായം കലരാതെ വേർപെട്ട ജീവിതം നയിക്കുക എന്നാണ്. വചനംകൊണ്ടുള്ള ലക്ഷ്യം ജ്ഞാനമല്ല, ശുദ്ധീകരണമാണ്. അങ്ങനെ നാം ലോകത്തിൽ ജീവിക്കുവാൻ അയയ്ക്കപ്പെട്ടവർ ആകുന്നു. പുത്രൻ പിതാവിന്റെ ഹിതം ചെയ്യുവാൻ സ്വയം വേർതിരിഞ്ഞു. നമുക്കും ആ മാതൃക അനുകരിക്കാം.

കർത്താവു സഭയുടെ അഥവാ വിശ്വാസികളുടെ ഐക്യത്തിനുവേണ്ടി പ്രാർത്ഥിച്ചു (17:20-26). പുത്രൻ പിതാവിനെ വെളിപ്പെടുത്തി. വിശ്വാസികൾ ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തണം. അതിനു വിശ്വാസികൾ ഐക്യമുള്ളവർ ആകുവാൻ കർത്താവു പ്രാർത്ഥിച്ചു. അങ്ങനെ പിതാവിനു പുത്രനോടുള്ള സ്നേഹം വിശ്വാസികളോടുമുണ്ട് എന്നു ലോകം അറിയുവാൻ ഇടയാകണം. വിശ്വാസികൾ ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി കാണണം എന്നവൻ ആഗ്രഹിക്കുന്നു. ദൈവം നീതിമാനാകയാൽ പുത്രന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു. ദൈവനാമം അവന്റെ സ്നേഹത്തെ വെളിപ്പെടുത്തുന്നു. പരിശുദ്ധാത്മാവിനെ നമുക്കു നൽകിയ ദൈവം തന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു (റോമർ 5:5). നാം ആ സ്നേഹം ഉള്ളവർ ആണോ?

## അദ്ധ്യായം 18

ക്രിസ്തുവിന്റെ കഷ്ടാനുഭവമാണ് 18,19 അദ്ധ്യായങ്ങളിൽ കാണുന്നത്. മറ്റു സുവിശേഷങ്ങളിലും ഈ വിവരണം കാണാവുന്നതാണ്. കർത്താവിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുശേഷം ദൈവാലയത്തിനു കിഴക്കുള്ള കെദ്രോൻ തോട് കടന്ന് അക്കരെയുള്ള ഗെത്ത്ശെമന തോട്ടത്തിൽ തന്റെ 11 ശിഷ്യന്മാരു മായി പോയി. ആ സ്ഥലം യൂദയ്ക്കു പരിചയം ഉണ്ടായിരുന്നു. അവിടെവച്ച് യൂദാ യേശുവിനെ ഒറ്റിക്കൊടുത്തു. തന്നെ പിടിക്കുവാൻ വന്ന പട്ടാളത്തെയും ചേവകരെയും നേരിട്ടുകൊണ്ട് “നിങ്ങൾ ആരെ തെരയുന്നു” എന്നു കർത്താവ് ചോദിച്ചു. തന്റെ മരിക്കുവാനുള്ള നാഴിക വന്നു എന്നു കർത്താവ് അറിഞ്ഞിരുന്നു. ശിഷ്യന്മാരെ വിടുവിക്കുവാൻ ആഗ്രഹിക്കുന്ന കർത്താവു സ്വമനസ്സാലെ ശത്രുക്കളുടെ കയ്യിൽ ഏല്പിച്ചുകൊടുത്തു. അപ്പോൾ “ഞാൻ തന്നെ” എന്നു പറഞ്ഞ ക്രിസ്തു തന്റെ ദൈവത്വം തെളിയിക്കുന്നു. യൂദാ കർത്താവിനെ ചുംബിച്ചു കാണിച്ചുകൊടുത്തു. ആ സന്ദർഭത്തിൽ ആവേശം കൊണ്ട പത്രൊസ് മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ കാതറുത്തു കളഞ്ഞു. പത്രൊസിനെ ശാസിച്ചുകൊണ്ടു കർത്താവു ദാസനെ സൗഖ്യമാക്കി. ക്രിസ്തുമാർഗ്ഗം സാഹസത്തിന്റെ മാർഗ്ഗമല്ല. നാം ദൈവഹിതത്തിനു സമർപ്പിക്കപ്പെട്ടിരിക്കുന്നവർ ആയിരിക്കണം.

തുടർന്നു നാം യേശുവിന്റെ വിസ്താരം കാണുന്നു (18:12-19:16). അവനെ ഹന്നാവിന്റേയും കയ്യഫാവിന്റേയും

അടുക്കൽ കൊണ്ടുപോയി. മഹാപുരോഹിത കോടതിയിൽ യേശുവിനു നീതി കിട്ടിയില്ല. മതം പരാജയപ്പെടുന്നത് ഇവിടെ കാണാം. ഈ സന്ദർഭത്തിലാണ് ബാല്യക്കാരത്തിയുടെ ചോദ്യ ത്തിനു മുമ്പിൽ പത്രൊസ് കർത്താവിനെ തള്ളിപ്പറഞ്ഞത്. കർത്താവിനെ പരിഹസിക്കുന്നവരുടെ കൂടെ നിന്ന പത്രൊസ് പരാജയപ്പെട്ടു. അതു നമുക്കും ഗുണപാഠമായിരിക്കട്ടെ. മതകോടതിയുടെ മുമ്പാകെ നിൽക്കുന്ന യേശുവിനെ ചേവകർ അന്യായമായി അടിച്ചു. അപ്പോഴും ക്രിസ്തുവിന്റെ സൗമ്യത വെളിപ്പെടുന്നതായി കാണാം.

മതവിസ്താരത്തിന്റെ ശേഷം സിവിൽ വിസ്താരത്തിനായി യേശുവിനെ പീലാത്തൊസിന്റെ അടുക്കൽ അയച്ചു. യേശുവിനെ കൊല്ലുവാൻ വിധിക്കേണ്ടതിനാണ് പീലാത്തൊസിനെ സമീപിച്ചത്. യെഹൂദന്മാർക്ക് അതിന് അധി കാരം ഇല്ലായിരുന്നു. പീലാത്തൊസു യേശുവിനോട്, "നീ യെഹൂദ ന്മാരുടെ രാജാവോ" എന്നു ചോദിച്ചു. "എന്റെ രാജ്യം ഐഹികമല്ല" എന്ന യേശുവിന്റെ മറുപടി പീലാത്തൊസിനു മനസ്സിലായില്ല. പിന്നെയും 'നീ രാജാവു തന്നെയോ' എന്നു പീലാത്തൊസ് പരിഹാസത്തോടെ ചോദിച്ചു. യേശു താൻ രാജാവാണെന്നും, സത്യത്തിനു സാക്ഷിനിൽക്കുവാൻ ജനിച്ചുവെന്നും, സത്യതൽപരർ തന്റെ വാക്കു കേൾക്കും എന്നും പറഞ്ഞു. സത്യത്തിന്റെ മൂർത്തിയായ ക്രിസ്തുവിനോട് "സത്യം എന്നാൽ എന്ത്" എന്നു ചോദിക്കുന്ന പീലാത്തൊസിനെ ഇവിടെ കാണാം. ലോകം, നീതി നടത്തുവാൻ ക്രിസ്തുവിൽ ആശ്രയിക്കണം. യേശു കുറ്റക്കാരനല്ല എന്നു ബോധ്യമായെങ്കിലും ഭീരുവായ പീലാത്തൊസ് അവനെ വിടുവാൻ ധൈര്യപ്പെട്ടില്ല. ന്യായാധിപന്റെ മനഃസാക്ഷിയും ഹൃദയവും മരവിച്ച സമയമായിരുന്നു ഇത്. അതുപോലെ തന്നെ മതനേതാക്കളുടെ ഹൃദയം ഇരുളടഞ്ഞ മണിക്കൂറുകൾ ഇവിടെ കാണാം. അവർ ജനത്തെ വശീകരിച്ച്, ജീവദാതാവിനെ ഉപേക്ഷിച്ചുകൊണ്ടു കവർച്ചക്കാരനും തടവുകാരനുമായ ബറബ്ബാ സിനെ വിട്ടുതരിക എന്നു നിലവിളിക്കുവാൻ അവരെ നിർബന്ധിച്ചു.

## അദ്ധ്യായം 19

യേശുവിനെ അന്യായമായി പരിഹസിക്കുകയും ഉപദ്രവിക്കുകയും ചെയ്യുവാൻ പീലാത്തൊസും കല്പിച്ചു. യേശു സഹിച്ച ക്രൂരത അവർണ്ണനീയമാണ്. എങ്ങനെയെങ്കിലും ക്രിസ്തുവിനെ വിടുവിക്കേണ്ടതിനാണ് അങ്ങനെ ചെയ്തത്. ക്രിസ്തുവിന്റെ കുറ്റമില്ലായ്മ പീലാത്തൊസ് വീണ്ടും വീണ്ടും ഊന്നിപ്പറഞ്ഞു. എന്നാൽ മഹാപുരോ ഹിതന്മാർ യേശുവിനെ ക്രൂശിക്കുവാൻ പരസ്യമായി ആവശ്യപ്പെട്ടു. റോമൻ നിയമപ്രകാരം യേശു നിർ ദ്ദോഷിയാ യിരുന്നു. അതുകൊണ്ടു യേശു ദൈവപുത്രൻ എന്ന് അവകാശപ്പെടുകയാൽ ദൈവദൂഷണത്തിന്റെ ശിക്ഷയായ മരണം സഹിക്കണം എന്നു നിർബന്ധിച്ചു. പീലാത്തൊസ് പിന്നെയും യേശുവിനെ വിചാരണ ചെയ്ത് അവനെ വിടുവിക്കുവാൻ ശ്രമിച്ചു. യേശുവിനെ വിട്ടയച്ചാൽ അവൻ കൈസരോടു മത്സരിക്കുന്നവനാകും എന്നു ജനം പറ ഞ്ഞു. ഇതു കേട്ട പീലാത്തൊസു ഭയന്നു. അങ്ങനെ യേശുവിനെ ക്രൂശിക്കേണ്ടതിനു യെഹൂദന്മാർക്ക് ഏല്പിച്ചു കൊടുത്തു.

അവർ യേശുവിനെ കയ്യേറ്റു. അവൻ തന്നെ തന്റെ ക്രൂശു ചുമന്നുകൊണ്ടു ഗൊല്ഗോഥയിലേക്കു പോയി. ക്രൂശു ചുമക്കുവാൻ ശക്തി നഷ്ടപ്പെട്ടപ്പോൾ കുറേനക്കാരനായ ശീമോൻ ക്രൂശു ചുമന്നു. യേശുവിനെ രണ്ടു കള്ളന്മാരുടെ മദ്ധ്യേ ക്രൂശിച്ചു. പടയാളികൾ അവന്റെ കൈകാലുകൾ കുരിശിൽ തറച്ചു. 'നസറായനായ യേശു യെഹൂദന്മാരുടെ രാജാവ്' എന്ന ഒരു മേലെഴുത്തും ക്രൂശിന്മേൽ പതിപ്പിച്ചിരുന്നു. ആ മേലെഴുത്തു നീക്കുവാൻ യെഹൂദന്മാർ ആവശ്യപ്പെട്ടെങ്കിലും പീലാത്തൊസ് അതു കേട്ടില്ല. യേശുവിന്റെ വസ്ത്രം പടയാളികൾ ചീട്ടിട്ട് എടുത്തു. ക്രൂശിൽ കിടന്ന കർത്താവു തന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. ദുഃഖിക്കുന്ന സ്ത്രീകളെ ആശ്വ സിപ്പിച്ചു. അമ്മയുടെ സംരക്ഷണം ശിഷ്യനായ യോഹന്നാനു നൽകി. സുബോധത്തോടെ കർത്താവു തന്റെ ക്രൂശു സഹിച്ചു. എല്ലാം നന്നായി ചെയ്ത് ഒടുവിൽ 'നിവൃത്തിയായി' എന്നു പറഞ്ഞ് തല ചായ്ച്ച് ആത്മാവിനെ ഏൽപ്പിച്ചുകൊടുത്തു. മനുഷ്യവർഗ്ഗത്തിനുള്ള പാപത്തിന്റെ പ്രായശ്ചിത്തമായി ക്രിസ്തു മരിച്ചു. അവന്റെ ജീവി തവും മരണവും നിസ്തുല്യമാകുന്നു. അതു പ്രവചനങ്ങളുടെ നിവൃത്തിയായിരുന്നു.

യേശുവിന്റെ ശവസംസ്കാരമാണ് തുടർന്നു കാണുന്നത് (19:31–42). ക്രിസ്തു മരിച്ചു എന്നുറപ്പാക്കാൻ പട യാളികളിൽ ഒരുവൻ അവന്റെ വിലാപ്പുറത്തു കുന്തംകൊണ്ടു കുത്തി. അവിടെനിന്നും രക്തവും വെള്ളവും പുറ പ്പെട്ടു. അവന്റെ കാൽ പടയാളികൾ ഒടിച്ചില്ല (സങ്കീ. 34:20). ഇതൊക്കെയും പ്രവചനങ്ങളുടെ നിവൃത്തിയായിരു ന്നു. യേശുവിന്റെ ശരീരം അരിമഥ്യയിലെ യോസേഫിന്റെ കല്ലറയിൽ സംസ്കരിച്ചു. നിക്കൊദേമൊസ് കൊണ്ടു വന്ന നൂറു റാത്തൽ സുഗന്ധവർഗ്ഗം അതിന് ഉപകരിച്ചു. യോസേഫിന്റെയും നിക്കൊദേമൊസിന്റെയും സ്നേഹവും ഭക്തിയും ഇവിടെ വെളിപ്പെടുന്നു. യേശുവിന്റെ സംസ്കരണം ഒരു രാജകീയ സംസ്കരണവും പ്രവചനനിവൃത്തിയും ആയിരുന്നു (യെശ. 53:9). ക്രിസ്തുവിന്റെ മരണം, സംസ്കരണം, പുനരുത്ഥാനം എന്നിവ സ്നേഹത്തോടും ഭക്തി യോടും ഓർക്കുവാൻ നാം കടപ്പെട്ടവർ ആകുന്നു.

## അദ്ധ്യായം 20

യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പും തുടർന്നു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നതുമാണ് ഇവിടെ കാണുന്ന ത്. നാലു സുവിശേഷങ്ങളിലും ഇതു രേഖപ്പെടുത്തിയിരിക്കുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അഥവാ ഞായ റാഴ്ച രാവിലെ മഗ്ദലക്കാരത്തി മറിയ കല്ലറയ്ക്കു വരുന്നതായി കാണുന്നു. അവളിൽനിന്നും ലഭിച്ച സന്ദേശം

പത്രൊസിനെയും യോഹന്നാനെയും കല്ലറയ്ക്കലേക്ക്  ആകർഷിച്ചു. ശൂന്യമായിക്കിടന്ന കല്ലറ കണ്ട് അവർ വീട്ടിലേക്കു മടങ്ങി. യേശു ഉയിർത്തെഴുന്നേറ്റു എന്നവർ വിശ്വസിച്ചില്ല. മഗ്ദലക്കാരത്തി മറിയയ്ക്കു യേശു പ്രത്യക്ഷനായി. അവനെ തോട്ടക്കാരനായി മറിയ തെറ്റിദ്ധരിച്ചു. യേശു അവളെ "മറിയയേ" എന്നു വിളിച്ചു. അപ്പോൾ അവൾക്കു കർത്താവിനെ മനസ്സിലായി. അവൾ പോയി ശിഷ്യന്മാരോടു കർത്താവിനെക്കണ്ട വിവരം അറിയിച്ചു.

യേശു, ഭയപ്പെട്ടു കഴിഞ്ഞ ശിഷ്യന്മാർക്കു തുടർന്നു പ്രത്യക്ഷപ്പെട്ടു. താൻ ഒരു മായക്കാഴ്ചയല്ല എന്നുറപ്പാക്കുവാനായി കൈനീട്ടി തന്റെ മുറിവുകളെ തൊടുവാൻ ആവശ്യപ്പെട്ടു. ഭീരുക്കളായ ശിഷ്യന്മാരോട്, "നിങ്ങൾക്കു സമാധാനം" എന്നു പറഞ്ഞു. യേശു ശിഷ്യന്മാർക്കു വലിയ നിയോഗം നൽകി. ക്രിസ്തുവിന്റെ സ്ഥാനപതികളാണ് അവന്റെ ശിഷ്യന്മാർ. അവർ പരിശുദ്ധാത്മശക്തി പ്രാപിച്ച് ക്രിസ്തുവിന്റെ സാക്ഷികൾ ആകണം. സുവിശേഷം അറിയിക്കുന്നതു പാപമോചനം ലഭിക്കുവാനാണ്. പാപം ക്ഷമിക്കുവാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളൂ. കർത്താവു തോമസിനു വെളിപ്പെട്ടു. കർത്താവിനെ തൊട്ടു മനസ്സിലാക്കുവാൻ അവൻ ആഗ്രഹിച്ചു. ക്രിസ്തു അവന്റെ ആഗ്രഹം സാധിപ്പിച്ചുകൊടുത്തു. തോമസിനെ കുറ്റപ്പെടുത്താതെ "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്നു പറഞ്ഞു. തോമസ് യേശുവിനെ "എന്റെ കർത്താവും എന്റെ ദൈവവും" എന്നേറ്റു പറഞ്ഞു. ക്രിസ്തീയ ജീവിതത്തിന്റെ പ്രമാണം കാഴ്ചയല്ല, വിശ്വാസമാണ്. സത്യത്തെ അന്ധമായി വിശ്വസിക്കുന്നതല്ല വിശ്വാസം. അതു യുക്തിക്കു അതീതമാണ്. വിശ്വസിക്കുന്ന ഹൃദയവും മനസ്സും സംതൃപ്തി കണ്ടെത്തും. ക്രിസ്തുവിന്റെ പുനരുത്ഥാനമാണ് ഏറ്റവും വലിയ അടയാളം. യേശു ചെയ്ത അനേകം അടയാളങ്ങൾ വിശദീകരിച്ചുകൊണ്ട് അവന്റെ ദൈവത്വത്തിലും മനുഷ്യത്വത്തിലും വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുവാൻ യോഹന്നാൻ തന്റെ സുവിശേഷം എഴുതി. അതിനു വായനക്കാരെ ദൈവം സഹായിക്കട്ടെ.

## അദ്ധ്യായം 21

ഉയിർത്തെഴുന്നേറ്റ കർത്താവു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുകയും അവർക്കു നിയോഗം നൽകുകയും ചെയ്തു. ഗലീലയിൽ വെച്ചു പ്രത്യക്ഷനായ വിവരണമാണ് ഇവിടെ കാണുന്നത്. തിബെര്യാസ് എന്നതു ഗലീലക്കടലിന്റെ മറ്റൊരു പേരാകുന്നു. പത്രൊസും മറ്റു ചില ശിഷ്യന്മാരും മീൻ പിടിക്കുവാൻ പോയി. അന്നു രാത്രിയിൽ ഒന്നും പിടിച്ചില്ല. മനുഷ്യരെ പിടിക്കുവാൻ വിളിക്കപ്പെട്ടവരാണ് അവർ. ദൈവഹിതത്തിനു വിപരീതമായുള്ള പ്രവൃത്തികൾ പരാജയത്തിൽ കലാശിക്കും. കർത്താവു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു. എന്നാൽ അവനെ ശിഷ്യന്മാർ തിരിച്ചറിഞ്ഞില്ല. യേശു അവരെ 'കുഞ്ഞുങ്ങളേ' എന്നു സംബോധന ചെയ്തു. "കൂട്ടുവാൻ വല്ലതും ഉണ്ടോ" എന്നു ചോദിച്ചു. ഇവിടെ കർത്താവിന്റെ സ്നേഹവും കരുതലും കാണാവുന്നതാണ്. പടകിന്റെ വലതുഭാഗത്തു വല വീശുവാൻ ശിഷ്യന്മാരോടു കർത്താവു കല്പിച്ചു. മുക്കുവരായ അവർ മീൻപിടുത്തത്തിൽ വിദഗ്ദ്ധർ ആണ്. എതിർപ്പു പറയാതെ അവർ കർത്താവിനെ അനുസരിച്ചു. കർത്താവിന്റെ കല്പന സന്തോഷത്തോടും ഉടനെയും അനുസരിക്കുമ്പോൾ നാം അനുഗ്രഹിക്കപ്പെടും. യോഹന്നാൻ കർത്താവിനെ ഉടനെ തിരിച്ചറിഞ്ഞു. വലിയ മീൻകൂട്ടം പിടിച്ചതാണ് അതിനു കാരണം. പത്രൊസ് ഉടനെ കടലിൽ ചാടി നീന്തി യേശുവിനെ സമീപിച്ചു. ശേഷം ശിഷ്യന്മാർ അവനെ അനുകരിച്ചു. 153 വലിയ മീൻ വലയിൽ നിറഞ്ഞെങ്കിലും വല കീറിയില്ല എന്നതു മറ്റൊരു അത്ഭുതം ആകുന്നു. കർത്താവിന്റെ പ്രവൃത്തി ആശ്ചര്യം ഉളവാക്കുന്നതാണ്.

പ്രഭാതഭക്ഷണം കഴിക്കുവാൻ കർത്താവു ശിഷ്യന്മാരെ ക്ഷണിക്കുന്നു. ഇവിടെ കർത്താവിന്റെ കരുതലും സ്നേഹവും കാണാം. അവനിൽ ആശ്രയിക്കുന്നവരെ കർത്താവ് ഇന്നും കരുതുകയും പരിപാലിക്കുകയും ചെയ്യുന്നു. കർത്താവു പത്രൊസിനെ യഥാസ്ഥാനപ്പെടുത്തുന്നതായി ഇവിടെ കാണാം. പത്രൊസ് കർത്താവിനെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞവനാണ്. മാനുഷിക മായ ബലഹീനത നിമിത്തമാണ് അങ്ങനെ സംഭവിച്ചത്. മറ്റു ശിഷ്യന്മാരേക്കാൾ കൂടുതൽ സ്നേഹമുണ്ടെന്നും അവൻ പറഞ്ഞിരുന്നു. 'മറ്റു ശിഷ്യന്മാരിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുണ്ടോ' എന്നു കർത്താവ് പത്രൊസിനോടു ചോദിച്ചു. ഇവിടെ സ്നേഹംകൊണ്ടുള്ള ആശയം ആഴവും ത്യാഗസമ്പൂർണ്ണവുമായ സ്നേഹം എന്നാണ്. പത്രൊസ് കർത്താവിനോടു പ്രിയമുണ്ടെന്നു പറഞ്ഞു. മാതാപിതാക്കന്മാർക്കു മക്കളോടുള്ള സ്നേഹമാണ് പ്രിയം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. രണ്ടാം പ്രാവശ്യവും ഈ ചോദ്യം കർത്താവു ചോദിക്കയും പത്രൊസ് മറുപടി പറയുകയും ചെയ്തു. ക്രിസ്തുവിനോടുള്ള നമ്മുടെ സ്നേഹം അനുതാപവും, അനുസരണവും, സേവനസന്നദ്ധതയും ഉളവാക്കും. ദൈവമക്കളുടെ ജീവിതത്തിൽ എക്കാലത്തും ഈ ചോദ്യം പ്രസക്തമാണ്. മൂന്നാം പ്രാവശ്യം കർത്താവു പത്രൊസിനോട് "നിനക്ക് എന്നോടു പ്രിയമുണ്ടോ" എന്നു ചോദിച്ചു. പത്രൊസ് അനുതാപത്തോടെ "കർത്താവേ, നീ സകലവും അറിയുന്നു, എനിക്കു നിന്നോടു പ്രിയം ഉണ്ട്" എന്നു പറഞ്ഞു. കർത്താവു പത്രൊസിനു ദൈവജനത്തിന്റെ പരിപാലനത്തിനുള്ള നിയോഗം നൽകുന്നതായി കാണാം. ദൈവജനത്തെ ദൈവിക സത്യങ്ങളിൽ നിലനിർത്തുകയും പരിപാലിക്കുകയും ചെയ്യുവാൻ കർത്താവിനോടുള്ള  സ്നേഹം  ഒഴിച്ചുകൂടാത്തതാകുന്നു.

പത്രൊസിന്റെ മരണവിധത്തെക്കുറിച്ചും പ്രവചനരൂപേണ ക്രിസ്തു പറഞ്ഞു. അവൻ കർത്താവിനോടുള്ള ആഴമായ സ്നേഹം നിമിത്തം രക്തസാക്ഷിയായി മരിക്കും. അതു മുഖാന്തരം ദൈവം മഹത്വപ്പെടും എന്നു കർത്താവു പ്രസ്താവിച്ചു. പത്രൊസ് റോമിൽ വച്ചു ക്രൂശിക്കപ്പെട്ടു എന്നു പാരമ്പര്യം പറയുന്നു. തന്നെ വിശ്വസ്തതയോടെ ജീവപര്യന്തം സേവിക്കുവാൻ കർത്താവു പത്രൊസിനെ ആഹ്വാനം ചെയ്തു. നമുക്കും ആ നല്ല മാതൃക പിൻചെല്ലാം.

പത്രൊസ് രക്തസാക്ഷിയായി മരിക്കും എന്നറിഞ്ഞപ്പോൾ സഹശിഷ്യനായ യോഹന്നാന് എന്തു സംഭവിക്കും എന്നറിയുവാൻ പത്രൊസ് ആഗ്രഹിച്ചു. പത്രൊസിന്റെ ജിജ്ഞാസയെ കർത്താവു തൃപ്തിപ്പെടുത്തുന്നില്ല. ഒരുവൻ ജീവിക്കുന്നതും മരിക്കുന്നതും തിരുഹിതത്തിൽ പെട്ട കാര്യമാണ്. കർത്താവു നമ്മെ ഏല്പിച്ചിരിക്കുന്ന കർത്തവ്യങ്ങളിൽ നാം ബദ്ധശ്രദ്ധരായിരിക്കണം എന്നവൻ ആഗ്രഹിക്കുന്നു.

യേശു ചെയ്ത അടയാളങ്ങളിൽ ചിലതു മാത്രം തിരഞ്ഞെടുത്ത് എഴുതിയ ഈ സുവിശേഷത്തിൽ ക്രിസ്തുവിന്റെ ദൈവത്വമാണ് പ്രതിപാദ്യ വിഷയം. കർത്താവിന്റെ മഹത്വം, കൃപ, ശക്തി, അധികാരം, ജീവൻ ആദിയായ വിഷയങ്ങൾ ഇവിടെ ഊന്നി പ്രസ്താവിച്ചിരിക്കുന്നു. ക്രിസ്തു ചെയ്ത പ്രവൃത്തികൾ ഓരോന്നായി എഴുതുക അസാദ്ധ്യമാണ്. കർത്താവിനെ മഹത്വസമ്പൂർണ്ണനായി കണ്ടു രക്ഷിക്കപ്പെടുവാനും സമൃദ്ധിയായ ആത്മീയ ജീവിതം നയിക്കുവാനും നമുക്ക് ഇടയാകട്ടെ.

***